Phone No. 2972

39

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.

വാല്യം 5 | മേയ് 1953 | ലക്കം 5




## വിഷയവിവരം

| | പുറം. |
|---|---|
| 1. പത്രാധിപവീഥി | |
| വർക്കിംഗ് ജേർണലിസ്റ്റ്സ് അസോസിയേഷൻ | 1 |
| ബാലകലാപ്രദർശനം — — | 2 |
| ഒരു ദുഷ്പ്രചരണം — — | 3 |
| 2. ഉണ്ണുനീലിയെ തിരക്കി കടുത്തുരുത്തിയിലേക്ക് | 5 |
| ശൂരനാട്ട് കുഞ്ഞൻപിള്ള എം. ഏ. | |
| 3. കമ്മ്യൂണിറ്റി എന്നാൽ എന്ത്? — | 16 |
| എം. എം. ജോൺ ബി. ഏ. എം. എസ്സി. | |
| 4. മലയാളനാടകങ്ങളുടെ ആദ്യഘട്ടം — | 20 |
| പി. കെ. പരമേശ്വരൻനായർ ബി. ഏ. | |
| 5. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം — | 24 |
| എൻ. കെ. കൈമൾ എം. ഏ. | |
| 6. ഒരു ഗവർണരും ഞാനും — — | 27 |
| കെ. രാഘവൻപിള്ള എം. ഏ. പിഎച്ച്. ഡി. (ലണ്ടൻ) | |
| 7. ഗ്രന്ഥനിരൂപണം — — | 31 |
| i ശംഖനാദം—സി. കെ. നാരായണക്കുറുപ്പ് എം. ഏ. | |
| ii ഐതിഹ്യകഥാവലി—ബി. പത്മനാഭപിള്ള എം. ഏ. | |
| iii കുമാരി സഫിയാ } എൻ. കൃഷ്ണകൈമൾ എം. ഏ. | |
| iv ക്രമുകരം } | |
| v വള്ളത്തോളും അഭിജ്ഞാനശാകുന്തളവും | |
| എൻ. കുഞ്ഞുകൃഷ്ണപിള്ള എം. ഏ. | |
| 8. ഗ്രന്ഥശാലാസംഘം ഭരണസമിതിയോഗം | 39 |
| 9. ഗ്രന്ഥശാലാവാർത്തകൾ | 41 |
| 10. പരസ്യങ്ങൾ—കവർ 2, 3; | 40 |

വരിസംഖ്യ
വാർഷികവരി മുൻകൂർ രൂ. 6.
ഒറ്റപ്രതി അണ 8.

## തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എം. ഏ., ബി. എൽ.

വൈസ് പ്രസിഡൻറ്: 1. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.
ടി 2. ശ്രീ. ഏ. അച്ചുതൻ ബി. ഏ. ബി. എൽ., എം. എൽ. ഏ.

ശ്രീ. പി. എൻ. പണിക്കർ
(ജനറൽ സെക്രട്ടറി)

,, എം. എം. ജാൺ
ബി. ഏ; എം. എസ്സ്സി. (ട്രഷറർ)

,, സി. ശങ്കർ എം. എൽ. ഏ.

,, കെ ചന്ദ്രശേഖരൻനായർ
(പ്ര: സ: അംഗം)

,, വേളി. കെ. കൃഷ്ണൻനായർ ബി. ഏ.

,, ഡി. കൃഷ്ണൻപോററി ബി. ഏ.

,, കെ. ജനാർദ്ദനക്കുറുപ്പ്

,, സി. കെ. മാണി ബി. ഏ., ബി. എൽ.

,, എൻ. പി. വർഗ്ഗീസ് ബി. ഏ.,
ബി. എൽ., എം. എൽ. ഏ.
(പ്ര: സ: അംഗം)

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി.
(ജോയിൻറ് സെക്രട്ടറി)

,, വെട്ടൂർ രാമൻനായർ (പ്ര: സ: അംഗം)

,, സി. ഈ. സൈമൺ ബി. ഏ.

,, പി. വി. കൃഷ്ണൻനായർ എം. ഏ.

,, വി ആർ. കൃഷ്ണനെഴുത്തച്ഛൻ
ബി. ഏ. ബി. എൽ., എം. എൽ. ഏ.

,, ഡാ: പി. കെ. നാരായണപിള്ള
എം. ഏ. പി. എച്ച്ഡി.

,, പ്രൊഫ: ജോസഫ് മുണ്ടശ്ശേരി എം. ഏ.

,, കെ. ആർ. വാസുദേവൻ നമ്പൂതിരിപ്പാട്
ബി. ഏ.



## കുമരകം ബ്രദേഴ്സ് ആര്യവൈദ്യശാല

### മെയിൻറോഡ്, തിരുവനന്തപുരം

---

### സപ്താമൃതരസായനം

അസ്ഥിസ്രാവം, പൂയമേഹം (GONORRHOEA) ശ്വേതപ്രദരം (LEUCORRHOEA) മുതലായ ഗുഹ്യരോഗങ്ങൾ നിമിത്തം കഷ്ടത അനുഭവിക്കുന്ന സ്ത്രീപുരുഷന്മാർക്ക് ഞങ്ങളുടെ "സപ്താമൃതരസായനം" അത്ഭുതഫലത്തെ ചെയ്യുന്നതാണ്.

N. B. വിശിഷ്ടഫലപ്രദങ്ങളായ ദശമൂലാരിഷ്ടം, കസ്തൂര്യാദി ഗുളിക, ക്ഷീരബല (ആവർത്തിച്ചത്) ച്യവനപ്രാശം തുടങ്ങിയ ആയുർവ്വേദഔഷധങ്ങളും ഇവിടെ കിട്ടുന്നതാണ്.

*MANAGER*

**KUMARAKOM BROS., ARYA VAIDYASALA TRIVANDRUM**

# ഗ്രന്ഥാലോകം

മാനേജിംഗ് എഡിററർ : പി. ശ്രീധരൻപിള്ള.

| വാല്യം 5 | മേയ് 1953 | ലക്കം 5 |
|---|---|---|

# പത്രാധിപവീഥി

## 1. വർക്കിംഗ് ജേർണലിസ്റ്റ്സ് ഫെഡറേഷൻ

ഈ ഫെഡറേഷൻെറ ദ്വിതീയവാർഷിക സമ്മേളനം മേ-29-ം, 30-ം, 31-ം തീയതികളിൽ തിരുവനന്തപുരത്തു വച്ചു നടന്നു. അഖിലേന്ത്യാ പ്രശസ്തിയുള്ള ഒരു പത്രലേഖകനായ ശ്രീ. എം. ചലപതിറാവു എം. എ. എൽ. എൽ. ബി;യുടെ അദ്ധ്യക്ഷതയിലാണു് അവർ സമ്മേളിച്ചതു്. ഇന്ത്യാഗവൺമെൻറു് അടുത്തകാലത്തു നിയമിച്ച പ്രസ് കമ്മിഷനിലെ ഒരു പ്രമുഖാംഗമായ ശ്രീ. റാവുവിൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ ശ്രദ്ധേയമായി പലതു മുണ്ടായിരുന്നു. തിരുവിതാംകൂർ-കൊച്ചി രാജപ്രമുഖനാണു സമ്മേളനം ഉദ്ഘാടനം ചെയ്തതു്. ജനാധിപത്യത്തിൻെറ ശൈശവദശയിൽ പത്രങ്ങൾക്കുള്ള ചുമതലയും അവയ്ക്കു് ജനതാമദ്ധ്യത്തിലുള്ള സ്വാധീനശക്തിയും ഗുരുതരമായിരിക്കുമെന്നും, തന്മൂലം പൊതുജനാഭിപ്രായം രൂപവൽക്കരിക്കുകയും തദ്വാരാ ഭരണനയങ്ങളെ നിയന്ത്രിക്കയും അവയ്ക്കു രൂപംകൊടുക്കയും ചെയ്വാൻ പത്രങ്ങൾക്കുള്ള കഴിവ് അപരിമിതമാണെന്നും ആ അവസരത്തിൽ അദ്ദേഹം സംഗതമായിത്തന്നെ ചൂണ്ടിക്കാണിച്ചു. തിരു-കൊച്ചിയിലെ പത്രങ്ങൾ വിശേഷിച്ചും, ഭാഷാസാഹിത്യത്തിനും, വിജ്ഞാന വിതരണത്തിനും ചെയ്തിട്ടുള്ള യത്നങ്ങളെപ്പററിയും അദ്ദേഹം ഊന്നിപ്പറഞ്ഞു. ചുരുക്കത്തിൽ, രാജ്യത്തിൻെറയും ജനങ്ങളുടെയും ഭാവിഭാഗധേയങ്ങളുടെ നിയാമകത്വം പത്രപ്രവത്തകരിലാണു് നിലകൊള്ളുന്നതു് എന്ന സുസമ്മതമായ സിദ്ധാന്തത്തെ അദ്ദേഹം ഒന്നുകൂടി സ്പഷ്ടമാക്കി.

ശ്രീ. ചലപതിറാവുവിൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ 'ജനസംഖ്യാ പെരുപ്പം, പത്രങ്ങളുടെ പെരുപ്പം, വക്കിംഗ് ജേർണലിസ്ററുകളുടെ പെരുപ്പം ഇവ ഈ സ്റ്റേററിൻെറ പ്രത്യേകതകളായി പരാമർശിക്കപ്പെട്ടു എന്നാൽ. അതുപോലെ തന്നെയുള്ള ഒരു പ്രത്യേകതയായി പരിഗണിക്കാം ഇവിടത്തെ പത്രലേഖകന്മാരുടെ വരുമാനത്തിൻെറ കൃശത്വവും. ലോകത്തിൽ മററവിടെയെങ്കിലും, ചെയ്യുന്ന ജോലിക്കും ചെലവാക്കുന്ന സമയത്തിനും ഇത്ര കുറഞ്ഞ നിരക്കിൽമാത്രം വേതനം ലഭിക്കുന്ന മറെറാരു തൊഴിൽ നിലവിലുള്ളതായി കരുതുവാൻ സാദ്ധ്യമല്ല. 'ജനസംഖ്യ വായനക്കാരുടെ എണ്ണം എന്നിതുകൾക്കു താങ്ങാനാകാത്തവിധത്തിൽ ഇവിടെ പത്രങ്ങളുടെ സംഖ്യ അത്ര അധികം വദ്ധിച്ചിട്ടുണ്ടെന്നും, ഈ അമിതമായ പെരുപ്പം അതിൻെറ കൂടെ ചില ദൂഷ്യങ്ങളെയും വളത്തിക്കൊണ്ടു വന്നിട്ടുണ്ടെന്നും' ഒരു പ്രസ്താവമുണ്ടെന്നും ആയതു് എത്രത്തോളം ശരിയാണെന്നു തനിക്കു നിശ്ചയമില്ലെന്നും ശ്രീ. റാവു പറയുന്നു. തീച്ചയായും ചില ദൂഷ്യങ്ങൾ ഉണ്ടു്. എന്നാലവ പത്രങ്ങളുടെ പെരുപ്പം കൊണ്ടുണ്ടായതല്ല; അതിൽ പ്രവത്തിക്കുന്നവരുടെ സാമ്പത്തികമായ അവശതകളും, തൊഴിൽ

ഭദ്രതയുടെ അഭാവവും മുഖാന്തരം കടന്നു കൂടീട്ടുള്ളവയാണു്. ഇതു് പത്രപ്രവർത്തനവുമായി സമ്പർക്കം പുലർത്തുന്ന ഏവർക്കും വളരെ വിശദമായ ഒരു കാര്യമാണുതാനും.

പ്രസ്തുതങ്ങളായ ദൂഷ്യവശങ്ങളെ സമൂലം പരിഹരിച്ചു് മലയാള പത്രപ്രവർത്തനത്തെ കൂടുതലായ ശുദ്ധതയിലേക്കും, അഭിമാന്യതയിലേക്കും അഭിവൃദ്ധിയിലേക്കും നയിക്കേണ്ടതു് അഖിലേന്ത്യാ വർക്കിങ്ങ് ജേർണലിസ്റ്റ്സ് ഫെഡറേഷന്റെയും അതിന്റെ ഒരു അംഗമായ തിരു-കൊച്ചി വ-ജെ-അസോസിയേഷന്റെയും സത്വര കർത്തവ്യമാകുന്നു. ഈഘട്ടത്തിൽ ഇന്ത്യൻ പത്രങ്ങളുടെ യാഥാസ്ഥിതിക മനസ്ഥിതിയെ, അഥവാ ആംഗ്ലേയ രീതിയിലോട്ടുള്ള ചായ്വിനെപ്പററി ശ്രീ. റാവു പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ നമ്മുടെ പ്രത്യേകമായ ശ്രദ്ധയ്ക്കു് വിഷയമാകേണ്ടതാണു്. നമ്മുടെ ഈ വ്യവസായം മറേറതു തൊഴിലിനെയും പോലെതന്നെ സുശക്തവും സംഘടിതവുമായ ഒന്നായി, ഇൻഡ്യൻ ജനതയ്ക്കുപകാരവും അന്തസ്സും ഉളവാകാൻ പ്രാപ്തമാക്കിത്തീർക്കണമെങ്കിൽ ഇൻഡ്യൻ പത്രങ്ങൾ അവയുടെ ബ്രിട്ടീഷ് മാതൃകയിലുള്ള ഇടുങ്ങിയ തോതുകൾ പാടേ ഉപേക്ഷിച്ചു്, അയവുള്ളതും കാര്യക്ഷമവുമായ അമേരിക്കൻ മാതൃകകൾ സ്വീകരിച്ചു് വ്യവസായപരമായ ഒരധിഷ്ഠാനത്തിൽ പ്രവർത്തനം നടത്തേണ്ട ആവശ്യത്തെപ്പററി എത്രമാത്രം ശക്തിയേറിയ ഭാഷയിൽ പറഞ്ഞാലും അതൊട്ടും അധികമായിപ്പോകുന്നതല്ല. ഒരു ട്രേഡ് യൂണിയൻ അടിസ്ഥാനത്തിൽ സംഘടിച്ചിരിക്കുന്നതും ഇപ്പോൾത്തന്നെ ഇൻഡ്യയൊട്ടാകെ 17 സ്റ്റേററ് അസോസിയേഷൻസ് അംഗങ്ങളായുള്ളതും, രണ്ടു് അഫിലിയേററഡ് അംഗങ്ങളും സഹകരിക്കുന്ന മററു രണ്ടെണ്ണവുമുൾപ്പടെ മൊത്തം 21 സംഘടനകളെ പ്രതിനിധാനം ചെയ്യുന്നതുമായ ഫെഡറേഷൻ ഇൻഡ്യയിലെ പത്രപ്രവർത്തകരെ ഒന്നിച്ചു ചേർക്കുന്നതിലും, അവരുടെ സാമ്പത്തിക നില ഭദ്രമാക്കുന്നതിലും, അവരുടെ തൊഴിൽപരമായ അവകാശങ്ങളും അഭിമാനവും പരിരക്ഷിക്കുന്നതിലും, പൊതുവേ പത്രപ്രവർത്തനത്തിന്റെ മാനദണ്ഡം ഉയർത്തുന്നതിലും വളരെയൊക്കെ പ്രവർത്തിച്ചു വിജയവും വിഖ്യാതിയും കൈവരിക്കുമെന്നു നമുക്കു് ന്യായമായി പ്രതീക്ഷിക്കാം.

## 2. ബാലകലാപ്രദർശനം

ന്യൂഡെൽഹിയിലെ ഒരു വിനോദവാരികയാണു് ശങ്കേഴ്സ് വീക്ക്ലി. കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി ഈ വാരിക അഖിലലോക ശിശുകലാമത്സരം നടത്തുന്നുണ്ടു്. ലോകത്തെങ്ങുമുള്ള 16 വയസ്സിനു താഴെയുള്ള കുട്ടികൾ ഈ മത്സരത്തിൽ പങ്കുകൊള്ളുന്നു. അവരിൽ സമ്മാനാർഹരായവർക്കു് ആണ്ടുതോറും സമ്മാനങ്ങളും നല്കപ്പെട്ടുവരുന്നു. ഈ സമ്മാനങ്ങൾ മുഴുവനും ശങ്കേഴ്സ് വീക്ക്ലി നടത്തിപ്പുകാരുടെ വകയല്ല. പ്രസിഡൻറു രാജേന്ദ്രപ്രസാദ്, ശ്രീ. എസ്. രാധാകൃഷ്ണൻ പണ്ഡിത ജവഹർലാൽ നെഹ്രു മുതലായ പ്രമുഖന്മാർ കുട്ടികൾക്കു സമ്മാനം കൊടുക്കാൻ ആണ്ടുതോറും ഓരോ തുകകൾ ചിലവിടുന്നു. കഴിഞ്ഞകൊല്ലം ഏതാണ്ടീസമയത്തു്, ശങ്കേഴ്സ് വീക്ക്ലിയിലെ ഈ മത്സരത്തിൽ സമ്മാനാർഹങ്ങളായവയും അല്ലാതെയുമുള്ള അഞ്ഞൂറിൽപരം ചിത്രങ്ങൾ, ടി വീക്ക്ലി മാനേജിംഗ് എഡിററർ ശ്രീ. കെ. ശങ്കരപ്പിള്ളയുടെ നേതൃത്വത്തിൽ തൈക്കാട്ട് സ്വാതിതിരുനാൾ മ്യൂസിക് അക്കാഡമിയിൽ കുറേദിവസം പ്രദർശിപ്പിക്കപ്പെട്ടു. അന്നു് അതിന്റെ ഉദ്ഘാടനം നിവഹിച്ചതു് തിരു-കൊച്ചി രാജപ്രമുഖനായിരുന്നു.

ഈ വിവരങ്ങൾ ഒന്നും അറിയാത്ത ആളല്ല തിരു-കൊച്ചി വിദ്യാഭ്യാസ ഡയറക്ററർ. എങ്കിലും, ഏതാനുംമാസം മുമ്പു് തിരു-കൊച്ചിയിലെ സ്കൂളുകളിൽ പ്രദശനത്തിനായി ശ്രീ ശങ്കർ അയച്ച 120 ചിത്രങ്ങൾ, ഡിപ്പാർട്ടുമെൻറു നടപടികളുടെ സാവധാനതയുടെ ഫലമായി എങ്ങും പ്രദർശിപ്പിക്കപ്പെട്ടില്ല. ഊഴം അനുസരിച്ചു് ഈ ഒഴിവുകാലത്തും ശ്രീ ശങ്കർ പടങ്ങളുമായി തലസ്ഥാനത്തെത്തും എന്നുള്ള സംഗതിയും ഡയറക്ററർ വിസ്മരിച്ചു. എന്തിനു്, ഈ ഒരു നടപടി നിമിത്തം ഒന്നുംപിഴയ്ക്കാത്ത വിദ്യാഭ്യാസ മന്ത്രിയുടെ കലാബോധത്തെപ്പോലും ആ ഹാസ്യകാലകാരൻ ചോദ്യം ചെയ്യാനുമിടയായി. ചായപ്പ്രാ

ത്തിലുണ്ടായ ഈ കോളിളക്കത്തെ ഡയറക്ടറർക്കു നിശ്ചയമായും ദൂരീകരിക്കാമായിരുന്നു, അദ്ദേഹം യഥാവസരം വേണ്ട നടപടികളെടുത്തിരുന്നു എങ്കിൽ. തിരു-കൊച്ചി വിദ്യാർത്ഥികൾക്കു് അനുകരണാർഹമായ മാതൃകാ കലാ സമ്പത്തുകളാണു് ഈ ചിത്രങ്ങൾ എന്നിവിടെ വിവക്ഷയില്ല. എന്നാലും, അവയുടെ സമ്പാദകനായ ശ്രീ, ശങ്കർ, നമുക്കു് ഏതുകൊണ്ടും സമാദരണീയനാണു് എന്ന കാര്യം ഓർക്കേണ്ടതുണ്ടല്ലോ.

ഇത്തവണത്തെ, അതായതു് തിരുവനന്തപുരത്തു രണ്ടാമത്തെ, ശങ്കേഴ്സ് വീക്ക്ലി ബാല ചിത്രകലാ പ്രദർശനം മേ 29-ാംനു- തൈക്കാട്ടു വിമൻസ് കോളേജ്ഹാളിൽ അസംബ്ളിസ്പീക്കർ ശ്രീ. കെ. പി നീലകണ്ഠപ്പിള്ള ഉദ്ഘാടനം ചെയ്തു. മുന്നാണ്ടിലേപ്പോലെ ശ്രീ. ശങ്കറിന്റെ സാന്നിദ്ധ്യം ഈ പ്രദര്ശനത്തിനും ഉശിരും ഊർജ്ജിതവും കൊടുത്തു. അതു സംബന്ധിച്ചുള്ള ഒരു പത്രറിപ്പോർട്ടിൽ ഇങ്ങനെ കാണുന്നു "മുഖ്യമന്ത്രിയും സഹമന്ത്രിമാരും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുമുൾപ്പെട്ട ഒരു വലിയ സദസ്സു് ഉൽഘാടനച്ചടങ്ങിൽ പങ്കുകൊണ്ടിരുന്നു. വിദ്യാഭ്യാസ ഡയറക്ടറർ ശ്രീ. സുന്ദരരാജനായിഡു ഗവണ്മെന്റിനുവേണ്ടി സ്വാഗതപ്രസംഗം ചെയ്തു. തിരുവനന്തപുരത്തുനിന്നും ചിത്രം വരച്ച ശിശുക്കൾക്കുള്ള സമ്മാനദാനം ചീഫ്മിനിസ്റ്റർ നിർവഹിച്ചു."

ഈ വിധ ചടങ്ങുകൾ മുഖാന്തരം നമ്മുടെ വിദ്യാഭ്യാസമന്ത്രിയും വിദ്യാഭ്യാസ ഡയറക്ടറും അവരുടെ കലാബോധം വീണ്ടെടുത്തതായി കരുതേണ്ടിയിരിക്കുന്നു. അതിൽ നാട്ടുകാരായ നമുക്കെല്ലാം ആഹ്ളാദിക്കാവുന്നതുമാണു്. എന്തെന്നാൽ, പിഞ്ചുപൈതങ്ങൾ വരച്ച ഈ ചിത്രങ്ങളോരോന്നുംതന്നെ അവരുടെ അഗാധമായ കലാബോധത്തിന്റെയും അസന്നിഗ്ദ്ധമായ മാനസികവ്യാപാരങ്ങളുടെയും മുന്നോടികളാണെന്നാണു് ശ്രീ. ശങ്കർ അവകാശപ്പെടുന്നതു്. ഇന്നതു കല, ഇന്നതു കലയല്ല എന്നു ജനസാമാന്യത്തെ പറഞ്ഞു ബോദ്ധ്യപ്പെടുത്താനുള്ള മഹിമയും ഔന്നത്യവും അദ്ദേഹം ഇതിനകം സമാർജ്ജിച്ചു കഴിഞ്ഞിട്ടുമുണ്ടു്. ആകയാൽ, കാര്യങ്ങൾ ഇപ്പ്രകാരം ഭംഗിയിൽ കലാശിപ്പിച്ചതിലും, പ്രസ്തുത പ്രദര്ശനം തിരുവനന്തപുരത്തു് പത്തുദിവസം നിർബാധം തുടരുന്നതിലും, എല്ലാ കലാപ്രേമികളും ശ്രീ. ശങ്കരേയും, തിരു-കൊച്ചി ഗവണ്മെന്റിനേയും പ്രത്യേകമായി അഭിനന്ദിക്കാതിരിക്കയില്ല.

## 3. ഒരു ദുഷ്പ്രചരണം

കഥയും കഴമ്പുമില്ലാത്ത വൃഥാ പ്രക്ഷോഭണങ്ങൾക്കു് അരികുനിൽക്കാൻ മുതിരുന്ന സാഹസികരായ ചില വ്യക്തികൾ ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ നേർക്കു് കുപ്രചാരണങ്ങളും ദൂരാരോപണങ്ങളും അഴിച്ചുവിടുകയെന്നതു് ഈ സംഘടന ഊർജ്ജിതപ്പെട്ടതോടൊപ്പംതന്നെ ഇടയ്ക്കിടയ്ക്കു കണ്ടുവരാറുള്ള ഒരു സംപ്രദായമാണു്. എന്നാൽ നാട്ടിൽ നിലയും വിലയുമുള്ള പത്രങ്ങളും മററു ആനുകാലിക പ്രസിദ്ധീകരണങ്ങളും തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ ഇമ്മാതിരി ഘട്ടങ്ങളിലുള്ള വിശദീകരണങ്ങളെ അനുഭാവപൂർവം പ്രസിദ്ധീകരിച്ചു് ഈ പ്രസ്ഥാനത്തെ യഥാമതി പ്രോൽസാഹിപ്പിക്കുകയാണു് ഇതേവരെ ചെയ്തിട്ടുള്ളതു്. അപൂർവം ചില വ്യത്യസ്തങ്ങളും ഇല്ലെന്നു പറഞ്ഞുകൂടാ. അതെങ്ങനെയായാലും, തിരു-കൊച്ചി ഗ്ര: ശാ: സംഘത്തിനെതിരായുള്ള ദുഷ്പ്രചരണങ്ങളുടെ ഗതി ഏതെല്ലാം രൂപം കൊള്ളുന്നു എന്നുള്ളതിനു് സ്പഷ്ടമായ ഒരുദാഹരണം താഴെ ചേർക്കുന്ന എഴുത്തുകുത്തുകളിൽ അടങ്ങിയിരിക്കുന്നു. ഇമ്മാതിരി അടിസ്ഥാനരഹിതങ്ങളും നിരുത്തരവാദപരങ്ങളുമായ പ്രസ്താവങ്ങൾ മുഖേന, ഞങ്ങളുടെ അംഗഗ്രന്ഥശാലകളോ പൊതുജനങ്ങളോ വഞ്ചിതരാകാൻ പാടില്ല എന്ന ഉദ്ദേശത്തെ മുൻനിറുത്തി മാത്രം ഇതു പ്രസിദ്ധംചെയ്യുന്നതാണു്.

തിരുവല്ല, ഏപ്രിൽ 16—

എല്ലാ വായനശാലകൾക്കും മാർച്ച് 31-നകം ഗവർമ്മെൻറു് ഗ്രാൻറു് നൽകുന്നതാണെന്നു് അസന്നിഗ്ദ്ധമായി പ്രസ്താവിച്ചിരുന്നുവെങ്കിലും കേവലം രണ്ടു പത്രം വച്ചുമാത്രം നടത്തി ഗവർമ്മെൻറു പണം ധൂർത്തടിക്കുന്ന ഒരു വായനശാലയ്ക്കു് 225 രൂപാ നൽകുകയും

ഏററവും പൊതുജന ഹിതാനുസരണംനടത്തുന്ന തിരുമൂലപുരം ഗാന്ധിമെമ്മോറിയൽ വായനശാലയ്ക്കു ഒരു പൈസാപോലും നൽകാതിരിക്കുകയും ചെയ്തതിൻെറ ഔചിത്യം ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. (ദീപിക)

24-4-53.

സർ,

ഏപ്രിൽ 16-ാംതിയതിയിലെ ദീപിക പത്രത്തിൽ തിരുവല്ലാ വാർത്തയിൽ "കേവലം രണ്ടു പത്രം വച്ചുമാത്രം നടത്തി ഗവർമ്മെൻറ് പണം ധൂർത്തടിക്കുന്ന ഒരു വായനശാലയ്ക്കു 225 രൂപയും ഏററവും പൊതുജനഹിതാനുസരണം നടത്തുന്ന തിരുമൂലപുരം ഗാന്ധി മെമ്മോറിയൽ വായനശാലയ്ക്കു ഒരു പൈസാ പോലും നൽകാതിരിക്കുകയും ചെയ്തതിൻെറ ഔചിത്യം ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു" വെന്നു കാണുന്നു. രണ്ടു പത്രംവച്ചു നടത്തുന്ന ഏതു വായനശാലയ്ക്കാണ് 225 രൂപാ ഗ്രാൻറു നൽകീട്ടുള്ളതു്? അനർഹമായി ഏതു ഗ്രന്ഥശാലയ്ക്കു് ഗ്രാൻറ് നൽകി എന്നു് നിങ്ങൾക്കു് നിർദ്ദേശിക്കാമോ?............

ഗ്രാൻറ് ബില്ല് മാറാൻ സാധിക്കാത്തതുകൊണ്ടു് ഗ്രാൻറു കിട്ടിയില്ലെന്നോ അനുവദിച്ചില്ലെന്നോ വ്യാഖ്യാനിക്കാമോ.? ബില്ല് അനുവദിക്കുകയും എന്നാൽ യഥാകാലം മാറാതിരിക്കയും ചെയ്തിട്ടുള്ള ഗ്രന്ഥശാലകളുടെ ഗ്രാൻറു നഷ്ടപ്പെടാതിരിക്കാൻ സംഘം വേണ്ടതു ചെയ്തിരിക്കയാണു്.

ദീപികയിലും മററുചില പത്രങ്ങളിലും ഈ വാർത്ത കാണുകയുണ്ടായി. ഇതു നിങ്ങളുടെ അറിവുകൂടാതെയാണു് സംഭവിച്ചതെങ്കിൽ നിങ്ങൾ അതിനെ നിഷേധിക്കുമെന്നു് ഞങ്ങൾ പ്രതീക്ഷിച്ചു. അതു കാണാത്തതുകൊണ്ടു് ഈ കുറിപ്പു നിങ്ങളുടെ അറിവോടുകൂടി പ്രസിദ്ധപ്പെടുത്തിയതായിരിക്കുമെന്നു ഞങ്ങൾ അനുമാനിക്കുന്നു.

തിരുമൂലപുരം ഗാന്ധിമെമ്മോറിയൽ ലൈബ്രറിക്കു്.

വിധേയൻ, ജനറൽ സെക്രട്ടറി.

തിരുവല്ല, 28-4-53.

തിരുമൂലപുരം മഹാത്മാഗാന്ധി മെമ്മോറിയൽ റീഡിംഗ് റൂം

തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാ സംഘം ജനറൽ സെക്രട്ടറി അവർകൾക്കു്.

സർ,

24-4-53-ലെ 436-ാം നമ്പർ ലററർ കിട്ടി. ടി ലററിൽ പറയുന്ന പ്രകാരം യാതൊരു റിപ്പോർട്ടുകളും ഞങ്ങൾ പേപ്പറുകൾക്കു കൊടുത്തിട്ടില്ല. 1953 ഏപ്രിൽ 18-ാംതീയതിയിലെ ദീപികയിൽ ടി റിപ്പോർട്ടു കാണുന്നതിനിടയായി. 20-ാംതീയതി ടി റിപ്പോർട്ടിനെ പ്രതിഷേധിച്ചു ടി പത്രാധിപരുടെ പേർക്കു് ലററർ അയച്ചിട്ടുണ്ടു്. ഞങ്ങൾ ദീപിക പത്രാധിപരുടെ പേർക്കു് അയച്ച ലെററിൻെറ കോപ്പി ചുവടെ ചേർക്കുന്നു. അതു പേപ്പറിൽ ചേർക്കാതിരുന്നതെന്താണെന്നു മനസ്സിലാകുന്നില്ല. ഞങ്ങൾ പത്രക്കാരെ അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം ദീപിക ആഫീസിൽനിന്നും ഗ്രഹിക്കാവുന്നതാണു്. ഞങ്ങൾ ഏതൊരു സ്ഥാപനത്തേയും അധികാരികളേയും അപവദിക്കുകയോ വിമർശിക്കയോ ചെയ്യാറില്ല. പത്രറിപ്പോർട്ടിൽ പറയുന്ന 2 പേപ്പർ മാത്രമുള്ള വായനശാല ഏതാണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. ഇത്രയുംകൊണ്ടു് ഞങ്ങളെക്കുറിച്ചുള്ള തെററിദ്ധാരണ നീങ്ങുമെന്നു വിശ്വസിക്കുന്നു.

ററി. വി. ചാക്കോ
സെക്രട്ടറി (ഒപ്പ്)
തിരുവല്ലാ, 20-4-53.

ദീപിക പത്രാധിപർ അവർകൾക്കു്

സർ,

1953 ഏപ്രിൽ 18-ാംതീയതിയിലെ ദീപികയുടെ നാലാംപേജിൽ അവസാനകോളം അവസാനഭാഗത്തു് തിരുവല്ലാ വാർത്തയിൽ പറയുന്ന തിരുമൂലപുരം മഹാത്മാഗാന്ധി സ്മാരകവായനശാലയ്ക്കു് ഒരു പൈസപോലും നൽകാതിരിക്കുന്നു എന്ന റിപ്പോർട്ടു് ശരിയല്ല. ഞങ്ങളുടെ വായനശാലയ്ക്കു് 1952-53-ലേയ്ക്കു് 175 രൂപാ അനു

(ശേഷം 43-ാം പേജിൽ)

# ഉണ്ണുനീലിയെ തിരക്കി കടുത്തുരുത്തിയിലേക്ക്

(ശൂരനാട്ടു കുഞ്ഞൻപിള്ള എം. ഏ.)

[മലയാള പദ്യകൃതികളിൽ അതിപ്രമുഖവും പ്രൗഢവുമായ ഒന്നാണ് ഉണ്ണുനീലി സന്ദേശം. അതിലെ സന്ദേശഹരനായ ആദിത്യവർമ്മ തിരുവനന്തപുരത്തുനിന്ന് കടുത്തുരുത്തിയിലേക്കുള്ള യാത്രയിൽ സന്ദർശിക്കുന്ന സ്ഥലങ്ങളെയും സ്ഥാപനങ്ങളെയും വിവേചിക്കുവാനുള്ള ഒരു ശ്രമമാണ് പണ്ഡിതനായ ലേഖകൻ പ്രകൃതത്തിൽ ചെയ്തിരിക്കുന്നത്. മദ്ധ്യകാലകേരളചരിത്രത്തിന്റെയും സമുദായവ്യവസ്ഥിതിയുടെയും പഠിതാക്കൾക്ക് ഈ ശ്രമം പ്രത്യേകം അഭിരുചിയുള്ളതാവാൻ ഇടയുണ്ട്.]

പത്രാധിപർ

ഏതാണ്ട് അറുനൂറോളം വർഷങ്ങൾക്കു മുമ്പ് കടുത്തുരുത്തി വലിയ ഒരു പട്ടണമായിരുന്നു. വടക്കുംകൂർ രാജാക്കന്മാരുടെ ആസ്ഥാനം. അന്ന് അവിടെ ഭൂമിക്ക് സുധാദീപിക എന്നവണ്ണം ഉണ്ണുനീലി എന്ന് ഒരു മനോഹരി കുടികൊണ്ടിരുന്നു. 'മണികണ്ഠ'നെന്ന വെൺപലമഹീപാലന്റെ 'പൂണാരമായി' ആ സുന്ദരിയെ പ്രകീർത്തിച്ചിരിക്കുന്നു. ആ ഉണ്ണുനീലിയുടെ ഭർത്താവിനെ ഒരു രാത്രി ഒരു യക്ഷി എടുത്തുകൊണ്ട് ആകാശദേശത്തൂടെ ദക്ഷിണദിക്കിലേക്ക് പ്രയാണംചെയ്തു. അക്കാലത്ത് യക്ഷസുന്ദരിമാർ നമ്മുടെ നാട്ടിൽ ഇത്തരം വിനോദവിദ്യകളിൽ ഉൾപ്പെട്ടു കഴിച്ചിരുന്നു! യക്ഷിയുടെ പിടിയിൽപ്പെട്ട ഉണ്ണുനീലീ കാമുകൻ തിരുവനന്തപുരത്തു വന്നപ്പോൾ നേരം പ്രഭാതത്തോട് അടുത്തു. ഉണ്ണുനീലീകാമുകൻ ഉണർന്നു നരസിംഹമന്ത്രം ജപിച്ചു യക്ഷിയുടെ പിടിയിൽനിന്ന് രക്ഷ പ്രാപിക്കയും ചെയ്തു.

ആ കാമി ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ മുൻപിലാണ് ചെന്നുചേർന്നത്. പത്മനാഭനെ പള്ളിയുണർത്തുന്നതു കേട്ടു ദിക്കു മനസ്സിലാക്കി അദ്ദേഹം അവിടെ നിൽക്കുമ്പോൾ തൃപ്പാപ്പൂർ മൂത്തതിരുവടിയായ ആദിത്യവർമ്മ രാവിലെ അമ്പലത്തിൽ ഭജിക്കാൻ ചെന്നു. യക്ഷിയുടെ പിടിവിട്ട അവശനായ ഉണ്ണുനീലീകമിതാവിന് ആദിത്യവർമ്മയെക്കണ്ട് ആശ്വാസമുളവായി. അദ്ദേഹത്തെ തന്റെ സന്ദേശവുംകൊണ്ടു കടുത്തുരുത്തിവരെ അയയ്ക്കാൻതന്നെ അസ്തവിവേകനായ ആ കാമാതുരൻ നിശ്ചയിച്ചു. അന്നത്തെ സന്ദേശകർത്താക്കന്മാർ നിശ്ചയിച്ചു കഴിഞ്ഞാൽ പിന്നെ മേഘാദികളായ അചേതനവസ്തുക്കളും ശുകാദികളായ തിര്യക് ജന്തുക്കളും എതിർത്തു പറയാതെ അനുസരിച്ചുപോന്നു. രാജാവാണെങ്കിലും പിന്നെ സന്ദേശകൃത്യത്തിനു ക്ഷണിച്ചാൽ എങ്ങനെ ഉപേക്ഷിക്കും? ആദിത്യവർമ്മയെ സ്തുതിച്ച് ആ കാമാർത്തൻ കടുത്തുരുത്തിയിലേക്കു യാത്ര അയയ്ക്കുന്നു. അദ്ദേഹത്തിനു പോകാനുള്ള വഴിയും വ്യക്തമായി നിർദ്ദേശിച്ചുകൊടുത്തു. ആ വഴി ഏതെന്ന് അറിയണ്ടേ?

ശ്രീ പത്മനാഭനെ തൊഴുതുകൊണ്ടു തിരുവനന്തപുരത്തുനിന്നു പുറപ്പെടണം. പത്മനാഭസ്വാമിക്ഷേത്രത്തിൽ തന്നെ നരസിംഹമൂർത്തിയെയും, വേദവ്യാസനെയും, വിഷ്വക്സേനനെയും, രാമലക്ഷ്മണഹനുമാന്മാരെയും, പിന്നെ കൃഷ്ണനെയും, വന്ദിക്കണം., 'ഊയൽപ്പൂമെത്ത'യിൽ കിടക്കുന്ന ഉണ്ണികൃഷ്ണപ്രതിഷ്ഠയെ താലോലിച്ചും തഴുകിയുംനിന്ന് അധികസമയം കളയാതെ, അയ്യപ്പനെയും പ്രദക്ഷിണംചെയ്തു തിരിക്കണം. പിന്നെ തിരുവാമ്പാടി കൃഷ്ണനെയും ക്ഷേത്രപാലനെയും തൊഴുതുകൊണ്ട് പടിഞ്ഞാറേ ഗോപുരത്തൂടെ എഴുന്നള്ളത്തു പുറപ്പെടണം. അപ്പോൾ ആദിത്യവർമ്മയെ കണ്ട് അടിവന്ദനം ചെയ്യാൻ

പത്മനാഭസ്വാമിക്ഷേത്രത്തിൻ്റെ പടിഞ്ഞാറുവശത്തുള്ള വഴിയുടെ ഇടത്തുഭാഗത്തായി ഉണ്ണിയാടി എന്ന സുന്ദരി വരും. പടിഞ്ഞാറേ ഗോപുരത്തിനു വെളിക്കുവന്നു മേനാവിൽ കയറി പരിവാരങ്ങളുടെ അകമ്പടിയോടുകൂടി യാത്രയാകണം. പുന്നാപ്പൂമണംപേറിക്കൊണ്ടു പറക്കുന്ന കുളിർകാററിൻ്റെ ഉപചാരം സ്വീകരിച്ചു് ആ നടക്കാവിലൂടെ നേരേ പാൽക്കുളങ്ങര ക്ഷേത്രത്തിൽ ആണു് ചെന്നു ചേരേണ്ടതു്. (ശ്ലോ. 53) പത്മനാഭസ്വാമിക്ഷേത്രത്തിൽനിന്നു് ഏതാണ്ടു് ഒരു മൈൽ വടക്കുപടിഞ്ഞാറായിട്ടാണു് പാൽക്കുളങ്ങരക്ഷേത്രം: അവിടത്തെ പ്രതിഷ്ഠ ദേവീവിഗ്രഹമാണു്. പിന്നെ അവിടന്നു നേരേ പടിഞ്ഞാറോട്ടു പോയാൽ കടൽപ്പുറമാണു്—ശംഖുംമുഖം കടൽപ്പുറം; രസികതയുടെ കേളീരംഗമായ വെൺമണൽപ്പരപ്പു്. പാൽക്കുളങ്ങരനിന്നും നേരേ തൃപ്പാപ്പൂരേക്കാണു് പോകേണ്ടതു്. (ശ്ലോ. 57)

തൃപ്പാപ്പൂർ ക്ഷേത്രവും കൊട്ടാരവും സ്ഥിതിചെയ്യുന്നതു് തിരുവനന്തപുരത്തുനിന്നും എട്ടു മൈൽ വടക്കു പടിഞ്ഞാറാണു്. കടൽപ്പുറത്തുനിന്നും രണ്ടു മൈൽ കിഴക്കുമാറി ഇപ്പോഴത്തെ തിരുവനന്തപുരം കൊല്ലം റോഡിൽനിന്നു് ഒരു മയിൽ പടിഞ്ഞാറുവശത്തായിട്ടാണു് തൃപ്പാപ്പൂരു്. 'തൃപ്പാദപുരം' ആണു് തൃപ്പാപ്പൂരു് ആയതു് എന്നും പറഞ്ഞുവരുന്നു. വിഷ്ണുവിൻ്റെ തൃപ്പാദങ്ങൾ അവിടെ പതിഞ്ഞിട്ടുണ്ടെന്നാണു് ഐതിഹ്യം. തൃപ്പാപ്പൂർ, തിരുവനന്തപുരം, തിരുവട്ടാർ, ഇവയെ സംബന്ധിപ്പിക്കുന്നതായി ഒരു ഐതിഹ്യമുണ്ടു്. തൃപ്പാപ്പൂരേ പ്രധാന പ്രതിഷ്ഠ ശിവനാണു്. തൃപ്പാപ്പൂർ മൂപ്പു് എന്നൊരു സ്ഥാനം വേണാട്ടുരാജകുടുംബത്തിനു് അനേകം നൂററാണ്ടുകളായി ഉണ്ടു്. 'തൃപ്പാപ്പൂർമൂപ്പു്' ഏല്ലുന്ന തമ്പുരാനാണു പത്മനാഭസ്വാമിക്ഷേത്രത്തിലേ ഭരണകാര്യങ്ങൾക്കു മേൽനോട്ടം നടത്തിയിരുന്നതു്, എന്നു് തോന്നുന്നു. തൃപ്പാപ്പൂർ കൊട്ടാരം ഉണ്ടായതു് ഏതുകാലത്താണെന്നും, തൃപ്പാപ്പൂർ മൂപ്പെന്ന സ്ഥാനം എങ്ങനെ ഉണ്ടായി എന്നും വ്യക്തമായി അറിയാൻ മേലാ. ഏതാണ്ടു് അറുനൂറു വർഷത്തിനുമുൻപുതന്നെ പ്രധാന പരിഗണന അർഹിച്ച ആ സ്ഥലം സാമാന്യം പുരാതനമാണു് എന്നതിൽ സംശയത്തിനു വകയില്ല.

അവിടെ മദ്ധ്യാഹ്നപൂജ തൊഴുതിട്ടു് അമൃതേത്തും കഴിച്ചു് വിശ്രമിക്കാതെതന്നെ യാത്ര പുറപ്പെടണമെന്നാണു് നിർദ്ദേശം (ശ്ലോ. 60) പിന്നെയും കടൽത്തീരത്തോട്ടു് അടുത്താണു് വഴി തുടരുന്നതെന്നു തോന്നുന്നു. എന്തെന്നാൽ മുതലകളുള്ള ഒരു പൊഴി കടന്നു പോകണം എന്നു പറഞ്ഞിട്ടുണ്ടു്. ചിറയിൻകീഴ് താലൂക്കിൻ്റെ പടിഞ്ഞാറുള്ള ഒരു പൊഴിയാണിതു്. അഞ്ചുതെങ്ങിൽ കായലിൻ്റെ തെക്കുപടിഞ്ഞാറേ ഭാഗമാണു് മുതലപ്പൊഴി. ആ പൊഴി കടന്നിട്ടുള്ള വഴി കവിയുടെ പ്രത്യേക പ്രശംസ അർഹിച്ചതാണു്. 'നീലപ്പീലിത്തഴകൾ നിഴലാമന്നടക്കാവി'ലൂടെ പോയി പുത്തിടത്തു ചെല്ലണം (62) പുത്തിടം അന്നൊരു വലിയ അങ്ങാടിസ്ഥലമായിരുന്നു. പലഭാഷകൾ സംസാരിക്കുന്ന അനേകം പേർ—വ്യാപാരത്തിനായിരിക്കണം—അവിടെ ചെന്നിരുന്നു എന്നതിനു സൂചനയുണ്ടു്. (63–66). ഈ സ്ഥലം വക്കലയ്ക്കടുത്താണെന്നു തോന്നുന്നു. പല സ്ഥലങ്ങളുടെയും പുരാതന മഹിമ വിസ്മൃതമായതുപോലെയാണു് പുത്തിടത്തിൻ്റെ കഥയും.

പുത്തിടത്തുനിന്നു വക്കലയ്ക്കാണു് പോകേണ്ടതു് (66). വക്കല പുരാതനവും പാവനവുമായ ഒരു സ്ഥാനമാണു്. വക്കല പ്രതിഷ്ഠ ശ്രീകൃഷ്ണനാണു്. ജനാർദ്ദനം എന്ന പേരിൽ ഭാരതം മുഴുവൻ പ്രശസ്തമായ ഈ സ്ഥാനം കവിയുടെ ഭാവനയെ ഉദ്ദീപിപ്പിച്ചു. വക്കലത്തമ്പിരാനെ തൊഴുതു യാത്ര തുടരാനാണപേക്ഷ. പിന്നീട്ടു് കൊല്ലത്തുവരെയുള്ള വഴി അത്ര വ്യക്തമല്ല. ഏതാണ്ടു കടൽത്തീരത്തുനിന്നും അധികം അകലെയല്ലാതെയാണു് വഴി കിടന്നിരുന്നതെന്നു തോന്നുന്നു. ഒരു കാളീക്ഷേത്രത്തിൽ തൊഴുതു് ഒരു പുഴയും കടന്നു് കൊല്ലത്തു ചെല്ലണം എന്നാണു പറഞ്ഞിട്ടുള്ളതു് (68). ഈ കാളീക്ഷേത്രമേതെന്നും പുഴ ഏതെന്നും തെളിയുന്നില്ല. പരവൂർ അടുത്തുള്ള ഏതോ ക്ഷേത്രത്തെ ആയിരിക്കാം സൂചിപ്പിക്കുന്നതു്. പരവൂർക്കായലിൻ്റെ പടിഞ്ഞാറേ

കരസ്ഥായി 'പൊഴിക്കര'യെന്നു് പുരാതനമായ ഒരു ദേവീക്ഷേത്രമുണ്ടു്. ആ ദേവിയെയും, ഒരു വലിയ പുഴപോലെ കിടക്കുന്ന പരവൂർ കായലിനെയുമാണു് കവി സ്മരിക്കുന്നതെന്നു തോന്നുന്നു. (68).

കൃപകാധീശ്വരന്മാരുടെ കുലപുരി ആയ 'കോളംബ'പുരി (കൊല്ലം) ആണു് പിന്നെ വഴിയിലുള്ള പ്രധാനസ്ഥാനം. * (68-69). നൂററാണ്ടുകൾ കണക്കല്ല സഹസ്രാബ്ദങ്ങളായി പ്രശസ്തിയാന്ന ഒരുസ്ഥലമാണു് കൊല്ലം. വേണാടിന്റെ രാജധാനിയായും വാണിജ്യകേന്ദ്രമായും നാവികസങ്കേതമായും പെരുമ പെററ സ്ഥലം; ചീനന്മാരെയും അറബികളെയും യൂറോപ്യന്മാരെയും മാറിമാറി ആകർഷിച്ച വാണിജ്യലക്ഷ്മി അവിടെ മുടിചൂടി വാണരുളി. അനേകം ദേശസഞ്ചാരികളുടെയും കവികളുടെയും മുക്തകണ്ഠമായ പ്രശംസ സമാർജ്ജിച്ചു. 'കൊല്ലംകണ്ടാൽ ഇല്ലംവേണ്ട,' എന്നു് എല്ലാരെയും കൊണ്ടു സമ്മതിപ്പിച്ച പട്ടണമാണു് അതു്. സന്ദേശകാലത്തെ കഥയാണെങ്കിൽ അതായിരുന്നു വേണാടിന്റെ രാജധാനി. വേണാട്ടുകോനായ രവിവർമ്മമഹാരാജാവിന്റെയും അദ്ദേഹത്തിന്റെ അനുജനായ ആദിത്യവർമ്മയുടെയും ഭരണനൈപുണ്യംകൊണ്ടു് അവിടം നാളൊന്നുക്കു സമുദയവതിയായി സമുല്ലസിച്ചു. ചീനന്മാരുടെയും മററും കപ്പൽ കൊല്ലത്തു് ധാരാളമായി വ്യാപാരത്തിനു് അടുത്തിരുന്നു (70). 'കൊല്ലത്തിനു സമം കൊല്ലമേയുള്ളു' എന്നു പറയത്തക്ക പ്രകാരത്തിൽ അന്നു് അത്ര ഐശ്വര്യഭൂയിഷ്ഠമായിരുന്നു. (71). ആദിത്യവർമ്മ ചെല്ലുന്നതറിഞ്ഞു നാവികനിവഹം രത്നവും സ്വർണ്ണവും കാഴ്ചവച്ചു് കാണാൻ തിക്കിക്കൂട്ടം (79). കൊല്ലത്തെ അങ്ങാടിയുടെ വലിപ്പം മുച്ചുന്തിക്കൽ ചന്തയുടെ വർണ്ണനകൊണ്ടു മനസ്സിലാക്കാം. (79-86). അനേകം തരത്തിലുള്ള ഗൃഹോപകരണങ്ങൾ ഒരിടത്തു്-തട്ടം, കട്ടിൽ, കയറു്, വല, കയ്ക്കട്ടിൽ എന്നുതുടങ്ങിയവ. പല തരത്തിലുള്ള നെല്ലുകൾ. കോലാ, മുങ്ങൻ, ചൂരു്, കൊഴുമീൻ, കൊഞ്ചു്, പാമ്പാട, പൂമീൻ തുടങ്ങി പല പല തരത്തിലുള്ള മീനുകൾ; അനേകം തരത്തിലുള്ള അങ്ങാടിമരുന്നുകൾ. ഈ ചന്തസ്ഥലം പല ഭാഷകൾ സംസാരിക്കുന്ന ആളുകളുടെ തിക്കും തിമിർപ്പും നിറഞ്ഞതായിരുന്നു. ആദിത്യവർമ്മ കൊല്ലത്തു ചെല്ലുമ്പോൾ അദ്ദേഹത്തെ സ്വാഗതം ചെയ്യാൻ വെള്ളൂർനാണി എന്ന സുന്ദരി വഴിയിൽ വന്നു നിൽക്കും. ഈ വെള്ളൂർനാണി ആരായിരിക്കാം? രാജാവിനെ സൽക്കരിക്കത്തക്ക മഹിമയുള്ള ഏതോ ഒരു ഉൽകൃഷ്ട കുടുംബത്തിലെ നായിക ആയിരിക്കണം. രാജകുടുംബത്തോടു ബന്ധമുള്ള ഒരു സ്ത്രീ ആയിരിക്കാനാണു് സാംഗത്യം. വഴിയിൽ കാണുന്ന പെണ്ണുങ്ങളെയെല്ലാം വർണ്ണിക്കാനാണു് കവി മുതിരുന്നതെന്നു വിചാരിക്കുന്ന ഉത്താനബുദ്ധികളെ നോക്കി വെള്ളൂർനാണിയും ആദിത്യവർമ്മയും അപഹാസ മന്ദസ്മിതം പൊഴിക്കട്ടെ. കൊല്ലത്തു ചെന്നാൽ ആദ്യമായി ആദിത്യവർമ്മ വിഘ്നേശ്വരനെ വന്ദിക്കണം—'മൂരിത്തിട്ടയ്ക്കഴകു പൊഴിയിക്കുന്ന മാതംഗവക്ത്ര'നെ. മൂരിത്തിട്ടഗണപതി ഏതെന്നു മനസ്സിലാകുന്നില്ല.

വിഘ്നേശ്വരനെ വണങ്ങിയിട്ടു് 'പനങ്ങാവനത്തിൽ' ചെന്നു് ആദിത്യവർമ്മ കുലദേവതയായ കാളിയെ കൈതൊഴണം. പനങ്ങാവനം കാളിക്ഷേത്രവും ഏതെന്നു് മനസ്സിലാക്കാൻ വിഷമമായിരിക്കുന്നു. പനങ്ങാവനം പുരാതനമായ ഒരു രാജസങ്കേതമാണു്. കൊല്ലവർഷം 149-ാമാണ്ടത്തെ മാമ്പള്ളി ശാസനത്തിൽ പനങ്ങാവിൽ കൊട്ടിലിനെപ്പററി പറയുന്നുണ്ടു്. [T. A. S. Vol IV P. 1-16]. ചെങ്ങന്നൂർ ഗ്രാമപ്പരിഷ മഹാജനങ്ങൾ കൂടിയിരിക്കെ, കൊല്ലത്തു പനങ്ങാവിൽ കോവിലിലെ കൊട്ടിലിൽവച്ചു് വേണാട്ടടയ ശ്രീ വല്ലഭൻ കോത തിരുക്കലെയപുരത്തു ആതിച്ചനുമയമ്മയ്ക്കു് ഉമയമ്മ അയിരൂർ പ്രതിഷ്ഠിച്ച ഭട്ടാരകനെയും ഭട്ടാരകക്കുള്ള സ്ഥലങ്ങളെയും നീരോടെ പൂവോടെ അട്ടിപ്പേർ കൊടുക്കുന്നതാണു് അതിലെ

* കൂലേ ഭാന്തീമഥകുലപുരീം കൃപകാധീശ്വരാണാം ലക്ഷ്മീസാക്ഷാത്കൃതിസമുചിതേ പശ്യരത്നാകരസ്യ (ശുകസന്ദേശം)

വിഷയം. പനങ്കാവ് അന്ന് മഹാരാജാവിൻെറ വാസത്തിനുള്ള കൊട്ടാരമായിരുന്നിരിക്കാം; അല്ലെങ്കിൽ വേണാട്ടു രാജകുടുംബത്തിൻെറ കുലദേവതയെ പ്രതിഷ്ഠിച്ച ക്ഷേത്രമാകാനും മതി.

ഇന്നു നടപ്പിലുള്ള മലയാളവർഷം ആരംഭിച്ചതു കൊല്ലത്തുവച്ചാണല്ലോ. കൊല്ലത്തിന്ന് അതുവരെയുള്ള പ്രാധാന്യത്തിന് അതുതന്നെയാണ് മതിയായ തെളിവ്. 149—ൽ പനങ്കാവിൽ കോവിലിൽ ശ്രീവല്ലഭൻകോത എഴുന്നള്ളിയിരുന്നു രാജ്യകാര്യങ്ങൾ വഹിക്കുന്നു. പിന്നെയും മൂന്നാലു നൂറാണ്ടുകൾ കഴിഞ്ഞ് അതേ പനങ്കാവിൽ വേണാട്ടിലെ അന്നത്തേ ഇളമുറയായ ആദ്യത്യവർമ്മ എഴുന്നള്ളി മൂലതായെ (കുലദേവതയെ) ഭജിക്കുന്നു. അങ്ങനെ അനേകം നൂറാണ്ടുകളിൽ പ്രശസ്തമായിരുന്ന ആ പനങ്കാവനം കോയിൽ ഇന്ന് എവിടെ? ഞാൻ തിരക്കിയിട്ട് ഒരു തുമ്പും കിട്ടുന്നില്ല. പനങ്ങാവനത്തിൽ ഭദ്രകാളിയാണ് ആവാസം ചെയ്യുന്നത്. അതുകൊണ്ട് കാളീക്ഷേത്രം തിരഞ്ഞുപിടിച്ചുവേണം പനങ്ങാവനം ഏതെന്നു മനസ്സിലാക്കാൻ. ആ ചുമതല ഞാൻ കൊല്ലക്കാർക്കായി വിടുന്നു.

പനങ്ങാവനത്തിനെക്കാൾ കുറവില്ലാത്ത വേറൊരു കുഴപ്പമാണ് ആതിച്ചപുരത്തപ്പൻ. (75). ആതിച്ചനല്ലൂർക്ഷേത്രം ആണ് ഇത് എന്നാണ് വ്യാഖ്യാതാവ് ആറമൂർ പറഞ്ഞിട്ടുള്ളത്. ഞാൻ ആ പ്രസ്താവം വിശ്വസിക്കുന്നില്ല. കൊല്ലത്തെ വർണ്ണിച്ചിട്ട് മൂരിത്തിട്ട ഗണപതിയെയും പനങ്ങാവനം ഭഗവതിയെയും പററി പറഞ്ഞുകഴിഞ്ഞിട്ടാണ് ആതിച്ചപുരത്തപ്പനെ സ്മരിക്കുന്നത്. ആതിച്ചപുരം ആതിച്ചനല്ലൂരാണെങ്കിൽ ഈ പ്രസ്താവക്രമം സമുചിതമല്ല. കൊല്ലത്തിന് ആറേഴു മൈൽ തെക്കുകിഴക്കാണ് ആതിച്ചനല്ലൂർ. കടൽത്തീരം അടുപ്പിച്ചായിരുന്ന വഴിയെങ്കിൽ ആതിച്ചനല്ലൂരിന് കുറേ പടിഞ്ഞാറുകൂടി സന്ദേശഹരൻ കൊല്ലത്തു ചെല്ലും. അല്ല, കുറെ ഉള്ളിലോട്ടു കയറി കിഴക്കുകൂടിയാണ് വഴിയെങ്കിൽ ആതിച്ചനല്ലൂർ കഴിഞ്ഞിട്ടാണ് കൊല്ലത്തുചെല്ലുക. അക്കണക്കിന് ആതിച്ചപുരത്തെ ആതിച്ചനല്ലൂരാക്കുന്നതു കുറേ കുഴപ്പമാണ്. അങ്ങനെ വരുമ്പോൾ മൂരിത്തിട്ടയും പനങ്ങാവനവുംപോലെ ആതിച്ചപുരവും അജ്ഞാതമായിച്ചമയുന്നു. ആതിച്ചപുരത്തിനടുത്ത് അന്ന് പൂജ്യപാദന്മാരും ശാസ്ത്രപാരംഗതരുമായിരുന്ന അനേകം ഭട്ടന്മാരുണ്ടായിരുന്നു. അവർ താനത്തിന് (ഭട്ടസ്ഥാനം—പട്ടത്താനം) സമ്പാദിക്കാനായിരിക്കണം ആദിത്യവർമ്മയെ ചെന്നു കണ്ടതു്. (75).

പിന്നെ ആദിത്യവർമ്മ തൻെറ ജ്യേഷ്ഠഭ്രാതാവും വേണാടർകോനുമായ രവിവർമ്മയെ ചെന്നുകാണുന്നു. രവിവർമ്മ എഴുന്നള്ളി താമസിച്ചിരുന്ന കൊട്ടാരത്തിൻെറ പേർ പറഞ്ഞിട്ടില്ല. മാമ്പള്ളി മുഖാന്തരം ആദിത്യവർമ്മ യാത്രയുടെ ഉദ്ദേശം രവിവർമ്മയെ അറിയിപ്പിക്കണമെന്നാണ് നിർദ്ദേശം. മാമ്പള്ളി മന്ത്രിയോ പുരോഹിതനോ ആയിരുന്നിരിക്കാം. മാമ്പള്ളിപ്പണ്ടാരത്തിലേക്ക് * വേണാട്ടുകുടുംബവുമായി അടുത്തബന്ധം ഉണ്ടായിരുന്നു. സന്ധ്യയ്ക്ക് മച്ചുന്തിക്കരലെ വാണിജ്യം കാണാൻ പോകുന്ന കാര്യം മുൻപേ സൂചിപ്പിച്ചുവല്ലൊ. കരിപ്പുകുളത്താണ് ആദിത്യവർമ്മ അന്നു രാത്രി കഴിച്ചുകൂട്ടേണ്ടതു് (86). കരിപ്പുംകുളം ഏതെന്നും അറിയുന്നില്ല. പടിഞ്ഞാറെ കൊല്ലത്തുള്ള ഒരു കൊട്ടാരമായിരുന്നിരിക്കാം ഇത്. എന്നാൽ കരിപ്പുകുളം എന്നൊരു സ്ഥലത്തെയോ, കൊട്ടാരത്തെയോപററി അവിടെ അന്വേഷിച്ചതിൽ അറിവു കിട്ടുന്നില്ല. പാർശ്വത്തിലുള്ള പുതിയ പൊഴിയെപ്പററി അടുത്തു പറയുന്നതുകൊണ്ട് കരിപ്പുകുളം നീണ്ടകര അഴിയുടെ തെക്കേക്കരയ്ക്ക് അടുത്ത് ആയിരിക്കാനാണ് ന്യായം. അവിടെ ശക്തികുളങ്ങരക്ഷേത്രം പ്രസിദ്ധമാണ്. അതിനടുത്തായിരിക്കുമോ കരിപ്പുകുളം? സന്ദേശഹരൻ അന്ന് അന്തിത്തേവാരവും, അത്താഴമമുതേത്തും കഴിച്ച് അവിടെ വിശ്രമിക്കുന്നു.

* മാമ്പള്ളിമഠം കീഴാററിങ്ങൽ ആണ്. ചിറയിൻകീഴ് താലൂക്കിൽ കീഴ്പ്പേരൂർ ആയിരുന്നു വേണാട്ടു രാജകുടുംബത്തിൻെറ ആദ്യസ്ഥാനം. അന്നു തൊട്ടായിരിക്കും മാമ്പള്ളിയുമായുള്ള ചാർച്ച.

രണ്ടാം ദിവസം കരിപ്പുകുളത്തു നിന്നാണ് യാത്രപുറപ്പെടേണ്ടതു്. കുളിയും ആഹാരവും കഴിഞ്ഞു്, ബ്രാഹ്മണർക്കു ദാനം ചെയ്തിട്ടു് മഹാഭാരതപാരായണം കേട്ടു് അവിടെനിന്നും പുറപ്പെടണം. ആദ്യം കടക്കേണ്ടതു് അടുത്തുള്ള പൊഴിയാണു്. അതായതു് അഷ്ടമുടിക്കായലും കടലും ചേരുന്ന നീണ്ടകരയഴി. അന്നു് അവിടം പൊഴിയായി കിടന്നിരിക്കണം. പുതിയ പൊഴിയെന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കാനുള്ളതാണു്. (പുതുതായിട്ടായിരിക്കും അഴി പൊഴിയായി മാറിയതു്). പൊഴിയും പൂക്കൈതയും പിന്നിട്ടു പോകണം എന്നു എടുക്കണമെന്നില്ല. നീണ്ടകര അഴി തൊട്ടു വടക്കോട്ടുള്ള വഴിയുടെ ഇരുപാടും പൂക്കൈത ധാരാളമുണ്ടു്. പൂത്തുനില്ക്കുന്ന കൈതകളുടെ ഭംഗി കണ്ടും സൗരഭ്യം കൊണ്ടു സംപ്രീതിപൂണ്ടും ആദിത്യവർമ്മയ്ക്കു എഴുന്നള്ളാം എന്നാണു് സന്ദേശകർത്താവിന്റെ നിർദ്ദേശം. നീണ്ടകര നിന്നുള്ള വഴിയിൽ പന്മനത്തമ്പിരാനെ തൊഴുതു് പടയോറ കടന്നു പോകണം. (90). നീണ്ടകര അഴിയിൽ നിന്നു പന്മനയ്ക്കു നാലുമൈലോളം ദൂരമുണ്ടു്. ചവറയ്ക്കു വടക്കാണു് പന്മന. പന്മന പ്രതിഷ്ഠ സുബ്രഹ്മണ്യനാണു്. പന്മന നിന്നു് നാലഞ്ചു മൈൽ വടക്കുള്ള പടനായർകുളങ്ങര ആയിരിക്കണം പടയോറ എന്നു നിർദ്ദേശിച്ചിരിക്കുന്നതു്. പടനായർകുളങ്ങര ഓണാട്ടിന്റെ തെക്കേ അററമാണു്. തോവാള തൊട്ടു കണ്ണേററിവരെ ആയിരുന്ന പഴയ വേണാട്ടിന്റെ അതിർത്തി എന്നു രേഖയുണ്ടു്. കണ്ണേററിയിൽനിന്നു വളരെ അകലെയല്ല പടനായർകുളങ്ങര. രണ്ടും കരുനാഗപ്പള്ളിയുടെ അയൽസ്ഥലങ്ങളാണു്. അവിടംതൊട്ടുള്ള വഴി ഓടനാട്ടിൽക്കൂടെയാണു്. (91). സമൃദ്ധിയായി കൃഷി ചെയ്തിട്ടുള്ള നാളികേരവൃക്ഷങ്ങളെ കൊണ്ടു് മനോഹരവും സമ്പത്പൂർണ്ണവും ആണു് അന്നും ഓടനാട്ടു്. അവിടെ ഇടയ്ക്കിടെ പരദേശബ്രാഹ്മണരുടെ സങ്കേതങ്ങൾ ഉണ്ടായിരുന്നു. അവിടങ്ങളിൽക്കൂടെ സഞ്ചരിച്ചു് രണ്ടു വിഷ്ണുക്ഷേത്രങ്ങൾ കടന്നു കായംകുളത്തു ചെല്ലാം. വഴിയിലുള്ള ഈ രണ്ടു വിഷ്ണുക്ഷേത്രങ്ങളിൽ ഒന്നു പുലിയൻകുളങ്ങരയും മററതു കൃഷ്ണപുരവുമാണു്. കായംകുളത്തു് അങ്ങാടിയെപ്പററി പരാമർശിക്കുന്നു എന്നല്ലാതെ അതിനെപ്പററി വർണ്ണിക്കുന്നില്ല. കായംകുളത്തു നിന്നു് അല്പം കിഴക്കോട്ടു തിരിഞ്ഞു വടക്കോട്ടാണു പിന്നത്തെ വഴി. കായംകുളം കഴിഞ്ഞാൽ ഓടനാടിന്റെ രാജധാനിയായ കണ്ടിയൂരാണു് ചെന്നുചേരേണ്ടതു്. മാവേലിക്കരയ്ക്കു് അടുത്താണു് കണ്ടിയൂരു്. ഇതു അച്ചൻകോവിൽ ആറിന്റെ തീരത്താണു്. കണ്ടിയൂരും അടുത്തുള്ള മററും മററു സ്ഥലങ്ങളും സന്ദേശകർത്താവിന്റെ പ്രീതിക്കും പ്രശംസയ്ക്കും പ്രത്യേകം വിഷയമാണു് (91-11). തട്ടാരമ്പലവും അടുത്തുള്ള അങ്ങാടിയും പാലവും കടന്നു് വലത്തേഭാഗത്തായി നടന്നാൽ കണ്ടിയൂരു ചെല്ലാം. (98). പാലം അവിടെ അടുത്തുള്ള ഒരു തോട്ടിലുള്ളതാണെന്നു തോന്നുന്നു. കണ്ടിയൂർ അന്നു വളരെ പ്രധാനപ്പെട്ട ഒരു സ്ഥലമായിരുന്നു. ഉണ്ണിയാടിചരിതം, ശിവവിലാസം തുടങ്ങിയുള്ള കൃതികൾ ഈ വിഷയത്തിൽ വേണ്ട തെളിവുതരുന്നു. (ഉള്ളൂരിന്റെ വിജ്ഞാനദീപിക നാലാം ഭാഗത്തിൽ ശിവവിലാസത്തെപ്പററിയുള്ള ഉപന്യാസം കാണുക.) അന്നു് അവിടം കായകുളം രാജാക്കന്മാരുടെ ആവാസസ്ഥാനമായി പ്രസിദ്ധി പെററിരുന്നു. കൊല്ലവർഷം തുടങ്ങുന്നതിനു് രണ്ടു വഷംമുൻപേ സ്ഥാപിച്ചതാണു് തിരുക്കണ്ടിയൂർ ക്ഷേത്രം. ചെറുകര ഉണ്ണിയാടി, മത്തൂരു് ഇളയച്ചി, ഈ സ്ത്രീരത്നങ്ങളെ കണ്ടിയൂരിനെപ്പററി പരാമർശിക്കുമ്പോൾ വർണ്ണിക്കുന്നു. (100-101-102). കണ്ടിയൂർ ചെന്നാൽ ആദ്യമേ അമ്പലത്തിൽ ചെന്നു് ശിവനെ കുമ്പിടണം. അപ്പോൾ ചെറുകര കുട്ടത്തി ഉപചാരപ്രകടനത്തിനു് ആദിത്യവർമ്മയെ വന്നു കാണും. (100). കുട്ടത്തി രാജാവിന്റെ ഭാര്യ ആയിരിക്കാം. ചെറുകര ഭവനം ഇപ്പോൾ ഇല്ലെന്നാണു് അന്വേഷണത്തിൽ നിന്നു മനസ്സിലാകുന്നതു്. ആ വീടു കായംകുളം രാജാക്കന്മാരുടെ ഭാര്യാഗൃഹമായിരുന്നു. ദാമോദരച്ചാക്യാർ എഴുതിയ ശിവവിലാസം എന്ന സംസ്കൃതകാവ്യത്തിലെ വിഷയം ചെറുകര കുട്ടത്തിയുടെ മകൾ ഉണ്ണിയാടിയുടെ സ്വയംവരമാണു്. ഉണ്ണിയാടി കായംകുളത്തെ വീരകേരളവർമ്മക്കു്

കുട്ടത്തിയിൽ ഉണ്ടായ മകളാണ്. ചെറുകരയെ 'വത്സതീരം' എന്ന പേരിലാണ് ശിവവിലാസത്തിൽ പറഞ്ഞിട്ടുള്ളത്. ശിവക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തായിരുന്നു 'നാട്ടിൽ ചൊല്ലുവന്ന' ആ ഗൃഹം.

അജനി ഗിരിശഗേഹാത്തസ്യ പാശ്ചാത്യഭാഗേ–
ത്രിജഗദുരുസമജ്ഞേ സംജ്ഞയാ വത്സതീരേ
ധരണികമിതുരിഷ്ടാ,നർത്തകീനാം വരിഷ്ഠാ
കുടിലഭൃഗഥ ഉണ്ണുനീതി നാമ്നാ പ്രസിദ്ധാ

'ഉണ്ണുനീലീ'കുട്ടത്തിയുടെ സംസ്കൃത രൂപമായിരിക്കണം.

ശിവിലാസത്തിലെ കുട്ടത്തി വീരകേരളവർമ്മയുടെ ഭാര്യ ആയിരുന്നു. ഉണ്ണുനീലീസന്ദേശകാലത്തു കായംകുളം രാജാവു് രവിവർമ്മ ആയിരുന്നതിനാൽ ഉണ്ണുനീലീസന്ദേശത്തിലെ കുട്ടത്തിയും ഉണ്ണിയാടിയും * ഭിന്നകാലത്തുള്ളവരും, ഭിന്നകളുമായിരിക്കാനേ തരമുള്ളു. ചെറുകര വീട്ടു നിന്ന സ്ഥാനത്തെപ്പററിയാണല്ലോ നമുക്കു് ഇവിടെ പറയാനുള്ളതു്. കണ്ടിയൂരമ്പലത്തിനു് പടിഞ്ഞാറുവശത്താണ് ചെറുകരയെന്നു മേൽ ഉദ്ധരിച്ച ശ്ലോകത്തിൽ നിന്നു കാണാം. ചെറുകരവീട്ടിലെ ഉണ്ണിയാടിയെയും ആദിത്യവർമ്മയ്ക്കു വീട്ടിൽ ചെല്ലാതെതന്നെ കാണാൻ കഴിഞ്ഞേക്കും എന്നു പറയുന്നു. (101). കണ്ടിയൂർ ക്ഷേത്രത്തിൽ നാട്യപ്രയോഗത്തിനു് ഉണ്ണിയാടി വരുമ്പോൾ ആദിത്യവർമ്മയ്ക്കു കാണാം എന്നായിരിക്കും അഭിപ്രായം. ഉണ്ണിയാടിയുടെ വർണ്ണനയിൽനിന്നു് അവർ നാട്യവിദ്യയിൽ അതിനിപുണയായിരുന്നു എന്നു് മനസ്സിലാക്കാം. (102). കണ്ടിയൂർ മുത്തൂററു് ഇളയച്ചിയെന്ന വേറൊരു സുന്ദരിയും ആദിത്യവർമ്മയെ കാണാൻ വഴിയിൽ വന്നു നിൽക്കും. മുത്തൂററു് എന്ന ഗൃഹനാമം ഇപ്പോഴുമുണ്ടു്. കണ്ടിയൂർ ക്ഷേത്രത്തിനു വെളിക്കു വടക്കു പടിഞ്ഞാറേ മൂലയ്ക്കു തൊട്ടാണു് അതു നില്ക്കുന്നതു്. അവിടെ ഇപ്പോൾ ചെറിയ ഒരു പുതിയ വീടാണു് നിൽക്കുന്നതു്. കായംകുളം രാജാക്കന്മാർ വാണിരുന്ന കാലത്തു് ഈ മുത്തൂററു വീടും പ്രാധാന്യം വഹിച്ചിരുന്നു എന്നു് സ്ഥലത്തു പറഞ്ഞുപോരുന്നതായി അറിയുന്നു.

കണ്ടിയൂർ ചെന്നാൽ ആദിത്യവർമ്മയ്ക്കു ഓടനാട്ടുരാജാവായ രവിവർമ്മയെ കാണാതെ കഴികയില്ലല്ലോ. (103). രവിവർമ്മയുടെ ആതിഥ്യസൽകാരം സ്വീകരിച്ചു് അദ്ദേഹത്തെ സംഭാവനം ചെയ്യണം. അന്നു പിന്നെ കണ്ടിയൂരടുത്തുള്ള പ്രശസ്തകളായ ചില സ്ത്രീകൾ ആദിത്യവർമ്മയെ വന്നു കാണാതിരിക്കയില്ല. ഇവർ കുറുങ്ങാട്ടു് എന്ന ഗൃഹത്തിലുള്ളവരാണ്. കുറുങ്ങാട്ടു് ഉണ്ണുനീലി, കുറുങ്ങാട്ടു് ഉണ്ണിച്ചക്കി, കുറുങ്ങാട്ടു് ചിരുതേവി എന്നിവർ ആദിത്യവർമ്മയെ വന്നു കണ്ടു് ഉപചരിക്കും. കുറുങ്ങാട്ടു് വീടു് ഇപ്പോഴുമുണ്ടു്. അതു് മാറത്താണ്. കണ്ടിയൂർ ക്ഷേത്രത്തിൽനിന്നു് ഏതാണ്ടു് മുക്കാൽ മൈൽ ക്ഷേത്രത്തിനു വടക്കു പടിഞ്ഞാറേ ഏലാ കടന്നു പോകണം. കായംകുളം രാജാക്കന്മാരുടെ പരദേവതയായ മാറത്തു് നരസിംഹമൂർത്തിക്ഷേത്രത്തിൽനിന്നു് വളരെ അകലെയല്ലാതെയാണു് ഈ വീടു്. അമ്പലത്തിനുതൊട്ടു് ആററിന്റെ തീരത്തായി കായംകുളം രാജാവിനു് ഇരിക്കാൻ ഒരു പഴയ കൊട്ടാരവും ഉണ്ടായിരുന്നതായി അറിയുന്നു. കുറുങ്ങാട്ടുവീടു് ഇപ്പോൾ വളരെ ക്ഷയിച്ചുപോയി. ഇപ്പോൾ ഒരു ചെറിയ പഴയ പുര മാത്രമേ അവിടെയുള്ളു. ആ വീട്ടുകാർക്കു പാരമ്പര്യമായി സംഗീതവാസന സിദ്ധിച്ചിട്ടുണ്ടെന്നു് അറിയുന്നു.

കണ്ടിയൂർ ചെല്ലുന്ന രാത്രി എവിടെയാണു് അദിത്യവർമ്മ കഴിച്ചുകൂട്ടുന്നതെന്നു് വ്യക്തമല്ല. ഓടനാട്ടുകോനായ രവിവർമ്മയുടെ ആതിഥ്യം സ്വീകരിക്കുന്നതുകൊണ്ടു് കൊട്ടാരത്തിൽത്തന്നെ കഴിച്ചിരിക്കണം. മററത്തായിരിക്കും കഴിച്ചതെന്നും അനുമാനിക്കാം. മൂന്നാം ദിവസത്തെ യാത്ര മററത്തുനിന്നും ആരംഭിക്കുന്നു. (111). 'മററം പിന്നിട്ടിനിയ പുഴയും കണ്ടി

* ആററൂരിന്റെ പ്രസാധനത്തിൽ ചെറുകരകുട്ടത്തി എന്നു കാണുന്നില്ല. 'ചെറുതുരച്ചെന്നു കുട്ടത്തി' എന്നാണ് കാണുന്നതു്. ഈ പാഠം അബദ്ധമാണെന്നും 'ചെറുകരച്ചേന്നു കുട്ടത്തി'യെന്നാണു് ശരിയായ പാഠമെന്നും ഉള്ളൂർ വിജ്ഞാനദീപിക നാലാം ഭാഗത്തിൽ എടുത്തു കാണിച്ചിട്ടുണ്ടു്

യൂരേ വരേണ്ടും', മററത്തു നരംസിംഹക്ഷേത്രത്തിന്് അടുത്തുള്ള കൊട്ടാരത്തിലായിരിക്കാം ആദിത്യവമ്മ കഴിച്ചതു്. മററത്തു നിന്നും കണ്ടിയൂർ വരാൻ പുഴ പിന്നിടേണ്ട ആവശ്യമില്ല. കണ്ടിയൂരും മാറാവും അച്ചൻകോവിൽആററിന്റെ ഒരേ കരയിൽ തന്നെയാണു്. പിന്നെ മററവും പുഴയും പിന്നിടണമെന്നു് പറഞ്ഞതിന്റെ അത്ഥം വ്യക്തമല്ല. മററത്തിനും കണ്ടിയൂരിനും ഇടയ്ക്കു വയലിലൂള്ള തോടിനെപ്പററിയാണു പരാമശിക്കുന്നതെന്നും വിചാരിക്കാം.

മൂന്നാംദിവസം രാവിലെ മററത്തുനിന്നു് കണ്ടിയൂർ വരുന്നവഴി ആററിന്റെ മറുകര ആയ ചെന്നിത്തല കാണാം. അന്നത്തേ യാത്രയിൽ പിന്നെ ആദ്യം ചെല്ലുന്നതു് ഒരു ശിവക്ഷേത്രത്തിലാണു് (112). അതിന്റെ നാമം ചൊൽവാനരുതു്. ഈ അമ്പലം ഏതെന്നു തെളിയുന്നില്ല. ഒരുപക്ഷേ ഇതു് എരമത്തൂർ ശിവക്ഷേത്രമായിരിക്കാം. 'നാമം ചൊല്ലാനരുതു'' എന്നു് പറഞ്ഞിരിക്കുന്നതു് ആ സ്ഥലത്തിന്റെ, പേരു പറയുന്നതു് ശുഭമല്ലെന്നു് ഒരു അന്ധവിശ്വാസം നാട്ടിലുള്ളതുകൊണ്ടാണു് * അവിടെനിന്നു് തൃക്കുരട്ടിക്കുള്ള വഴി അതിമനോഹരമായിരുന്നു. തേൻതുളുമ്പി പരിമളം പരത്തിനില്ക്കുന്ന പൂക്കാം, തളിരണിഞ്ഞ മരങ്ങൾ, ഇതാണു് വഴിയുടെ ഇരുപാട്ടും കാണുന്ന കാഴ്ചകൾ. കുരണ്ടിക്ഷേത്രത്തെ തൃക്കുരട്ടിയെന്നാണു് ഇപ്പോൾ സാധാരണ പറയുന്നതു്. പുരാതനവും പ്രസിദ്ധവുമായ ഒരു ശിവക്ഷേത്രമാണിതു്. മാന്നാർ എന്ന സ്ഥലത്തിന്റെ പ്രാന്തത്തിലാണു് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നതു്. അവിടുന്നു പനയന്നാർകാവിൽ ക്ഷേത്രത്തിലേയ്ക്കു് അധികം ദൂരമില്ല. 'നേരേനടന്നാൽ ക്രവീടപ്പാൽ പഥി പനയനാർകാവു്'' എന്നാണു് പറഞ്ഞിരിക്കുന്നതു്. ക്രവിയാൽ കേൾക്കാവുന്ന ദൂരമേയുള്ളു എന്നത്ഥം. ക്രവീട് എന്നതു് ഒരു സ്ഥലമാണു് എന്നു് ആരോ വ്യാഖ്യാനിച്ചിരിക്കതു് ശരിയല്ല. കുരട്ടിയിൽനിന്നു കുറച്ചു വടക്കുചെന്നാൽ പമ്പയാററിന്റെ ഒരു കൈവഴി കടന്നുവേണം ഇപ്പോൾ പനയന്നാർകാവു ക്ഷേത്രത്തിലേക്കു ചെല്ലാൻ. ഇവിടം 'പന്നായി'ക്കടവാണു്. വടക്കുനിന്നു വരുന്ന പമ്പയാററിൽ കിഴക്കുനിന്നു വേറൊരു കൈവഴി വന്നുചേന്നു് ഏതാണ്ടുതെക്കുപടിഞ്ഞാറോട്ടു് ഒഴുകുന്നതായിട്ടാണു് ഇപ്പോൾ കാണുന്നതു്. എന്നാൽ കിഴക്കുപടിഞ്ഞാറു കിടക്കുന്ന കൈവഴി സന്ദേശകാലത്തു് ഇല്ലായിരുന്നെന്നു വേണം കരുതാൻ. കുരണ്ടിയിൽനിന്നു പനയന്നാർ കാവിലേക്കു പോകാൻ ആറുകടക്കണമെന്നു പറയുന്നില്ല. പനയന്നാർകാവിൽ ഭദ്രകാളിയുടെ പ്രതിഷ്ഠയാണു്. കാളിയെ തൊഴുതു്, അമ്പലത്തിന്റെ അടുത്തുകൂടെ ഒഴുകുന്ന പമ്പയാററിലേ പാലം കടന്നുപോകുമ്പോൾ ആററിൽ കിടക്കുന്ന മുതലകളെകണ്ടു കൗതുകം നേടാം.

ആറു കടന്നാൽ പടിഞ്ഞാറെക്കരയായ കടപ്രയായി (116). അടുത്തു് ഒരു ഭഗവതിക്ഷേത്രത്തിൽ ഭജിച്ചിട്ടു പോകാൻ പറയുന്നു. ഈ ക്ഷേത്രം മരുതുക്കാവു് അമ്പലം ആയിരിക്കുമോ? പിന്നെ രായിരൻ എന്ന ചിറവാ രാജാവിനെയാണു് കാണേണ്ടതു് (116). ചിറവാ രാജാവു് ആദിത്യവമ്മയുടെ ഉടമ കരുതുന്ന ആളാണു്. വേണാടിനും ചിറവായ്ക്കും ദൃഢബന്ധം ഉണ്ടു്. വേണാട്ടരാജാക്കന്മാക്കു ചിറവാമൂപ്പുസ്ഥാനം കിട്ടുന്നതു് ഇതിനു് ഒരു തെളിവാണല്ലോ. ചിറവാസ്വരൂപം ഇപ്പോഴത്തെ ഇലഞ്ഞിമൺതറ കോയിക്കൽ ആയിരിക്കുമോ? ആലൻതുരുത്തിനോടു സംബന്ധിച്ചു പറഞ്ഞിരിക്കുന്നതിനാൽ അതു കുറെക്കൂടെ വടക്കായിരിക്കാനും വഴിയുണ്ടു് (117). തുടന്നുള്ള വഴിയിൽ കൈതക്കാട്ടെ സുന്ദരിമാരുടെ പാട്ടുകേട്ടു് ആദിത്യവമ്മയ്ക്കു രസിക്കാം. കൈതക്കാട്ടു് ഒരു പ്രഭുഗൃഹമായിരിക്കണം. ഏതെന്നു് അറിയാൻ കഴിഞ്ഞിട്ടില്ല. അവിടെ താമസിക്കാതെ നിരണത്തിനു പോകണം. സെൻറുതോമസ്സ്തന്നെ സ്ഥാപിച്ചതായി വിശ്വസിച്ചുപോരുന്ന ഒരു പുരാതന ക്രൂസ്ത്യൻപള്ളിയും, തൃക്കപാലേശ്വരം ക്ഷേത്രവുംകൊണ്ടു് ഈ

* അടുത്തുള്ള എണ്ണയ്ക്കാട്ടു്, പുലിയൂർ, തുടങ്ങിയ സ്ഥലങ്ങളെപ്പററിയും ഇത്തരം അന്ധവിശ്വാസം ഉള്ളതായി കേൾക്കുന്നു. ചെന്നിത്തലയ്ക്കടുത്തുള്ള ഉറമ്പുന്നിത്തവർ ശിവക്ഷേത്രത്തെപ്പററിയും പരിഗണിക്കാം. ഇപ്പോൾ ഇടിഞ്ഞുപൊളിഞ്ഞുകിടക്കയാണു് ആ ക്ഷേത്രം.

സ്ഥലം പണ്ടേ പ്രസിദ്ധിപ്പെററതാണ്. പിൽക്കാലത്തു കുഞ്ചൻനമ്പ്യാരുടെയും മററും ജന്മസ്ഥാനമായും ഇവിടം പ്രശസ്തമായിത്തീൎന്നു. അടുത്തു വഴിയിൽ മാടമ്പിമാരുടെ മാളിക ഉണ്ട്. (118). ഏതു മാടമ്പിമാരെയാണു പരാമശിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. നിരണംപെട്ടിൽക്കയ്മളന്മാരെപ്പററിയാണെന്നും തൃക്കപാലേശ്വരം ക്ഷേത്രം അവരുടെ വകയാണെന്നും ചിലർ പറയുന്നു. അവിടന്നു നേരേ നദികടന്നു പാടത്തിൽക്കൂടെ തിരുവല്ലായ്ക്കാണ് പോകേണ്ടതു്. 'അമലസലില'യായ ആ നദി മണിമലയാറാണ് (119-120). പമ്പയെന്നു വ്യാഖ്യാതാവ് പറഞ്ഞിട്ടുള്ളതു ശരിയല്ല. പനയന്നാർകാവിന്ന് അടുത്തുകൂടെ ഒഴുകുന്ന പമ്പയ്ക്കും ആലൻതുരുത്തിയുടെ വടക്കുകൂടെ പ്രവഹിക്കുന്ന മണിമലക്കും ഇടക്ക് രണ്ടുമൂന്നു മൈൽദൂരമേ കാണു. തിരുവല്ല പ്രാചീനമായ പ്രശസ്തി വേണ്ടുവോളം തികഞ്ഞ സ്ഥലമാണ്. തിരുവല്ലാ മതിലകത്തു ചെന്ന് അവിടെ പള്ളികൊള്ളുന്ന അപ്പനെ ഭജിക്കണം. തിരുവല്ലാ അപ്പൻ വിഷ്ണുവാണ്. അപ്പോൾ ആദിത്യവമ്മയെ ഇളമങ്ങിക്കരച്ചേരി തുടങ്ങിയ ഗൃഹങ്ങളിലെ സ്ത്രീകൾ വന്നുകണ്ട് ഉപചാരപ്രകടനം ചെയ്യും (122). ഇളമങ്ങിക്കരച്ചേരി തിരുവല്ല അമ്പലത്തിന്റെ കിഴക്കുവശമുള്ള ഒരു പുരാതന ഗൃഹമാണ്. ഇളമൺമന എന്നാണ് ഇപ്പോൾ അതിൻെറ പേരു.

തിരുവല്ലാക്ഷേത്രത്തിൽ ഉന്നതമായ ഒരു സ്തംഭത്തിൽ ഗരുഡവിഗ്രഹം പ്രതിഷ്ഠിച്ചിട്ടുണ്ട്. ആ ഗരുഡനെ വന്ദിച്ചിട്ട് പിന്നെയും യാത്രതുടരണം. (123). പിന്നെ കരിയനാട്ടുകാവിലാണ് ചെന്നു ചേരുക. ഇപ്പോൾ കരിനാട്ടുകാവ് എന്നാണ് ഈ സ്ഥലം അറിയപ്പെടുന്നതു്. തിരുവല്ലാക്ഷേത്രത്തിൽനിന്ന് ഒരുമൈൽ വടക്കു പടിഞ്ഞാറായിട്ടാണ് ഇതിൻെറ സ്ഥാനം. കരിനാട്ടുകാവിൽ അടുത്തടുത്തു രണ്ടു ക്ഷേത്രങ്ങൾ ഇപ്പോൾ ഉണ്ട്. കൃഷ്ണക്ഷേത്രവും ദേവിക്ഷേത്രവും. ദേവീക്ഷേത്രമാണ് കൂടുതൽ പഴക്കമുള്ളതു്. കരിനാട്ടുകാവ് അന്ന് അതിപ്രധാനമായ ഒരു ചന്ത ആയിരുന്നു. ഉച്ചവരെ അവിടെ നടക്കുന്ന കച്ചവടം കണ്ടാൽ കൊല്ലവും കോഴിക്കോടും പോലും അതിനു തുല്യമല്ല (124). അന്ന് ആദിത്യവർമ്മ കണ്ട ആ ചന്ത ഇന്നു നമുക്ക് അവിടെങ്ങും കാണാനില്ല. കരിനാട്ടുകാവു കടന്നു മുത്തൂർ എന്ന സ്ഥലത്തേയ്ക്കു പോകണം. അവിടന്ന് വടക്കോട്ടുപോയി പുഴ കടന്നു നാലുകോടിയിലേയ്ക്കാണ് ചെല്ലേണ്ടതു്. ആ പുഴ ഇപ്പോഴത്തേ ളാപ്പാലം തോട്ടായിക്കടവുതോട് ആയിരിക്കണം. നാലുകോടി മുത്തൂർനിന്ന് ഒരുമൈൽ വടക്കുപടിഞ്ഞാറായിട്ടാണ്. തിരുവല്ലായിൽനിന്ന് മുത്തൂരേയ്ക്കുള്ള യാത്ര ഇപ്പോഴത്തെ കൊല്ലം കോട്ടയം റോഡുവഴിയും അവിടന്നു നാലുകോടിയിലേക്കുള്ളതു് സ്വല്പം പടിഞ്ഞാറോട്ടുമാറിയും ആയിരിക്കണം.

നാലുകോടിയിൽനിന്നു വടക്കു കിഴക്കുള്ള തൃക്കൊടിത്താനത്തേക്കാണ് പിന്നെ സഞ്ചരിക്കേണ്ടതു്. തൃക്കൊടിത്താനം ചങ്ങനാശ്ശേരിക്കു കിഴക്കുമാറിയുള്ള ഒരു പുരാതന കൃഷ്ണക്ഷേത്രമാണ്. ഉയൎന്ന മതിൽക്കെട്ടും പുറത്തേ വിശാലമായ അങ്കണവും ശ്രീ കോവിലിൻെറ അടിത്തറയിലുള്ള അനേകം വട്ടെഴുത്തു ശാസനങ്ങളും ആ ക്ഷേത്രത്തിൻെറ പുരാതന മഹിമയെ ഇന്നും ഉൽഘോഷണം ചെയ്യുന്നു. ഭാസ്കരരവിവർമ്മ തുടങ്ങിയ പ്രാചീനകേരള രാജാക്കന്മാരുടെ ശിലാശാസനങ്ങൾ അവിടെച്ചെന്നു കാണേണ്ടതുതന്നെ. അവിടെനിന്നുള്ള വഴി തെക്കുംകൂറിൽ കൂടെയാണ്. ആ വഴി അന്ന് ഇരുവശവും കാടുനിറഞ്ഞതായിരുന്നു. കാന്താരഘപ്രതിഭടമാണ് ആ സ്ഥലമെന്നു ശുകസന്ദേശത്തിലും പറഞ്ഞിരിക്കുന്നു. ഇന്നും അവിടെയെങ്ങും വളരെ കൂടുതൽ ആൾപാർപ്പു ആയിട്ടില്ല. കക്കാട്ടുവേലി, തെങ്ങണ, മാടപ്പള്ളി, വാകത്താനം, തുടങ്ങിയ സ്ഥലങ്ങളിലൂടെയാണ് തെക്കുംകൂറിൻെറ രാജധാനിയായ മണികണ്ഠപുരത്തേക്ക് പോകേണ്ടതു്. മണികണ്ഠപുരത്തു പുരാരിയുടെ പ്രതിഷ്ഠയാണ് (127). എന്നാൽ ഇന്ന് ഇതു് വിഷ്ണുക്ഷേത്രമായിട്ടാണ് നാം കാണുന്നതു് * അവിടെ അക്കാലത്തു ആണ്ടിൽ

* 'തത്രമേവും പുരാരിം' എന്ന പാഠം അനുസരിച്ചാണ് ശിവക്ഷേത്രം എന്നു പറയുന്നതു്. പാഠം 'മുരാരിം' എന്നായാൽ വിഷ്ണുക്ഷേത്രം ആകും എന്നുമിന്നും.

നാലുമാസം ഊട്ടുനടത്തിവന്ന വലിയ ഒരു ഊട്ടുപുര ഉണ്ടായിരുന്നതായിട്ടാണ് പ്രസിദ്ധി (128). മണികണ്ഠപുരത്തു ചെന്നാൽ അന്നു തെക്കുംകൂർ വാഴുന്ന 'പെൻറിക്കൻറിന്നതിലക'മായ രാമവർമ്മ എന്ന തെക്കുംകൂർ രാജാവു് അവിടെയുണ്ടെങ്കിൽ കാണുന്നു. * (129) അവിടുന്നുള്ള വഴിവിട്ടാണു കാണ്ടാൻകുളം എന്നുള്ളതിനാൽ അവിടത്തെ സുന്ദരിയെ കാണാൻ തരമില്ല. കണ്ടാൻകുളം ഇന്നത്തെ കണ്ടൻ ചിറയാണു് എന്നു തോന്നുന്നു. പേരൂർ ഭദ്രകാളിക്ഷേത്രത്തിനു് പടിഞ്ഞാറുമാറിയാണു് ഈ സ്ഥലം. റോഡരികിലുള്ള ഇപ്പോഴത്തെ വയൽ പണ്ടൊരു വലിയ കുളമായിരുന്നു എന്നു് ആ സ്ഥലത്തു പ്രസിദ്ധിയുണ്ടു് (131).

ഉച്ചതിരിഞ്ഞു് അഞ്ചടി ആകുമ്പോൾ ആദിത്യവർമ്മ ഏററുമാനൂർ ചെല്ലണം. (132). ഏററുമാനൂർ ശിവനെ ഭജിച്ചു് അവിടെ തേവാരവും ഊണും കഴിച്ചിട്ടു നേരേ കടുത്തുരുത്തിയിലേക്കു് പുറപ്പെടണമെന്നാണു് അപേക്ഷ. കോതനല്ലൂർ വഴിയാണു് പോകേണ്ടതു്. ഏററുമാനൂർനിന്നു് ഒരു കാതത്തിൽ കുറയുകയില്ല കോതനല്ലൂരേക്കു്. അവിടെ വിളനെല്ലുകാക്കാൻ തേന്മാവിൻെറ തണലിൽ ഇരിക്കുന്ന യുവതികളേയും, അവിടെങ്ങും തുള്ളിക്കളിച്ചു നടക്കുന്ന മാൻകുട്ടികളെയും കണ്ടുംകൊണ്ടു് ആദിത്യവർമ്മയ്ക്കു് യാത്ര തുടരാം (133). കോതനല്ലൂർനിന്നുംകുറച്ചുദൂരം വഴി തേർ പോകത്തക്കവണ്ണം വീതിയിൽ ഒരു വലിയ ചിറയിലേക്കു് പോകാനായി നിർമ്മിച്ചിട്ടുള്ളതും കാണാം. അതിൻെറ ഇരുപാട്ടും വൃക്ഷലകൾ അണിഞ്ഞുനിൽക്കുന്ന മരങ്ങൾ ആദിത്യവർമ്മയ്ക്കു് കൗതുകം നൽകാതെയിരിക്കയില്ല. അതിനു് വളരെ അടുത്താണു് 'വടമതിര' എന്ന പേരുള്ള കടുത്തുരുത്തി. മൂന്നാം ദിവസം സന്ധ്യയോടു് അവിടെ ചെന്നു ചേരാം. അപ്പോൾ അരികുലബലം ചിന്തിപ്പോംമാറു് ബിംബലീപാലരാജധാനിയിൽനിന്നു് ഉച്ചത്തിൽ ഊതുന്ന വിജയകാഹളം ആദിത്യവർമ്മയ്ക്കു കേൾക്കാറാകും (135).

ഏററുമാനൂർനിന്നു വടക്കു പടിഞ്ഞാറോട്ടു വൈക്കത്തേക്കു് പോകുന്ന റോഡിൽ ഏതാണ്ടു പകുതിദൂരത്തിൽ ഒൻപതാം മൈൽക്കുററിക്കടുത്താണു കടുത്തുരുത്തി. അവിടെ പ്രാചീനമായ ഒരമ്പലവും വളരെ പഴക്കമുള്ള ഒരു ക്രിസ്ത്യൻ പള്ളിയും പുരാതന മഹിമയ്ക്കു് സാക്ഷ്യമായി കാണാവുന്നതാണു്. കടന്തേരി, വടമതിര, കടൽതുരുത്തി, എന്നെല്ലാം ആ പട്ടണത്തിനു് പേരുണ്ടായിരുന്നു. മണികണ്ഠൻ എന്ന വടക്കുംകൂർ രാജാവിൻെറ രാജധാനിയായി ആ പട്ടണം അന്നു പരിലസിച്ചിരുന്നു. ഇതിനു കടൽതുരുത്തി എന്നു് എങ്ങനെ പേരുവന്നു എന്നു മനസ്സിലാകുന്നില്ല. അവിടത്തെ പ്രതിഷ്ഠയായ ശിവവിഗ്രഹത്തെ ഖരൻ കടിച്ചിരുത്തിയതുകൊണ്ടു് 'കടിച്ചിരുത്തി' എന്നു പേരുവന്നതായി ഐതിഹ്യം നമ്മെ അറിയിക്കുന്നു. കടിച്ചിരുത്തി ആണുപോലും കടുത്തുരുത്തിയും, പിന്നെ കടൽ തുരുത്തിയും ഒക്കെ ആയതു്—ശ്രീ. ററി. കെ. വേലുപ്പിള്ളയുടെ തിരുവിതാംകൂർ സ്റ്റേററുമാനുവൽ (Vol. 4. P. 764.) സിന്ധുദ്വീപം കടൽത്തുരുത്തിയുടെ സംസ്കൃതരൂപമാണു് * ഏതോ ഒരു കാലത്തു ഇവിടം ഒരു ദ്വീപായിരുന്നു എന്നും പറയുന്നുണ്ടു്. എന്നാൽ ആ സ്ഥലം കാണുന്നവർക്കു്

---

1 * പെൻറിക്കൻെറന്നു പറയുന്നതു മണികണ്ഠപുരത്തുനിന്നു് നാലഞ്ചുമൈൽ വടക്കുകിഴക്കായിട്ടാണു്. അവിടെയായിരുന്നു തെക്കുംകൂർ രാജാക്കന്മാരുടെ ആദ്യസ്ഥാനം. അങ്ങയെയാണു് 'പെൻറിക്കൻറിന്നതിലകം' എന്ന ബിരുദം തെക്കുംകൂർ രാജാവിനു കിട്ടുന്നതു്.

2 * കൊല്ലവർഷം എട്ടാം ശതവർഷംതൊട്ടു കടുത്തുരുത്തി ഒരു ക്രസ്തീയകേന്ദ്രമായി പ്രാധാന്യംഅർഹിച്ചതായും ഇവിടെ സ്മരിക്കാം. കടുത്തുരുത്തിക്കു് അടുത്തുള്ള മുട്ടുച്ചിറപള്ളി വളരെ പ്രാധാന്യമുള്ളതാണു്. എ. ഡി 1599-ൽ (കൊ. വ. 774-ൽ) ആർച്ചുബിഷപ്പു്മെൻസിസ്സ്ഇവിടെവച്ചു ഒരു ക്രസ്തീയസഭ വിളിച്ചുകൂട്ടിയതായും മററും കാണുന്നു.

അങ്ങനെ വിശ്വസിക്കാൻ എളുപ്പമല്ല. അതിന്റെ പടിഞ്ഞാറുവശംവരെ കായലോ, കടലോ ഒരുകാലത്തു് വ്യാപിച്ചുകിടന്നിരിക്കാം*1 ഏതായാലും ആദിത്യവർമ്മ സന്ദർശിക്കുന്ന കാലത്തു് കടുത്തുരുത്തി വിദേശവാണിജ്യംകൊണ്ടു് ഐശ്വര്യപൂർണ്ണമായ ഒരു സ്ഥലമായിരുന്നു. കുബേരന്മാരായ ആഢ്യവണിക്കുകൾ അവിടെ ഉണ്ടായിരുന്നു. (ഉ. സ. 5) ദ്വീപാന്തരങ്ങളിൽനിന്നും ചൊങ്കുകൾ എന്നു പറയുന്ന കപ്പലുകൾ കടലിൽ വരും; അടയ്ക്കായും കുരുമുളകും മററും കടുത്തുരുത്തിയിൽനിന്നു് തോണിയിൽ കയററി കപ്പലിൽ കൊടുക്കും; അങ്ങനെയായിരുന്നു അവിടെ വാണിജ്യം നടന്നുപോന്നതു്. (ഉ. സ. 7). കടുത്തുരുത്തി അമ്പലത്തിനു് പടിഞ്ഞാറുവശത്തുള്ള തോട്ടിൽക്കൂടെ ഇന്നും വള്ളത്തിൽ സാമാനങ്ങൾകൊണ്ടു് പോകാൻ സൗകര്യമുണ്ടു്.

ഏററുമാനൂർനിന്നു് വൈക്കത്തേക്കുള്ള റോഡിന്റെ ഒൻപതാം മൈൽക്കുററിക്കടുത്തു് വലതുഭാഗത്തു കിഴക്കുള്ള ഒരു കുന്നിലായിട്ടാണു് കടുത്തുരുത്തിയിലെ തളിയൽക്ഷേത്രം ഇരിക്കുന്നതു്. കുന്നിൽ ഇരിക്കുന്നതുകൊണ്ടു് പടിഞ്ഞാറുവശത്തെ റോഡിൽനിന്നു് പത്തിരുപതു കല്പടികൾ കയറിവേണം ക്ഷേത്രത്തിൽ ചെല്ലാൻ. അമ്പലത്തിന്റെ കിഴക്കേനടയിൽനിന്നു് നേരെ കിഴക്കോട്ടു് അര മൈൽ നീണ്ട വഴി കിടക്കുന്നു. അതു ചെന്നുചേരുന്നതു് ഗോവിന്ദപുരം കൃഷ്ണക്ഷേത്രത്തിലാണു്. ഇതു ചെറിയ ഒരു അമ്പലമാണു്. ഗോവിന്ദപുരത്തെ ആയിരിക്കും 'കോതപുരം' എന്നു് സന്ദേശത്തിൽ പറഞ്ഞിരിക്കുന്നതു്. (ഉ. സ. 20). ഗോവിന്ദപുരം കോന്തപുരമായും പിന്നെ കോതപുരമായും പരിണമിച്ചതായി കല്പിച്ചാലേ ഇതു സാദ്ധ്യമാവൂ. ക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തു നാലഞ്ചു് ഏക്കറോളം വിസ്താരമുള്ള ചെറിയ ഒരു വയൽ ഇപ്പോൾ ഉണ്ടു്. അതിന്റെ വടക്കേയററം, കൃഷ്ണക്ഷേത്രത്തിനു് നേരെ പടിഞ്ഞാറുമാത്രം കുളമാണു്. എന്നാൽ സന്ദേശകാലത്തു് ആ വയൽ മുഴുവൻ തന്നെ വലിയ ഒരു ചിറയായിരുന്നിരിക്കാം. കൃഷ്ണക്ഷേത്രത്തിനു് തെക്കുവശം ഒരു കുന്നാണു്. ആദിത്യവർമ്മ കടൽത്തുരുത്തിയിലേക്കു് ചെല്ലുന്നതു് ഈ കുന്നുകടന്നു് കോതപുരം കൃഷ്ണക്ഷേത്രത്തിൽ ഭജിച്ചിട്ടായിരിക്കണം. അതിനു് പടിഞ്ഞാറുവശത്തുള്ള ചിറയുടെ വടക്കുവശത്തുകൂടെ പടിഞ്ഞാറോട്ടു തളിയൽക്ഷേത്രത്തിലേക്കുള്ള വഴിയേ ആയിരിക്കണം അദ്ദേഹം യാത്രചെയ്തതു്. 'ഉല്ലാസദ്വാരിപൂര'മായ 'മലിചിറ' ആദ്യമായി ആദിത്യവർമ്മയെ ആകർഷിക്കും. (ഉ. സ. 17). ആദിത്യവർമ്മ ചെല്ലുന്നതറിഞ്ഞു് ശ്രീകണ്ഠനെന്ന രാജകുമാരൻവന്നു് എതിരേല്ക്കും. ശ്രീകണ്ഠൻ വടക്കുംകൂർ ഇളമുറത്തമ്പുരാൻ ആണു്. (ഉ. സ. 21). പിന്നെ ആദിത്യവർമ്മ വടക്കുംകൂർ രാജാവായ മണികണ്ഠനെന്ന 'സാമന്തമൗലി'യെ ചെന്നു കാണണം (ഉ. സ. 20). കൊട്ടാരം ഗോവിന്ദപുരം ക്ഷേത്രത്തിൽനിന്നു് തളിയിൽ ക്ഷേത്രത്തിലേക്കുള്ള വഴിയുടെ വടക്കുവശത്തായിരുന്നിരിക്കാം. ആ പറമ്പിനു് ഇന്നും കോവിലകമെന്നും കോട്ടയ്ക്കകമെന്നും പേരുള്ളതായി സ്ഥലത്തുള്ളവർ പറയുന്നു. തനിക്കു പോകേണ്ടതു് ഉണ്ണുനീലിയുടെ ഗൃഹത്തിലാണെന്നു പറഞ്ഞിട്ടു് മണികണ്ഠനോടു് വേഗത്തിൽ വിടവാങ്ങണം 2* കൊട്ടാരത്തിൽവച്ചു് 'വിദ്യാനദ്യാം നിയതിമുഴുകും ബിംബലീപാലചന്ദ്ര'നായ കോതവർമ്മയും, 'അലർമാതിന്നാവാസഭൂമി'യായ ഇരവിമണികണ്ഠനും, 'മരുവലർകുലത്തിന്നു കല്പാന്തവഹ്നി'യായ രാമവർമ്മയും ആദിത്യവർമ്മയെ കാണും. പിന്നീടു് താമസിയാതെ ചെന്നു്

---

1 * സ്കന്ധാവാരം പരമപിതതോ ബിംബലീപാലകാനാം
സിന്ധുദ്വീപം പ്രജ്വലനനിഭൈരാവൃതം സിന്ധുരേന്ദ്രൈഃ (ശുകസന്ദേശം)

2* മണികണ്ഠനെ ആദിത്യവർമ്മ കണ്ട സന്ദേശവരം പറയുമ്പോൾ ഉണ്ണുനീലിക്കു് മണികണ്ഠനുമായി യാതൊരു പ്രത്യേകബന്ധവും ഉള്ളതായി സൂചനയില്ല. അതിനാൽ ഉണ്ണുനീലിയെ മണികണ്ഠന്റെ പൂണാരമെന്നു് വർണ്ണിച്ചിട്ടുള്ളതിന്റെ അർത്ഥമെന്തെന്നു് ആലോചിക്കേണ്ടതാണു്. (ഉ. സ. 25-26)

ഉണ്ണുനീലിയെ കാണണം. കിഴക്കൻ ചിറയ്ക്കു് പടിഞ്ഞാറുവശത്തായിട്ടാണു് ഉണ്ണുനീലിയുടെ ഗൃഹം. കൊട്ടാരത്തിനു് എതിരേ വഴിയുടെ തെക്കുപുറത്തായിട്ടുവരും ആ വീട്ടു്.

മുൻപുപറഞ്ഞ കൃഷ്ണക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തുനിന്നും ഏതാണ്ടു് അരമൈൽ പടിഞ്ഞാറുള്ള തളിയൽ ക്ഷേത്രം വരെയാണല്ലോ വഴി. കൃഷ്ണക്ഷേത്രത്തിന്റെ നേരേ പടിഞ്ഞാറുവശത്തായിരിക്കണം കിഴക്കുംചിറ. അതിനെത്തന്നെയായിരിക്കും 'മലിചിറ' എന്നു പറയുന്നതു്. (ഉ. സ. 17). മുണ്ടക്കലിനു് കിഴക്കുള്ള ചിറയായതുകൊണ്ടായിരിക്കും കിഴക്കിൽചിറയെന്ന പേരുവന്നതു്. ചിറയുടെ നേരേ പടിഞ്ഞാറു് വഴിയുടെ തെക്കേതായിട്ടാണു് വീരമാണിക്കമെന്ന ഭവനം (ഉ. സ. 30). ഇന്നും ആ പുരയിടത്തിനു് വീരമാണിക്കമെന്നുതന്നെ പേരു് ആ സ്ഥലത്തു് പ്രസിദ്ധമാണു്. മുണ്ടയ്ക്കൽ എന്ന പേരു് ഇപ്പോൾ തീരെ വിസ്മൃതമായും ഇരിക്കുന്നു. * കൊട്ടാരത്തിൽനിന്നു നേരേ പടിഞ്ഞാറുള്ള തളിയിൽ അമ്പലത്തിൽ ചെന്നു് ദേവനെ ഭജിച്ചിട്ടു് വന്നു വീരമാണിക്കത്തു കയറണം എന്നാണു് സന്ദേശകർത്താവു് ആദിത്യവർമ്മയോടപേക്ഷിക്കുന്നതു്. (ഉ. സ. 31). ആദിത്യവർമ്മ ചെല്ലുമ്പോൾ 'മുണ്ടക്കൽമേവും പൊൽപൂമാതാം ചെറിയതു്.' അദ്ദേഹത്തെ എതിരേറ്റു് ഉപചരിക്കും (ഉ. സ. 32). വീരമാണിക്കത്തിന്റെ മറ്റൊരു പേരുതന്നെയാണു മുണ്ടയ്ക്കൽ എന്നു് വിചാരിക്കാനേ വഴിയുള്ളൂ. (ഉ. സ. 30-32) ചെറിയതു് ഉണ്ണുനീലിയുടെ മാതാവോ, അല്ലെങ്കിൽ അടുത്ത ബന്ധമുള്ള സ്ത്രീയോ ആയിരിക്കും. ഭൃത്യയാണെങ്കിൽ 'പൊൽപ്പൂമാതെ'ന്നു പറകയില്ലല്ലോ.

അന്നത്തെ രീതിക്കു് സാമാന്യം നല്ല ഒരു പ്രഭുഗൃഹമായിരുന്നു വീരമാണിക്കം. അതിന്റെ വർണ്ണന, മലയാളനാട്ടിലെ അന്നത്തെ ഒരു പ്രഭുഗൃഹത്തിന്റെ സൂക്ഷ്മമായ ഒരു ചിത്രമാണു്. തേന്മാവും പ്ലാവും തെങ്ങും കമുകും കദളിയും ചിങ്ങൻ തുടങ്ങിയ വാഴകളും കരിമ്പും വഴുതനകളും ധാരാളമായി വളർത്തിയിട്ടുള്ള പുരയിടം. 'തേന്മാവോളം പനസനികരം തെങ്ങോരോന്നിനു നന്നാല നാലിനും ക്രമുകമിടയിൽച്ചേർത്തു മുമ്മൂന്നു പിന്നെ ഒൻറിന്നൊൻറും വളർകദളിയും ചിങ്ങനും നൽക്കരിമ്പും കാകൊണ്ടീടും വഴുതനകളും മന്ദിരേമൽപ്രിയായാഃ' (41). വഴിയിൽനിന്നു് ഏതാനും കല്പടകയറിയാണു് വീട്ടിൽ ചെല്ലേണ്ടതു്. മകരമുഖംവച്ചു് അലങ്കരിച്ചതാണു് ദ്വാരഗേഹം. നാലുകെട്ടു രീതിയിലാണു് വീട്ടു്. (35-36). വിമലസ്വച്ഛപാനീയപൂർണ്ണമായ കിണറു മീനത്തിലുണ്ടായിരുന്നു. പാതി നികന്ന ഒരു കിണറു് ഇപ്പോഴും കാണാനുണ്ടു്. കിണററുകര പൂവണിഞ്ഞ ഒരു മുല്ല; തെക്കുവശത്തു ചെമന്തി; അതിനടുത്തു് ഈഴക്കമുകു്. കന്നിരാശിയിൽ ഉണ്ണുനീലിയുടെ ഭർത്താവു നട്ട ചെമ്പകത്തൈ. ഈ മരങ്ങളും ചെടികളുംകൊണ്ടു മനോഹരമായ ആ ഗൃഹത്തിൽ ഉണ്ണുനീലിയുടെ ചില ഓമനജന്തുക്കളുംകൂടെ ഉണ്ടു്. ഒരു വെരുകു്, പാട്ടുകയും ശ്ലോകം ചൊല്ലുകയും ചെയ്യുന്ന ഒരു കിളിപ്പെണ്ണു്, പീലികളുടെ ഭംഗിപരത്തുന്ന ഒരു മയിൽ എന്നിവ (44-44). അങ്ങനെ സൗഭാഗ്യരംഗമായ ആ ഭവനത്തിലാണു് അംഗനാമൗലിമാലയായ ഉണ്ണുനീലി നിവസിച്ചതു്. ഉണ്ണുനീലിയുടെ സൗന്ദര്യത്തെയും വിലാസത്തെയും എത്ര വർണ്ണിച്ചിട്ടും സന്ദേശകർത്താവിനു മതിയാവുന്നില്ല. പ്രഥമവിരഹവ്യാകുലയായ ഉണ്ണുനീലി നഷ്ടശോഭയായിരിക്കും. നീലപ്പട്ടായിട്ടും നീലപ്രാവിന്റെ ഇളംതൂവൽകൊണ്ടു നിറച്ചതും ആയ മെത്തയിൽ ആ മേചകാംഗി കിടന്നു വിലപിക്കും. (65-2). ഭർത്തൃവിരഹംകൊണ്ടു നിദ്രാവിഹീനയായി അഴലുന്ന ആ സ്ത്രീരത്നത്തിനു് ഭർത്താവിനെപ്പറ്റിയുള്ള വാർത്തകൾ അറിയിച്ചു ആശ്വാസം നൽകണമെന്നാണു് ആദിത്യവർമ്മയോടപേക്ഷിച്ചതു്. ആ അപേക്ഷ അദ്ദേഹം സ്വീകരിച്ചിരിക്കണമല്ലോ.

* ആ പുരയിടം ഇന്നു് ചന്ത്രത്തിൽ കൃഷ്ണപ്പണിക്കരെന്ന മാന്യന്റെ വകയാണു്.

# കമ്യൂണിററി എന്നാൽ എന്ത്?

എം. എം. ജോൺ ബി. എ. എം. എസ്സ്സി. (ഇല്ലിനായ്)

ഗ്രാമസേവനം, കമ്യൂണിററിപദ്ധതികൾ തുടങ്ങിയ സാമൂഹ്യക്ഷേമപരിപാടികളിൽ, അമേരിക്കയിലെ ഇല്ലിനായ് സർവ്വകലാശാലയിൽ പ്രത്യേകപരിശീലനം നടത്തി എം. എസ്സ്സി. ബിരുദം നേടിയിട്ടുള്ള ആളാണു ലേഖകൻ. സാമൂഹ്യപ്രവർത്തനങ്ങളിൽ താത്പര്യമുള്ള ഏവരുടെയും ശ്രദ്ധപതിയത്തക്ക ഒന്നാണ് പ്രസ്തുത ലേഖനം.

പത്രാധിപർ

നമ്മുടെ നാട്ടിൽ കമ്മ്യൂണിററി എന്നു പറയുന്നതു് അയൽവാസംകൊണ്ടു പരസ്പരം ബന്ധപ്പെട്ട ചില കുടുംബങ്ങൾ ഉൾപ്പെട്ട ചെറുഗ്രാമമാണെന്നു വിചാരിക്കുന്നവരുണ്ടു്. കമ്മ്യൂണിററിയും ഗ്രാമവും വ്യത്യസ്തങ്ങളാണു്. വർഗ്ഗം, മതം, ദേശം എന്നിങ്ങനെയുള്ള ചില പ്രത്യേക താല്പര്യങ്ങൾക്കധീനരായി വ്യക്തിപരമായ ഒരു മമത പുലർത്തുന്ന ചുരുക്കം ചില കുടുംബങ്ങൾ ഉൾപ്പെട്ടതാണു് ചെറുഗ്രാമങ്ങൾ ഓരോന്നും. അതിൽ വസിക്കുന്ന ഓരോരുത്തരും അയൽവാസികളുമായി പരസ്പരം കൂടിക്കണ്ടും സാധനസാമഗ്രികൾ വാങ്ങിക്കൊടുത്തും ജോലികൾ ചെയ്തും ഐക്യം പാലിച്ചുപോരുന്നു.

എന്നാൽ കമ്മ്യൂണിററി മിക്കവാറും ഒരു ചെറു നഗരത്തെ കേന്ദ്രമാക്കി ചുററുമുള്ള ഗ്രാമങ്ങൾ ഉൾപ്പെടെയുള്ള ഒരു വിസ്തൃത ഭൂവിഭാഗമാണു്. മാത്രമല്ല വിദ്യാഭ്യാസം, വ്യാപാരം, ഈശ്വരാരാധന, സംസ്കാരം തുടങ്ങിയ ആവശ്യങ്ങളിൽ പൊതുവായ താല്പര്യങ്ങൾ ഉള്ള ഒരു ജനസഞ്ചയത്തെ അതു് ഉൾക്കൊള്ളുകയും ചെയ്യുന്നു. മിക്കവാറും നമ്മുടെ രാജ്യത്തു് ഒന്നോ അതിലധികമോ പകുതികൾ ഉൾപ്പെട്ട ഒരു വിസ്തൃത ഭൂവിഭാഗത്തെ കമ്മ്യൂണിററി ആയി ഗണിക്കാവുന്നതാണു്. നിങ്ങളുടെ കമ്മ്യൂണിററിയുടെ വിസ്തൃതി എത്രമാത്രമായിരിക്കണമെന്നു നിങ്ങൾതന്നെ നിർണ്ണയിക്കേണ്ടതാണു്. നിങ്ങളുടെ താലൂക്കിൻെറ ഭൂപടത്തിൽ അതിൻെറ അതിരുകളെ അടയാളപ്പെടുത്തുന്ന ഒരു പ്ലാൻ തയ്യാറാക്കുക.

വിവിധ തരത്തിലുള്ള സേവനങ്ങളെ നിർവഹിക്കുന്നതിന് ഒരു കമ്മ്യൂണിററിയുടെ പ്രവർത്തനം പര്യാപ്തമാകുന്നു. നിങ്ങൾക്കു സ്വയമേവ നിർവഹിക്കുന്നതിനു സാദ്ധ്യമല്ലാത്തതും എന്നാൽ പൊതുജനതാല്പര്യമുള്ളതുമായ വിനിമയം, വിദ്യാഭ്യാസം, വാർത്താവിതരണം, ഗതാഗതസൗകര്യം സാമൂഹ്യപ്രവർത്തനം, മതസ്ഥാപനങ്ങൾ, തൊഴിലുകൾ എന്നിവകളെല്ലാം കമ്മ്യൂണിററിയുടെ പ്രവർത്തനപരിധിയിൽ ഉൾപ്പെട്ടവയത്രേ. ഇപ്പറഞ്ഞ എല്ലാ താല്പര്യങ്ങളെയും നിർവ്വഹിക്കത്തക്ക സാമ്പത്തികസ്ഥിതി ഉണ്ടായിരിക്കത്തക്കവിധം കമ്മ്യൂണിററി വലുതായിരിക്കണം. എങ്കിലും, കാര്യങ്ങളുടെ സുകരമായ നടത്തിപ്പിനും ഭരണപരമായ സേവനത്തിൽ ഓരോരുത്തർക്കും പരസ്പരബന്ധം ഉണ്ടായിരിക്കുന്നതിനും ആവശ്യമായ വിസ്തീർണ്ണതയിൽ അതു കവിഞ്ഞിരിക്കാൻ പാടില്ലാത്തതുമാണു്.

ആരോഗ്യസംരക്ഷണം, ഗ്രന്ഥശാലാപ്രവർത്തനം, അഗതിസംരക്ഷണം തുടങ്ങിയ ചെലവുകൾക്കായി താലൂക്കിലുള്ള വിവിധ കമ്മ്യൂണിററികൾ സംഘടിച്ചു് ഒരു ദേശീയപദ്ധതി ഉണ്ടാക്കേണ്ട ആവശ്യമുണ്ടു്. നിങ്ങളുടെ കമ്മ്യൂണിററിയിലെ ജനങ്ങളുടെ ജീവിതരീതിയും ആവശ്യങ്ങളും അറിഞ്ഞിരിക്കേണ്ടതു് കമ്മ്യൂണിററി സേവനം വിജയകരമാകുന്നതിനു സഹായിക്കുന്നു. ഇക്കാര്യത്തിൽ അയൽവാസികളുമായുള്ള സംഭാഷണങ്ങളും ചർച്ചകളും പ്രയോജനപ്പെടുത്താവുന്നതാണു്. തന്മൂലം നിങ്ങൾക്കാവശ്യമായിരിക്കുന്ന പല കാര്യങ്ങളുടേയും പുരോഗതിയെപ്പററി ചിന്തിക്കുന്നതിനും അവ പ്രായോഗികമാക്കിത്തീർക്കുന്നതിനും നിങ്ങൾക്കും നിങ്ങളുടെ അയൽക്കാർക്കും യോജിച്ചു പ്രവർത്തിക്കുവാൻ കഴിവുണ്ടാകുന്നു.

ഒരു കമ്മ്യൂണിററിയിലെ ജനങ്ങളുടെ വിപുലമായ ആവശ്യങ്ങൾക്കു പരിഹാരം കണ്ടുപിടിക്കുന്നതിന് ഒരു വ്യക്തിയുടെ പ്രവർത്തനംകൊണ്ടു മാത്രം സാദ്ധ്യമല്ല. അതിനാൽ ഒരു സംഘടനയുടേയും യോജിച്ചുള്ള പ്രവർത്തനങ്ങളുടെയും ആവശ്യം നേരിടുന്നു. പ്രത്യേകിച്ച്, ചില കാര്യങ്ങൾ ഒരു കമ്മ്യൂണിററിയിലെ എല്ലാ അംഗങ്ങളും സംഘടിച്ചും ചിന്തിച്ചും പ്രവർത്തിക്കേണ്ടവയായുണ്ട്. കൃഷിസംബന്ധമായ ആവശ്യങ്ങൾ, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസസൗകര്യം, പ്രാദേശിക ഗവണ്മെൻറ്, അഗതി സംരക്ഷണം, വിനോദപരവും കലാപരവുമായുള്ള പരിപാടികൾ, പൊതുനിരത്തുകൾ നിർമ്മിക്കുക, തൊഴിലില്ലായ്മയ്ക്കു പരിഹാരം നേടുക എന്നി പൊതു പ്രാധാന്യമുള്ള വിഷയങ്ങൾ ഇക്കൂട്ടത്തിലുൾപ്പെടുന്നു.

മേൽപ്പറഞ്ഞ വിഷയങ്ങളെ വിശകലനം ചെയ്തു ചിന്തിച്ച് അഭിവൃദ്ധിക്കുള്ള മാറ്റങ്ങൾ നിർദ്ദേശിക്കുന്ന ഒരു പ്ലാൻ തയ്യാറാക്കുന്നതു് ഒരു കമ്മ്യൂണിററിയുടെ പദ്ധതികളിൽ സുപ്രധാനമായ സ്ഥാനം വഹിക്കുന്നു.

വികസനപദ്ധതി കമ്മ്യൂണിററിയിൽപ്പെട്ട എല്ലാ അംഗങ്ങൾക്കും അതിപ്രാധാന്യമുള്ള വിഷയമാകയാൽ വിവിധ സംഘടനകളുടേയും നേതാക്കന്മാരുടേയും യോജിച്ചുള്ള ഒരു പരിപാടി രൂപീകരിക്കൽ കൂടുതൽ ഫലപ്രദമാണ്. താഴെ നിർദ്ദേശിക്കുന്ന വിഷയങ്ങൾ നടപ്പിൽ വരുത്തുന്നവെങ്കിൽ നിങ്ങളുടെ കമ്മ്യൂണിററിയെ അഭിവൃദ്ധിപ്പെടുത്തുവാൻ അവ സഹായിക്കുമോ എന്നു ചിന്തിക്കുക.

1. നിങ്ങളുടെ കമ്മ്യൂണിററിജനതയേയും അവരുടെ ആവശ്യങ്ങളേയും മനസ്സിലാക്കുക.
2. അതിൽപ്പെട്ട പ്രകൃതിവിഭവങ്ങൾ, ശക്തികൾ, കഴിവുകൾ എന്നിവയുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക.
3. കാർഷികവും, വ്യവസായികവുമായ തൊഴിലുകൾക്കുള്ള സാദ്ധ്യത വർദ്ധിപ്പിക്കുക.
4. പൊതുസ്ഥാപനങ്ങളെ പ്രയോജനകരമാംവിധം രൂപാന്തരപ്പെടുത്തുക.
5. ജനങ്ങളോടുകൂടി സഹകരിച്ച് അവർക്കു വേണ്ടി പ്രവർത്തിക്കേണ്ടതെന്താണെന്നും എങ്ങിനെയെന്നും മനസ്സിലാക്കുക.
6. എല്ലാവരുടേയും, വിശിഷ്യ വരുമാനം കുറഞ്ഞവരുടെയും വരവു വർദ്ധിപ്പിക്കുന്നതിനുള്ള മാറ്റങ്ങൾ നടപ്പിലാക്കുക.
7. വിദ്യാലയങ്ങളെ കാലാൻകൂലം പരിഷ്ക്കരിക്കുക.
8. വേണ്ടവണ്ണം ആരോഗ്യസംരക്ഷണം ചെയ്യുക.
9. വിനോദത്തിനും, വിശ്രമത്തിനുമുള്ള പരിപാടികൾ വികസിപ്പിക്കുക.
10. അഗതികളെ സംരക്ഷിക്കുക.
11. കമ്മ്യൂണിററിയിൽ എല്ലാവർക്കും പ്രയോജനപ്പെടാവുന്നവിധം സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
12. സകലർക്കും അവരവരുടെ മതാനുഷ്ഠാന സൗകര്യം നൽകുക.
13. പ്രാദേശിക ഭരണം കാര്യക്ഷമമാക്കുക.
14. ശിശുക്കൾക്കെന്നപോലെ വയോജനങ്ങൾക്കും വിദ്യാഭ്യാസസൗകര്യം സൃഷ്ടിക്കുക.
15. കമ്മ്യൂണിററി ഭംഗിയും ശുചിയുമുള്ളതാക്കിതീർക്കുക.

മേൽപറഞ്ഞ വിഷയങ്ങളെ ചുരുക്കമായി ആസൂത്രണം ചെയ്തു കഴിയുമ്പോൾ കമ്മ്യൂണിററി അഭിവൃദ്ധിപ്പെടുത്തേണ്ട മാറ്റങ്ങൾ സ്വയം വ്യക്തമാകുന്നതാണ്.

## കമ്മ്യൂണിററി പ്രവർത്തന നടപടികൾ.

1. ആദ്യമായി കർഷകരെ സംഘടിപ്പിക്കുക. ഇതര ഗ്രൂപ്പുകൾ കൂടി തങ്ങളുടെ പരിപാടിയിൽ സഹകരിക്കത്തക്കവണ്ണം അവയുടെ നേതാക്കന്മാരെ ക്ഷണിച്ചുകൊണ്ടു കർഷകൻ പരിപാടി രൂപീകരിക്കേണ്ടതാണ്. ഉദാഹരണമായി തങ്ങളുടെ കൃഷിസ്ഥലത്തിൻെറ ന്യൂനതകളെ പരിഹരിക്കുന്നതിന് ഒരു പദ്ധതി ആസൂത്രണം ചെയ്യുന്ന കാര്യംതന്നെ എടുക്കാം. ഇതര സംഘടനകളിലും, പൊതുസ്ഥലങ്ങളിലും വച്ച്

ഈ വിഷയത്തെപ്പററി ജനങ്ങൾക്കു വേണ്ട ബോധനം നൽകുകയും അവക്ക് ആ വിഷയത്തെപ്പററി ചിന്തിക്കുന്നതിന് അവസരം നൽകുകയും ചെയ്യുക. അനന്തരം അവ പ്രായോഗികമാക്കുക.

2. ഒരേ സമയം ഒന്നുമാത്രം പ്രവൎത്തിക്കുക. അനന്തരം അവ പ്രായോഗികമാക്കുക. എല്ലാ ജനങ്ങൾക്കും സഹകരിക്കുവാൻ കഴിയുന്നതും ഏററവും വിജയപ്രദവുമായ പദ്ധതി ആദ്യമായി തിരഞ്ഞെടുക്കുക. അതിൻെറ പ്രായോഗികഫലം കൂടുതൽ പ്രയാസമുള്ള മറൊന്നുകൂടി തീൎക്കുന്നതിനു വേണ്ട പ്രചോദനം നൽകുന്നതാണ്.

3. കൗൺസിൽ രൂപീകരിക്കുക. കമ്മ്യൂണിററി പ്രവൎത്തനത്തിൽ താല്പൎയ്യമുള്ള എല്ലാ സംഘടനകളുടെയും ഓരോ പ്രതിനിധിയെവീതം തിരഞ്ഞെടുത്തു് ഒരു കൗൺസിൽ രൂപീകരിക്കുക. ഒരു പുതിയ വ്യവസായം ആരംഭിക്കുന്നതിനു നിശ്ചയിക്കുന്നുവെങ്കിൽ അതിൽ പരിചയവും, പ്രാവീണ്യവും സിദ്ധിച്ചിട്ടുള്ളവരും താല്പൎയ്യമുള്ളവരുമായ ആളുകളെ ഉൾപ്പെടുത്തി കൗൺസിൽ രൂപീകരിക്കേണ്ടതാണ്. കൗൺസിൽ സ്ഥിരമായിരിക്കണമെന്നില്ല.

4. നിലവിലുള്ള സംഘടനകളെ ഉപയോഗപ്പെടുത്തുക. അപ്പഴപ്പോൾ നിലവിലുള്ള സംഘടനകൾമൂലം പ്രവൎത്തിക്കുന്നതു കൂടുതൽ എളുപ്പമാണ്. ഉദാഹരണം: പകൎച്ചവ്യാധിനിവാരണത്തിനു ഗവമ്മെൻറു നടത്തുന്ന പ്രവൎത്തനങ്ങളെ ഏറെറടുത്തു നടത്തുന്നതിന് ഒരു സംഘടന തയ്യാറാവുകയും, ഇതര സംഘടനകളെ സഹായത്തിനു ക്ഷണിക്കുകയും ചെയ്യാവുന്നതാണ്. അങ്ങിനെ ഗവൎമ്മെൻറിൻെറ പ്രവൎത്തനങ്ങളെ കൂടുതൽ ഫലപ്രദമാക്കുവാൻ യത്നിക്കാവുന്നതാണ്. ഓരോ പദ്ധതിയിലും അതാതു വിഷയങ്ങളിൽ താല്പൎയ്യമുള്ള സംഘടനകൾ നേതൃത്വം വഹിക്കുന്നതു നന്ന്. നേതൃത്വം ഏറെറടുക്കുന്നതിനു ഒരു ഗ്രൂപ്പും തയ്യാറാകുന്നില്ലെങ്കിൽ കൗൺസിൽ രൂപീകരിച്ചു കൗൺസിൽതന്നെ നേതൃത്വം വഹിക്കുക.

കമ്മ്യൂണിററി പ്രവൎത്തനത്തിനു യോജിച്ച നേതാക്കന്മാരാകാൻ കഴിവുള്ളവരുടെ ഒരുവിവരം മുൻകൂട്ടി അറിഞ്ഞിരിക്കേണ്ടതാണ്. വിവിധ വിഷയങ്ങളിൽ താല്പൎയ്യമുള്ളവരെ കണ്ടുപിടിച്ചു ഒരു ലിസ്റ്റ് തയ്യാറാക്കുക; എല്ലാ മീററിംഗുകളിലും അവരെ ക്ഷണിക്കുക.

കമ്മ്യൂണിററി നേതൃത്വം വളരെ പ്രാധാന്യമുള്ളതാണ്. ഒരു പുതിയ പദ്ധതി ഒരാൾ രൂപീകരിക്കുന്നുവെങ്കിൽ അതു പൊതുജനങ്ങൾക്കു സ്വീകാൎയ്യമാകുന്നതുവരെയോ അഥവാ അവർ നിരസിക്കുന്നതുവരെയോ അയാൾതന്നെ അതിനുവേണ്ട എല്ലാ പരിശ്രമങ്ങളും ചെയ്യേണ്ടതുണ്ട്. ഏതെങ്കിലും വിഷയത്തെപ്പററി ചിന്തിച്ചു വേണ്ട പ്രോൽസാഹനവും, ഉത്തേജനവും നൽകുന്നതിനു കഴിവുള്ള സ്നേഹിതന്മാർ, അദ്ധ്യാപകന്മാർ, വക്കീലന്മാർ, ഡാക്ടറന്മാർ തുടങ്ങിയ പ്രവൎത്തകരോടു സഹായങ്ങളും സഹകരണവും ആവശ്യപ്പെടണം. ഓരോ വ്യക്തിയേയും സമീപിച്ചു് ആവശ്യമായ എല്ലാ സഹായങ്ങളും സമ്പാദിക്കേണ്ടതാണ്. ഒരു നായകൻ തന്നോടുകൂടി സഹകരിക്കുവാൻ പലരേയും ക്ഷണിക്കേണ്ടതും ആവശ്യമായി വരുന്ന സ്ഥാനങ്ങളിലും സന്ദൎഭങ്ങളിലും നേതൃത്വം മററുള്ളവരെ ഏല്പിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കേണ്ടതുമാണ്.

ഒരു പുതിയ പദ്ധതി കമ്മ്യൂണിററിയിൽ ആവിൎഭവിക്കുമ്പോൾ അതു് ഏറെറടുത്തു നടത്തുന്നതിനു നേതാക്കന്മാർ ഇല്ലാതിരിക്കുന്നുവെങ്കിൽ കൂട്ടത്തിൽനിന്നും ഒരാളിനെ തിരഞ്ഞെടുക്കേണ്ടതാവശ്യമാണ്. നായകനെ തെരഞ്ഞെടുക്കുന്നതു് വിവിധ ഗ്രൂപ്പുകൾ സംഘടിച്ചായിരിക്കണം. ഓരോ വ്യക്തിയുടെയും സമ്മതത്തോടുകൂടി വിവിധ നേതാക്കന്മാരുടെ ഒരു ലിസ്റ്റ് തയ്യാറാക്കണം. പുതുതായി രൂപീകരിച്ച ഒരു കൗൺസിൽ നായകനെ വോട്ടുമുഖേനയോ മററുവിധത്തിലോ തിരഞ്ഞെടുക്കണം.

ഇതിനും പുറമേ കമ്മ്യൂണിററിയിൽപെട്ട അദ്ധ്യാപകന്മാർ, ഡാക്ടന്മാർ, സാനിട്ടറിപ്രവൎത്തകന്മാർ, ലൈബ്രറിയന്മാർ, വക്കീലന്മാർ തുടങ്ങി തൊഴിൽ പരിശീലനം സിദ്ധിച്ച വിദഗ്ദ്ധന്മാരു

ടെയും സേവനം സമ്പാദിക്കേണ്ടതാവശ്യമാണു്. കമ്മ്യൂണിററിയിൽ നിന്നുകൊണ്ടു ബാഹ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കുവാൻ അവർ ബാദ്ധ്യസ്ഥരുമാണു്. ലീഡർ പ്രഥമമായ ഉത്തരവാദിത്വമുള്ളവനാണെങ്കിലും ലീഡറെ എല്ലാവിധത്തിലും സഹായിക്കുവാൻ അവക്കു കഴിവുണ്ടായിരിക്കണം.

## പദ്ധതി പ്രായോഗികമാക്കുക.

നിർവ്വഹിക്കേണ്ട പദ്ധതിയുടെ ആവശ്യകതയെപ്പററിയുള്ള ബോധം ജനിപ്പിക്കുകയാണു് പ്രഥമ കാര്യം. കമ്മ്യൂണിററിയിൽ ജനങ്ങൾ സമൂഹമായി കൂടുന്ന എല്ലാ സ്ഥാനങ്ങളിലും പ്രസ്തുത വിഷയത്തെപ്പററിയുള്ള അറിയിപ്പുകൾ നൽകുക. അങ്ങിനെ പൊതുജനങ്ങൾ ഈ വിഷയത്തെപ്പററി പഠിക്കുന്നതിനും ചിന്തിക്കുന്നതിനും ഇടയാകുന്നു. പദ്ധതി എല്ലാവക്കും സ്വീകാര്യമെന്നു കാണുന്നെങ്കിൽ അതിന്റെ പ്രായോഗികതയെപ്പററി കമ്മ്യൂണിററിയിലുള്ള പൊതുജനങ്ങളുടെ അഭിപ്രായഗതി അറിയുക. ഓരോ വ്യക്തിയേയും സമീപിച്ചു് ഇക്കാര്യത്തിൽ വേണ്ട സഹായവും പിൻതുണയും ആവശ്യപ്പെടണം. ഈ മാർഗ്ഗത്തിൽ കൂടിയാണു് അമേരിക്കയിൽ കമ്മ്യൂണിററി പ്രവർത്തനം നടപ്പിലാക്കുന്നതു്. ഇതു നമ്മുടെ കമ്മ്യൂണിററിയിലും പ്രായോഗികമാക്കുവാൻ കഴിയുമോ എന്നു ചിന്തിക്കുക. ഓരോ പദ്ധതിയും പ്രാരംഭത്തിൽ ലഘുവായിരുന്നാൽ മതി. അവയുടെ പ്രായോഗികത ഇതര സംഘടനകൾക്കു കൂടി മാർഗ്ഗദർശകമാകത്തക്കവണ്ണം ഓരോ പദ്ധതിയുടെയും പ്രവർത്തനത്തിൽ ഇതര സംഘടനകളേയും, നേതാക്കന്മാരേയും ക്ഷണിച്ചു് ആവശ്യമായ സഹകരണം സമ്പാദിക്കേണ്ടതാണു്. കമ്മ്യൂണിററി പ്രവർത്തനത്തിൽ ഒരു സ്ഥാനമോ ഉദ്യോഗമോ ലഭിക്കുന്നതിനെക്കാൾ ഒരു പ്രശ്നം പരിഹരിക്കുക എന്നുള്ളതിനാണു് പ്രാധാന്യം.

ഒരു സംഘടന ഒരു പദ്ധതി നടപ്പിലാക്കിയാൽ അതിനെ സംബന്ധിച്ചുള്ള വിശദവിവരം നേതാക്കന്മാരെ അറിയിക്കുക. അനന്തരം അവ നേതാക്കന്മാരുടെ അനുമതിയോടുകൂടി കമ്മ്യൂണിററി ഒന്നാകെ നടപ്പിലാക്കുന്നതിനു കഴിയുന്നതാണു്.

ഗ്രാമപ്രദേശങ്ങളിലുള്ള ജനങ്ങൾക്കു തങ്ങളുടെ പ്രശ്നങ്ങളിൽ ആലോചിച്ചു പ്രവത്തിക്കുന്നതിനുള്ള കഴിവുണ്ടായിരിക്കണം. ഇങ്ങനെയുള്ള പ്രവത്തനങ്ങൾ, ഗൃഹം, കുടുംബം, കൂട്ടായ്മ, കമ്മ്യൂണിററി, രാജ്യം എന്നിങ്ങനെ വികസിതമായ തോതിലുള്ള ഏതു പ്രശ്നത്തിനും, പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും പര്യാപ്തമാകത്തക്ക രീതിയിലായിരിക്കണം. ചുരുക്കത്തിൽ കുടുംബം മുതൽ അഖിലദേശീയവിഷയങ്ങൾവരെ ചിന്തിക്കുന്നതിനു് സാധിക്കണം.

## സംഗ്രഹം.

വർഗ്ഗം, മതം, ദേശം എന്നിവയിൽ വ്യക്തിതാല്പര്യത്തോടുകൂടിയതും ചുരുക്കം ചില കുടുംബങ്ങൾ പരസ്പരം പുലത്തുന്നതുമായ ബന്ധമാണു് കൂട്ടായ്മകൾ. എന്നാൽ കമ്മ്യൂണിററിയാകട്ടെ, വാണിജ്യം, വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങളിൽ പൊതുവായ താല്പര്യത്തോടുകൂടിയ ജനസമൂഹം നിവസിക്കുന്നതും മിക്കവാറും ഒരു നഗരം കേന്ദ്രമാക്കി വിവിധ ഗ്രാമങ്ങൾ ചുററുമുള്ളതുമായ ഒരു പ്രദേശമാകുന്നു. കമ്മ്യൂണിററിയുടെ അഭിവൃദ്ധിക്കു നിദാനമായിരിക്കുന്നതു് അതിലുൾപ്പെട്ടവരുടെ വിവിധസേവനങ്ങളെയും, പ്രവർത്തനത്തേയുംപററി പഠിച്ചു അവയിലുള്ള ന്യൂനതകൾ കണ്ടുപിടിക്കുക എന്നുള്ളതാണു്. മൂലധനം, വ്യവസായസൌകര്യം, പൊതുസ്ഥാപനങ്ങൾ, ജനങ്ങൾ, വരുമാനം, വിദ്യാഭ്യാസം, കൂട്ടായ്മകൾ, ആരോഗ്യം, വിനോദത്തിനും, വിശ്രമത്തിനുമുള്ള പരിപാടികൾ, സാമൂഹ്യസംരക്ഷണം, സംഘടനകൾ, പ്രാദേശികഭരണം, ഗ്രന്ഥശാല, ഗ്രാമശുചീകരണം എന്നിവ കമ്മ്യൂണിററിയുടെ സേവനങ്ങളിൽ പ്രാധാന്യമർഹിക്കുന്നവയാകുന്നു.

കമ്മ്യൂണിററി പ്രവത്തനത്തിനുള്ള ഈ നടപടികൾമുഖേന കർഷകരെ സംഘടിപ്പിക്കുക. ഒരേസമയം ഒന്നുമാത്രം ചെയ്യുക, കൗൺസിൽ രൂപീകരിക്കുക, നിലവിലിരിക്കുന്ന സംഘടനകളെ പ്രയോജനപ്പെടുത്തുക തുടങ്ങിയ പരിപാടികൾമൂലം കമ്മ്യൂണിററിപ്രവത്തനത്തിനുള്ള പ്രായോഗികപദ്ധതിയും നടപ്പിലാക്കാവുന്നതാണു്.

# മലയാളനാടകങ്ങളുടെ ആദ്യഘട്ടം

## വലിയകോയിത്തമ്പുരാനും മന്നാടിയാരും

പി. കെ. പരമേശ്വരൻനായർ

അത്യുനികഭാഷാസാഹിത്യത്തെ ചരിത്രദൃഷ്ട്യാ ശോധിച്ചു വിലയിരുത്താൻ ആരുമത്ര നിഷ്കർഷിച്ചിട്ടില്ല. അവ്വണ്ണമുള്ള ഒരു പ്രത്യവലോകനം, ശ്രീ. പി. കെ. പരമേശ്വരൻ നായർ ഒരു പുതിയ ഗ്രന്ഥം മുഖേന നിർവ്വഹിപ്പാൻ പ്രയത്നിച്ചുവരുന്നതായി അറിയാം. അമുദ്രിതമായ മേല്പടി ഗ്രന്ഥത്തിലെ ഏതാനും ഏടുകളാണ് ചുവടേ പകർത്തുന്നത്.

പത്രാധിപർ

വടക്ക് പൂന്തോട്ടത്തിന്റെയും വെണ്മണിമാരുടേയും പ്രസ്ഥാനം മലയാളകവിതയ്ക്കു നവീനമായ ഉണർവ്വും ചൈതന്യവും നൽകിവരവേ ദക്ഷിണദേശത്തു് മറ്റൊരു പ്രഗത്ഭപുരുഷന്റെ യത്നം അതിനെ വേറൊരു പന്ഥാവിലേക്ക് തിരിച്ചുവിടുന്നുണ്ടായിരുന്നു. ആ വ്യക്തി സാക്ഷാൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തന്നെ. അദ്ദേഹത്തിന്റെ ഭാഷാപരമായുള്ള നാനാമുഖങ്ങളായ യത്നങ്ങൾക്കിടക്ക് അദ്ദേഹം കവിതാശാഖക്ക് വിലയേറിയ ഒരു സംഭാവന നൽകി. അതൊരു സ്വതന്ത്രകൃതിയായിരുന്നില്ല. എങ്കിലും അഭിനവ സ്വതന്ത്രകൃതികളിൽ വളരെ ചുരുക്കമെണ്ണത്തിനേ ഒരു സാഹിത്യശാഖയുടെ വളർച്ചയിൽ ഇതുപോലെ മികച്ച ഒരു സ്ഥാനം കൈക്കലാക്കാൻ കഴിഞ്ഞിട്ടുള്ളൂ. കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിനു് വലിയകോയിത്തമ്പുരാനെഴുതിയ പരിഭാഷയായ മണിപ്രവാളശാകുന്തളമായിരുന്നു ഈ നൂതനകൃതി.

മലയാളത്തിൽ അതിനുമുമ്പ് ഒരു നാടകകൃതി—സ്വതന്ത്രമാകട്ടെ അനുകരണമാകട്ടെ—ഉണ്ടായിരുന്നില്ല. * ആട്ടക്കഥകളുടെ പ്രചാരവും വലിയ കവികളെല്ലാം സംസ്കൃതകവനഭ്രമക്കാരായിരുന്നതും ആയിരിക്കാം ഇതിനു കാരണം. ഏതായാലും സംസ്കൃത നാടകങ്ങളുമായി വളരെ മുമ്പിനാലേതന്നെ ഗാഢപരിചയം സമ്പാദിച്ചുവന്ന കേരളീയർക്ക് മലയാളത്തിൽ ഒരു സ്വതന്ത്രനാടകം എഴുതുന്നതിനെന്നല്ലതോ പോകട്ടെ, മറുഭാഷയിൽനിന്നൊന്നു പരിഭാഷപ്പെടുത്തുന്നതിനുതന്നെ കൊല്ലം പതിനൊന്നാം ശതകത്തിന്റെ മദ്ധ്യകാലംവരെ കാത്തിരിക്കേണ്ടിവന്നു.

വലിയകോയിത്തമ്പുരാൻ അന്നുവരെ — കൊല്ലം 1057-ലാണു് ശകുന്തള തർജ്ജിമ പ്രസിദ്ധീകരിച്ചതു്—മലയാള കവിതയിൽ ഏതാണ്ടു് ഉദാസീനനായി കഴിയുകയായിരുന്നു. അദ്ദേഹത്തിന്റെ കവിതാവാസന പ്രത്യക്ഷമായതു് മിക്കവാറും സംസ്കൃത കവനങ്ങൾവഴിയാണു്. മലയാളസ്പർശമുള്ള ഏതാനും കൃതികൾ അദ്ദേഹവും എഴുതാതിരുന്നില്ല. അവ മിക്കവാറും ആട്ടക്കഥകളായിരുന്നു. ഹനുമദുത്ഭവം, പ്രലംബവധം, മത്സ്യവല്ലഭവിജയം, ധ്രുവചരിതം മുതലായവ. അവയിലും മലയാളകവനപാടവത്തെക്കാൾ കവിക്കു് സംസ്കൃതത്തിലുള്ള രചനാസ്വാധീനമാണു് കൂടുതൽ പ്രകടമാകുന്നതു്. വാസ്തവത്തിൽ കോയിത്തമ്പുരാൻ കവിതയിൽ സംസ്കൃതപക്ഷപാതിതന്നെയായിരുന്നു.

---

* പൂർവ്വിക ക്രിസ്ത്യാനികളുടെ ഇടയ്ക്കു് പ്രചാരത്തിലിരുന്ന ചവിട്ടുനാടകപ്രസ്ഥാനവും, ജനോവാ നാടകം, കാറൽമാൻ ചരിത്രം, നെപ്പോളിയന്റെ ചരിത്രം തുടങ്ങി ചിലകൃതികളും ഈ അവസരത്തിൽ സ്മരണീയങ്ങളാണു്. എന്നാൽ അവയിലെ വൈദേശിക പശ്ചാത്തലങ്ങളും, കലാപരവും സാഹിത്യപരവുമായ ഭംഗിക്കുറവും മൂലമായിരിക്കാം, അവയ്ക്കു വലിയ പ്രചാരം കിട്ടുന്നതിനോ പില്ക്കാലത്തെ മലയാളനാടകത്തെ സാരമായി സ്പർശിക്കുന്നതിനോ സാധിച്ചില്ല.

പിന്നെ എന്തുകൊണ്ടാണു് സംസ്കൃതത്തിലെ മുഖ്യനാടകത്തെ മലയാളത്തിലേക്കു പരിഭാഷപ്പെടുത്താൻ കോയിത്തമ്പുരാൻ ഉദ്യമിച്ചതെന്നാണെങ്കിൽ, അതു് അക്കാലത്തിനുമുമ്പുതന്നെ അദ്ദേഹത്തെ ആവേശിച്ചുകഴിഞ്ഞിരുന്ന ഭാഷാപോഷണവ്യഗ്രതമൂലമെന്നുവേണം വിചാരിക്കാൻ. മലയാള കവനവും സ്വകർമ്മ പരിധിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞപ്പോൾ പ്രതിഭാശാലിയായ അദ്ദേഹത്തിനു് അതും അസാദ്ധ്യമായി തോന്നിയില്ല. സംസ്കൃതസങ്കലനം കൂടുതലുള്ള മണിപ്രവാളശൈലിയിൽ കവനം ചെയ്യാൻ അദ്ദേഹത്തിനുണ്ടായിരുന്ന പ്രാഗത്ഭ്യം ഒന്നു പ്രത്യേകവുമായിരുന്നു.

ജയിൽവാസത്തിനുശേഷം ജീവിതത്തെ തെല്ലു ഗൗരവപൂർവ്വം വീക്ഷിക്കാൻ തുടങ്ങിയിരുന്ന വലിയകോയിത്തമ്പുരാന്റെ അനന്തരമുള്ള പ്രവൃത്തിപഥം തന്നെ കൂടുതൽ ഗൗരവം കൈക്കൊണ്ടു. ഭാഷാപോഷണപരമായ യത്നങ്ങളിലും അതു കുറെയൊക്കെ് പ്രതിഫലിച്ചു. സാമാന്യഗദ്യഗ്രന്ഥങ്ങളോടൊപ്പം പ്രൗഢകൃതികളും മലയാളത്തിൽ ഉണ്ടാകണമെന്നുള്ളതിൽ അദ്ദേഹത്തിനും, അദ്ദേഹത്തിന്റെ ഉപദേഷ്ടാവും മാർഗ്ഗദർശിയുമായിരുന്ന വിശാഖംതിരുനാൾ മഹാരാജാവിനും അഭിപ്രായൈക്യമാണുണ്ടായിരുന്നതു്. ശാകുന്തളം നാടകത്തെ ആയില്യംതിരുനാൾ കാലേകൂട്ടി മലയാളഗദ്യത്തിലേയ്ക്കു വിവർത്തനം ചെയ്തിരുന്നാലും വലിയകോയിത്തമ്പുരാനു് മാർഗ്ഗദർശകമായിരുന്നിരിക്കണം.

വിശാഖംതിരുനാളിന്റെ നിർദ്ദേശപ്രകാരം നടത്തിവന്ന ‘വിദ്യാവിലാസിനി’ എന്ന മാസികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചുകൊണ്ടാണു് ശാകുന്തള തർജ്ജമ വലിയകോയത്തമ്പുരാൻ തുടർന്നതു്. എഴുതിവന്ന ഭാഗങ്ങളെ വിശാഖംതിരുനാൾ അപ്പപ്പോൾ കണ്ടഭിനന്ദിക്കുകയും, വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവന്നു. 1507-ൽ ഗ്രന്ഥം കോട്ടയ്ക്കകത്തെ ‘കേരളവിലാസം’ അച്ചുക്കൂടത്തിൽ അടിച്ചു പ്രസിദ്ധീകരിച്ചപ്പോൾ മഹാരാജാവു് വലികോയത്തമ്പുരാനു് ഇപ്രകാരമെഴുതി: “ഇതു് മലയാളത്തിലെ ഒരു ഉൽകൃഷ്ടകൃതിയായി നിലനില്ക്കുമെന്നു് എനിക്കു നിശ്ചയമുണ്ടു്.”

## ശാകുന്തളത്തിന്റെ വിജയവും പരാജയവും

പ്രസിദ്ധീകരിച്ചു കഴിഞ്ഞയുടൻ തന്നെ മണിപ്രവാളശാകുന്തളം സഹൃദയന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായി. പക്ഷെ ഒരു തർജ്ജിമയെന്നുള്ള നിലയിൽ അതു് ഒരു വിജയമായിരുന്നെന്നു് വിചാരിക്കാൻ തരമില്ല. വാസ്തവത്തിൽ അതിനു് പലവിധ കുറവുകളുമുണ്ടു്. പല കാരണങ്ങൾകൊണ്ടും ആ കുറവുകളെ അന്നത്തെ സഹൃദയലോകത്തിനു വിശദമായി കാണാൻ കഴിഞ്ഞില്ല. കഴിഞ്ഞെങ്കിൽതന്നെയും അവരിൽ ഭൂരിഭാഗവും അതൊന്നും കാര്യമായി കരുതിയില്ല. ഒന്നാമതു് പരിഭാഷയെന്നോ സ്വതന്ത്രകൃതിയെന്നോ പറയത്തക്ക നാടകങ്ങൾ ഇല്ലായിരുന്നതിനാൽ മറ്റൊന്നിനോടു തട്ടിച്ചുനോക്കി ഗുണദോഷനിരൂപണം ചെയ്യാൻ സാദ്ധ്യമായിരുന്നില്ല. പിന്നെ വലിയകോയിത്തമ്പുരാന്റെ വ്യക്തിവൈശിഷ്ട്യവും കാളിദാസകൃതിയുടെ മഹനീയതയും തർജ്ജിമയുടെ മാററ വർദ്ധിപ്പിച്ചു. ഈ വക സാഹചര്യങ്ങളോടൊന്നിച്ചു് പരിഭാഷയുടെ ചില വൈശിഷ്ട്യങ്ങൾ—അതായതു് വലിയകോയിത്തമ്പുരാന്റെ കവിതയ്ക്കു സഹജമായ ഗാംഭീര്യവും ഒഴുക്കും സംഗീതമാധുരിയും—കൂടിയായപ്പോൾ പുതിയ ഗ്രന്ഥം ഒരസാധാരണ കൃതിയായി പരിഗണിക്കപ്പെട്ടു.

അന്തസ്സാരത്തിലും, പ്രൗഢിയിലും മണിപ്രവാളശാകുന്തളം അന്നുണ്ടായിരുന്ന സാമാന്യകവിതകളുടെ ഇടയ്ക്കു് അതിന്റെ ഔൽകൃഷ്ട്യം തികച്ചും പ്രകടമാക്കി. ദീർഘകാലം ശൂന്യമായിക്കിടന്നിരുന്ന ഒരു അന്തരാളത്തിനുശേഷം ഈടുള്ള ഒരു കൃതി മലയാളത്തിൽ ഉണ്ടായതു ശാകുന്തളത്തോടു കൂടിയാണു്. വെണ്മണി കവിതയുടെയും അതിനെ തുടർന്നുണ്ടായ അനുകരണങ്ങളുടെയും ഉപരിപ്ലവതയ്ക്കു് ഏതാണ്ടൊരു പ്രതികരണം തന്നെയായിരുന്നു അതു്. മലയാളത്തിൽ ഏറക്കുറെ പരിത്യക്തമായിക്കിടന്നതും അവശ്യം പരിപുഷ്ടമാകേണ്ടിയിരുന്നതുമായ ഒരു

നൂതനപ്രസ്ഥാനത്തിന് അതു് മാർഗ്ഗം തെളിക്കുകയും ചെയ്തു.

എന്നാൽ പ്രശംസകളോടൊപ്പം പ്രതിപക്ഷ വിമർശങ്ങളും ഗ്രന്ഥത്തിന്റെ പുറപ്പാടു മുതല്ക്കേ ഉണ്ടായിക്കൊണ്ടിരുന്നു. തർജ്ജിമയുടെ രീതിയും ശൈലിയും മലയാളത്തിലെ അന്നത്തെ നൂതന പ്രവണതയ്ക്കു് ലേശവും യോജിച്ചതായിരുന്നില്ലെന്നുള്ളതാണ് അതിനു കാരണം. വെണ്മണിയുടെ സരസവും സ്വച്ഛസുന്ദരവുമായ മലയാളശൈലിയിൽ രസിച്ചിരുന്ന സാമാന്യ സഹൃദയന്മാർക്ക് കോയിത്തമ്പുരാന്റെ കൊടിയ മണിപ്രവാളം അത്ര പിടിക്കാതെ വന്നതിൽ അത്ഭുതമില്ല. ഗദ്യസാഹിത്യത്തിൽ അദ്ദേഹം പ്രദർശിപ്പിച്ചുവന്ന പുരോഗമനബുദ്ധിയും ദീർഘ വീക്ഷണവും കവിതയെ സംബന്ധിച്ചിടത്തോളം കണ്ടില്ല. പലകാലങ്ങളായി മുററിവളർന്നുപോയ സംസ്കൃത കവന പ്രതിപത്തിയായിരുന്നിരിക്കണം അതിനു ഹേതു. ശാകുന്തളത്തിലെ പല ഭാഗങ്ങളേയും ഈ സംസ്കൃതഭ്രമം വഷളാക്കിയിട്ടുണ്ടു്. ചിലയിടങ്ങളിൽ മൂലശ്ലോകങ്ങളിലെ ലളിതമായ സംസ്കൃത പ്രയോഗങ്ങൾക്കു പകരം ദുർഘടമേറിയ പദങ്ങളും സമാസങ്ങളുമാണ് പരിഭാഷയിൽ കാണുന്നതു്.

"ക്ലാന്താനൈദാഘവാതഗ്ലപിതദലകുലാ
മല്ലികാ വല്ലികേവ" എന്നും,

"പ്രാന്തക്ഷോണീ പടാന്തസ്രുത ജലകണകാന്താ ചതോയാശയാനാം" എന്നും മററുമുള്ള വരികളെ മലയാളത്തിലുള്ളവയായി പരിഗണിക്കാൻ ആർക്കു കഴിയും? ചില ഘട്ടങ്ങളിൽ കാളിദാസന്റെ ആശയങ്ങളെ വളരെ വിസ്തരിച്ചും ഇല്ലാത്തതു കൂട്ടിച്ചേർത്തും, ഉള്ളതു വിട്ടുകളഞ്ഞുമാണ് വലിയ കോയിത്തമ്പുരാൻ പരിഭാഷപ്പെടുത്തിയിട്ടുള്ളതു്. ചിലയിടത്തു് ഈ രീതി ശ്ലോകങ്ങളെ സ്വതന്ത്രമായ നിലയിൽ വളരെ മനോഹരമാക്കിത്തീർത്തിട്ടുമുണ്ടു്.

" ഫുല്ലാബ്ജത്തിനു രമ്യതക്കുകുറവോ
പായൽപതിഞ്ഞീടിലും?
ചൊല്ലാർന്നോരഴകല്ലയോ പനിമതി
ക്കങ്കംകറുത്തെങ്കിലും?
മല്ലാക്ഷീമണിയാൾക്കു വല്ക്കലമിതും
ഭൂയിഷ്ഠശോഭാവഹം
നല്ലാകാരമതിനാലങ്കരണമാ
മെല്ലാപദാർത്ഥങ്ങളും"

എന്നും മററുമുള്ള ശ്ലോകങ്ങൾ മലയാളത്തിന് ഈടുവയ്പുകൾതന്നെയാണ്. അനന്തരകാലത്തു് എത്രയോ കവികൾ ഇത്തരം ശ്ലോകങ്ങളുടെ സ്ഥാനത്തു് വേറെ പദ്യങ്ങൾ എഴുതിച്ചേർത്തു. അവയിൽ ഒന്നിനെങ്കിലും വലിയ കോയിത്തമ്പുരാന്റെ പദ്യങ്ങളുടെ പദവി സിദ്ധിച്ചിട്ടില്ല.

"മാനോടൊത്തുവളർന്ന മന്മഥകഥാ
ഗന്ധംഗ്രഹിക്കാത്തവൾ
താനോനാഗരികാംഗനാരസികനാ
മെന്നെഭ്രമിപ്പിക്കുവാൻ
ഞാനോരോന്നു വൃഥാപറഞ്ഞു പരിഹാ-
സാർത്ഥംപരം തോഴരേ
താനോർത്തുധനതൊക്കെയിന്നു പരമാ-
ർത്ഥതേ്വനബോധിക്കൊലാ"

എന്ന ശ്ലോകം മൂലശ്ലോകത്തിന്റെ തർജ്ജിമയെക്കാൾ അതിന്റെ സരസമായ ഒരു വിശദീകരണമാണ്. എങ്കിലും ഭംഗിയേറിയ മററു പല പദാനുപദതർജ്ജിമകളെക്കാളും മലയാളികൾക്കു് ഏററവും ഹൃദ്യമായ പരിഭാഷ അതായിട്ടാണ് ഇന്നും നില്ക്കുന്നതു്.

ഇങ്ങിനെയൊക്കെയാണെങ്കിലും കവിതയുടെ ചരിത്രപരമായ വളർച്ചയെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ ശാകുന്തളപരിഭാഷ പുരോഗമനത്തിന് ഒരു അങ്കുശമായാണ് പരിണമിച്ചതെന്ന് പറയാതെ തരമില്ല. ആട്ടക്കഥകളിലെയും ചമ്പുക്കളിലെയും സംസ്കൃതമയമായ ശൈലിയിൽനിന്ന് വെണ്മണിപ്രസ്ഥാനമുണ്ടാക്കിയ മുന്നേററത്തെ ശാകുന്തളപരിഭാഷ ഒന്നു പിന്നോക്കം പിടിക്കുകതന്നെ ചെയ്തു. "താന്താനൈദാഘവാതഗ്ലപിതദലകുലാമല്ലികാവല്ലികേവ" എന്നും മററുമുള്ള വരികൾ പഴയ ചമ്പുക്കൾക്കുപോലും താങ്ങത്തക്കവയല്ലല്ലോ. അത്തരം ശൈലി സഹൃദയന്മാരുടെ ശ്രോത്രപുടങ്ങളുമായി ഏറെക്കുറെ യാത്ര പറഞ്ഞു കഴിഞ്ഞിരുന്ന ആ

സന്ദർഭത്തിൽ വലിയ കോയിത്തമ്പുരാൻ അവയ്ക്കു് അല്പകാലത്തേക്കുകൂടി വിഹാരസൗകര്യം നൽകുകയാണു ചെയ്തതു്.

കേരളവർമ്മപ്രസ്ഥാനത്തിനും അനുയായികൾ ഇല്ലാതിരുന്നില്ല. എങ്കിലും വെണ്മണിയുടെ രീതി സാഹിത്യനിർമ്മാതാക്കളേയും, ആസ്വാദകന്മാരെയും ഒരുപോലെ സ്വാധീനപ്പെടുത്തിക്കഴിഞ്ഞിരുന്നതിനാൽ മണിപ്രവാള ശാകുന്തളത്തെ തുടർന്നുണ്ടായ ഇതരനാടക തർജ്ജിമകളും സ്വതന്ത്ര കവിതകളും ശുദ്ധമലയാള ശൈലിയിലാണെഴുതപ്പെട്ടതു്.

## അനുകരണങ്ങൾ

നാടകമെഴുത്തിൽ വലിയകോയിത്തമ്പുരാനെ ആദ്യം അനുകരിച്ചതു് ചാത്തുക്കുട്ടിമന്നാടിയാർ ആയിരുന്നു. ശാകുന്തളത്തിന്റെ ആവിർഭാവത്തിനുശേഷം നാലഞ്ചുവർഷം കഴിഞ്ഞു് അദ്ദേഹം ജാനകീപരിണയം പരിഭാഷപ്പെടുത്തി. പക്ഷേ ശാകുന്തളത്തിനു സിദ്ധിച്ച പ്രശസ്തിയോ പ്രചാരമോ ആ കൃതിക്കു ലഭിച്ചില്ല. തർജ്ജിമക്കു പറയത്തക്ക അപാകമൊന്നും ഉണ്ടായിട്ടല്ല ഇങ്ങനെ സംഭവിച്ചതു്. നേരേമറിച്ചു് വലിയ കോയിത്തമ്പുരാന്റെ ശൈലിയെ അപേക്ഷിച്ചു് വളരെ ലളിതവും സുഗമവുമായ മലയാളശൈലിയായിരുന്നു ജാനകീപരിണയത്തിലേതു്. പിന്നെ എന്തായിരിക്കാം പരാജയഹേതു എന്താണെങ്കിൽ ഒന്നാമതു മൂലകൃതികൾ തമ്മിൽ ഗുണപൌഷ്കല്യത്തിലുള്ള വ്യത്യാസം ഗണനീയമാണു്. ശാകുന്തളത്തിനെ അപേക്ഷിച്ചു് എത്രയോ പടി താഴ്ന്നതരത്തിലുള്ള ഒരു കൃതിയാണു് ജാനകീപരിണയമെന്നു് പറയേണ്ടതില്ല. അതിന്റെ പരിഭാഷക്കു് ശാകുന്തളപരിഭാഷക്കുള്ളത്ര അംഗീകാരം സിദ്ധിക്കാതെ പോയതു് സ്വാഭാവികം മാത്രമാണു്. പിന്നെ മന്നാടിയാരുടെ പരിഭാഷ തന്നെ ദോഷങ്ങളിൽനിന്നാത്ര വിമുക്തമായിരുന്നുമില്ല. പിൽക്കാലത്തു് ഉത്തരരാമചരിതം അദ്ദേഹം പരിഭാഷപ്പെടുത്തിയതിൽ പ്രത്യക്ഷപ്പെട്ട ഗുണങ്ങൾ ജാനകീപരിണയ തർജ്ജിമയിൽ കാണാനില്ല. മന്നാടിയാരുടെ പാടവം കുറച്ചുകൂടി പക്വത പ്രാപിക്കാനുണ്ടായിരുന്നെന്നാണു തോന്നുന്നതു്. ശൈലിയുടെ ഓജസ്സും, സ്വാഭാവികതയും കുറച്ചുകൂടി തെളിയാനുണ്ടായിരുന്നു. ശാകുന്തളത്തിന്റെ അത്ര ജനസമ്മതി ലഭിച്ചില്ലെങ്കിലും ജാനകീപരിണയം മലയാള സാഹിത്യത്തിനു പ്രശസ്തമായ മറെറാരു നേട്ടം തന്നെയായിരുന്നു.

ശാകുന്തളത്തെയും ജാനകീപരിണയത്തെയും തുടർന്നു് കെ. നാരായണമേനോന്റെ മാളവികാഗ്നിമിത്രം (1890) കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ വിക്രമോർവ്വശീയം (1892) ചാത്തുക്കുട്ടി മന്നാടിയാരുടെ ഉത്തരരാമചരിതം (1892). സി. അച്ച്യുതമേനോന്റെ ഉത്തരരാമചരിതം (1892) കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ആശ്ചര്യചൂഡാമണി (1893) എന്നിങ്ങനെ അനേകം പരിഭാഷകൾ സംസ്കൃതത്തിൽനിന്നുണ്ടായി.

## ഉത്തരരാമചരിതം

1882 മുതൽ ഒരു വ്യാഴവട്ടക്കാലത്തിനിടക്കു് അനവധി നാടകങ്ങൾ സംസ്കൃതത്തിൽനിന്നു മലയാളത്തിലേക്കു തർജ്ജിമ ചെയ്യപ്പെട്ടെങ്കിലും അവയിൽ കഷ്ടിച്ചു രണ്ടോ മൂന്നോ എണ്ണം മാത്രമേ സാഹിത്യത്തിനു് ശാശ്വതസമ്പത്തുകളായി കരുതപ്പെടാവുന്നതായിട്ടുള്ളു. ശാകുന്തളത്തിനുശേഷം വന്നവയിൽ പ്രഥമസ്ഥാനം ഉത്തരരാമചരിതത്തിനുതന്നെ. ശാകുന്തളം കൂടി ഉൾപ്പെടുത്തിപ്പറഞ്ഞാലും ഒരു യഥാർത്ഥ മലയാള കൃതിയെന്ന നിലയിൽ ഉത്തരരാമചരിതത്തിനാണു് പ്രാമുഖ്യം നൽകേണ്ടതു്. മലയാളത്തിലേക്കുണ്ടായ മററു യാതൊരു പരിഭാഷയും ഇത്രയും സ്വാഭാവികമായിട്ടില്ലെന്നു തീർത്തുപറയാം. തർജ്ജിമയുടെ ക്ലിഷ്ടത സ്ഫുരിക്കാതെ വളരെ ചുരുക്കം കവികൾക്കേ മലയാളത്തിൽ പദ്യപരിഭാഷ നിർവഹിക്കാൻ കഴിഞ്ഞിട്ടുള്ളു. അവരിൽ പ്രഥമഗണനീയൻ മന്നാടിയാരാണു്. വലിയകോയിത്തമ്പുരാനെ അപേക്ഷിച്ചു് മന്നാടിയാർക്കുള്ള പ്രധാന വ്യത്യാസം അദ്ദേഹം ഭാഷയിൽ കാണിച്ച മലയാളത്വവും ആശയവിവർത്തനത്തിൽ മൂലകവിയോടു പ്രദർശിപ്പിച്ച സൂക്ഷ്മമായ വിശ്വസ്തതയുമായിരുന്നു. ഉത്തരരാമചരിത തർജ്ജിമയിൽ പരിഭാഷകന്റെ വ്യക്തിപരമായ

# വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം

## പ്രൊ. എ. എൻ. വൈറ്റ്ഹെഡിന്റെ അഭിപ്രായങ്ങൾ

എൻ. കെ. കയ്യൂർ ബി. ഏ, (ആണേഴ്സ്)

ഇന്നത്തെ വിദ്യാഭ്യാസപദ്ധതിപാടേ പരിഷ്കരിക്കേണ്ടതാണെന്ന് ലോകമൊട്ടുക്കുള്ള വിദ്യാഭ്യാസവിചക്ഷണന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതാകുന്നു. ഇൻഡ്യയിൽ ഇംഗ്ലീഷുകാർ പ്രചാരപ്പെടുത്തിയ വിദ്യാഭ്യാസപദ്ധതി ഇന്നും നടപ്പിൽ ഇരിക്കുന്നു. എങ്കിലും അതുടച്ചുവാർക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നുള്ള അഭിപ്രായത്തിനു വളരെ പിൻബലമുണ്ടായിട്ടുണ്ട്. ഈ പരിതസ്ഥിതികളിൽ അഖിലലോകപ്രശസ്തനായ ഒരു വിദ്യാഭ്യാസവിചക്ഷണന്റെ വീക്ഷണഗതിയെ പരിശോധിച്ചുനോക്കുന്നതു് വളരെ സംഗതമായിരിക്കും.

ആൽഫ്രഡ് നോർത്ത് വൈറ്റ്ഹെഡ് എന്ന ആംഗലപണ്ഡിതൻ ഒരു വിദ്യാഭ്യാസവിദഗ്ദ്ധൻ മാത്രമല്ല; തത്വജ്ഞാനി, ഗണിതശാസ്ത്രപണ്ഡിതൻ എന്നീ നിലകളിലും അദ്ദേഹം അഖിലലോകപ്രശസ്തി ആർജ്ജിച്ചിട്ടുണ്ട്. അദ്ദേഹം ലണ്ടനിലുള്ള ഇമ്പീരിയൽ കോളേജ് ഓഫ് സയൻസിൽ പ്രൊഫസറായിരിക്കവേ അമേരിക്കയിൽ ഹാർവാർഡ് സർവ്വകലാശാലയിൽ ഫിലാസഫി

---

മുദ്രകളൊന്നും പതിയുന്നില്ല. പതിയുന്നെങ്കിൽ തന്നെയും അതു് മൂലകൃതിയുടെ സ്വഭാവത്തെ മറയ്ക്കുന്ന വിധത്തിലല്ല. മലയാളിക്ക് ഹൃദ്യമായ ഭാഷ സ്വാഭാവികമായി അതിൽ ഒഴുകുന്നു. മൂലകവിയുടെ ആശയങ്ങൾ മിക്കവാറും ഈഷദ് വ്യത്യാസംകൂടാതെ സ്ഫുരിക്കുകയും ചെയ്യുന്നു. ആശയപ്രതിഫലനരീതിയുടെ സ്വാഭാവികത മൂലം ഉത്തരരാമചരിതം വായിക്കുമ്പോൾ ഒരു സ്വതന്ത്രകൃതിയായേ തോന്നൂ.

"കരംപിടിച്ചനാൾമുതൽ
ഗൃഹത്തിലും വനത്തിലും
വരാംഗിശൈശവത്തിലും
തദൈവയൗവനത്തിലും
പരംനിനക്കുറങ്ങുവാൻ
മുഖ്യപധാനമായിമ–
റ്റൊരമ്പുജാക്ഷിയെത്തൊടാത്ത–
രാമബാഹുവില്ലയോ?"

എന്നിപ്രകാരം തർജ്ജിമയുടെ യാതൊരു ചുവയുമില്ലാത്ത ഒരു രീതിയിലാണ് മന്നാടിയാരുടെ പോക്കു്. വലിയ കോയിത്തമ്പുരാന് ഇപ്രകാരമൊരു മലയാള ശൈലി സ്വാഭാവികമായി ഉദിക്കുകതന്നെ അസാദ്ധ്യം. അദ്ദേഹം മനപ്പൂർവം ശ്രമിച്ചിരുന്നെങ്കിൽ തന്നെയും മൂലശ്ലോകത്തിന്റെ പരിധിയിൽനിന്ന് അകലാതെ ഇത്ര ഓജസ്സോടെ ഈ ആശയം ഇങ്ങിനെ പ്രകടിപ്പിക്കാൻ കഴിയുമായിരുന്നെന്നു തോന്നുന്നില്ല. ഉത്തരരാമചരിതം പരിഭാഷയിലെ മിക്കവാറും ശ്ലോകങ്ങളുടെ രീതി ഇതുതന്നെയാണ്. അതാണ് അതിന്റെ വിജയത്തിനുള്ള മുഖ്യഹേതുവും. ശാകുന്തളത്തിനും ഒരു പരിഭാഷ മന്നാടിയാർ എഴുതിയില്ലല്ലോ എന്നുള്ള ഖേദം ഇന്നും സഹൃദയന്മാരുടെ ഉള്ളിൽ അവശേഷിക്കുന്നു. വലിയ കോയിത്തമ്പുരാന്റെ കൃതിക്കുശേഷം ആവിർഭവിച്ചിട്ടുള്ള എല്ലാ പരിഭാഷകളും വായിച്ചിട്ടും ഉത്തരരാമചരിത തർജ്ജിമയുടെ രീതിയിലുള്ള ഒരു മലയാള ശാകുന്തളം നമുക്കു കിട്ടിയില്ലല്ലോ എന്ന നൈരാശ്യം നിലനില്ക്കുകതന്നെ ചെയ്യുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാനെ മുഷിപ്പിക്കേണ്ടെന്നു വച്ചു് മന്നാടിയാർ, പല സുഹൃത്തുക്കളുടെയും അഭ്യർത്ഥനയെ നിരാകരിച്ചു ശാകുന്തള തർജ്ജിമ വേണ്ടെന്നുവച്ചതാണെന്നു പറയുന്നതിൽ വല്ല പരമാർത്ഥവും ഉണ്ടോ എന്തോ?.

പ്രൊഫസറായി ഉദ്യോഗം സ്വീകരിച്ചു. വളരെ കൊല്ലങ്ങൾ അവിടേയും പ്രശസ്തസേവനം അനുഷ്ഠിച്ചു. 1948-ലാണ് അദ്ദേഹം അന്തരിച്ചതു്. പ്രൊഫസർ വൈററ്ഹെഡിൻെറ ഗ്രന്ഥങ്ങളിൽ പ്രധാനമായ ഒന്നാണ് അദ്ദേഹത്തിൻെറ ദി എയിംസ് ഓഫ് എഡ്യൂക്കേഷൻ-വിദ്യാഭ്യാസത്തിൻെറ ലക്ഷ്യങ്ങൾ.

ഈ പുസ്തകത്തിൽ പ്രൊഫസർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ ലോകമൊട്ടുക്കുള്ള വിദ്യാഭ്യാസവിചക്ഷണന്മാരുടെ ചിന്താഗതിയെ സാരമായി സ്പർശിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിൻെറ രത്നച്ചുരുക്കം മുഖവുരയിൽതന്നെ അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളതു നോക്കുക:-

“വിദ്യാർത്ഥികൾ സചേതനങ്ങളാണ്. ആ സ്ഥിതിക്ക് വിദ്യാഭ്യാസത്തിൻെറ ഉദ്ദേശം കുട്ടികളെ ആത്മസംസ്കാരപരമായി ഉത്തേജിപ്പിക്കുകയും നയിക്കുകയും ആയിരിക്കണം. ഇതിൽനിന്നും സിദ്ധിക്കുന്നതെന്തെന്നാൽ, അദ്ധ്യാപകന്മാരും സചേതനങ്ങളായിരിക്കണമെന്നും സജീവങ്ങളായ ചിന്താഗതികൾമൂലം കുട്ടികളുടെ മനസ്സിന് ഉണർവുണ്ടാക്കിക്കൊടുക്കേണ്ടതു് അവരുടെ കടമയാണെന്നുമാണ്. ഈ പുസ്തകം മുഴുവൻതന്നെ ജഡചിന്തയോടും ജഡതത്ത്വങ്ങളോടും ഉള്ള ഒരു മഹാപ്രതിഷേധമാണ്.”

ഗ്രന്ഥകാരൻ ഈ ആശയം വിശദീകരിച്ചിരിക്കുന്നത് എപ്രകാരമാണെന്നു നോക്കാം.

യഥാർത്ഥസംസ്കാരം എന്നു പറയുന്നതു് ചിന്താപ്രവർത്തനത്തിൻെറ പരിണതഫലമാണ്. സൌന്ദര്യാസ്വാദനവും സദ്വികാരപ്രവണതയും അതിൻെറ ഉത്തമലക്ഷണങ്ങളാണ്. വെറും സ്ഥിതിവിവരക്കണക്കുകളുമായി യഥാർത്ഥസംസ്കാരത്തിനു ബന്ധമൊന്നുമില്ല. പുസ്തകങ്ങളിൽനിന്നും അനവധി വിവരങ്ങൾ ഗ്രഹിച്ചാൽമാത്രം സംസ്കാരമായില്ലെന്നു താത്പര്യം. ആത്മസംസ്കാരമാണ് യഥാർത്ഥ സംസ്കാരം; വെറും ജ്ഞാനസമ്പാദനമല്ല. ജഡങ്ങളായ ആശയങ്ങൾകൊണ്ടു കുട്ടികളുടെ തലച്ചോറുനിറയ്ക്കുന്നതിൽ അർത്ഥമൊന്നുമില്ല. ഈ ആശയങ്ങൾ സ്വന്തം അനുഭവത്തിൽ പരീക്ഷിച്ചു പ്രയോജനപ്രദങ്ങളെന്നു തെളിഞ്ഞാൽമാത്രമേ അവ സജീവങ്ങളാണെന്നെണ്ണുവാൻ നിവൃത്തിയുള്ളു. വെറും വിജ്ഞാനച്ചുമടുകൾ—ശുഷ്കങ്ങളും ജഡങ്ങളും ആയ ആശയങ്ങൾ-കൊണ്ടു് ഉപകാരം ഒന്നുമില്ലെന്നുമാത്രമല്ല ചിലപ്പോൾ വലിയ ഉപദ്രവം ഉണ്ടാകാനും ഇടയുണ്ടു്.

വിദ്യാഭ്യാസസംബന്ധമായി രണ്ടു തത്ത്വങ്ങൾ പരമപ്രാധാന്യം അർഹിക്കുന്നു.

1. അനവധി വിഷയങ്ങൾ ഒരിക്കലും പഠിപ്പിക്കരുതു്.

2. പഠിപ്പിക്കുന്ന വിഷയങ്ങൾ കൂലങ്കഷമായി പഠിപ്പിക്കയും വേണം. മനസ്സിലാകാത്ത സംഗതികൾ ഉരുവിട്ടു പഠിച്ചതുകൊണ്ടു ഒരു ഫലവുമില്ല. പഠിപ്പിക്കുന്നതു് നല്ലവണ്ണം മനസ്സിലാകണമെന്നുമാത്രമല്ല ഓരോ തത്ത്വങ്ങൾ മനസ്സിലാകുന്തോറും പുതിയ ഒരു കണ്ടുപിടിത്തത്തിൻെറ ആഹ്ളാദം കുട്ടികൾക്കു അനുഭവപ്പെടുകയും വേണം.

ഭൂതകാലത്തിനു അതർഹിക്കാത്ത പ്രാധാന്യം ഒരിക്കലും കൊടുക്കരുതു്. ഭൂതവും ഭാവിയും എല്ലാം വർത്തമാനകാലത്തിനുവേണ്ടിമാത്രമുള്ളവയാണ്. ഇന്നു പ്രധാനമായിട്ടുള്ളത് ഇന്നത്തെ കാര്യമാണ്, ഇന്നലത്തെയും നാളത്തെയും കാര്യമല്ല. വർത്തമാനകാലത്തിലേക്കു ഏതെങ്കിലും വിധത്തിൽ പ്രയോജനപ്പെടുമെങ്കിൽ മാത്രമേ ഭൂതത്തിനും ഭാവിക്കും ഏതെങ്കിലും വിലകല്പിക്കേണ്ടതുള്ളു. ഇതിൽനിന്നും വിദ്യാഭ്യാസമെന്നതു് ജ്ഞാനത്തിൻെറ പ്രയോജനപ്പെടുത്തൽ ആണെന്നു സിദ്ധിക്കുന്നുണ്ടല്ലോ.

വിദ്യാഭ്യാസത്തിനു വിഷയം ഒന്നേയുള്ളു: ജീവിതം. ജീവിതത്തിൻെറ സംഖ്യാതീതങ്ങളായ പ്രതിഫലനങ്ങളാണ് പഠിക്കേണ്ട വിഷയങ്ങൾ. വിവിധത്വത്തിൽ ഏകത്വം ദർശിക്കുന്നതാണ്. വിദ്യാഭ്യാസത്തിൻെറ പരമലക്ഷ്യം ഇതിനുപകരം നമ്മുടെ വിദ്യാലയങ്ങളിൽ എന്താണു പഠിപ്പിക്കുന്നതു്? ആൾജിബ്രാ, ജ്യാമെട്രി, ചരിത്രം, ഭൂമിശാസ്ത്രം, രണ്ടോ മൂന്നോ ഭാഷകൾ, എന്നിങ്ങനെ അനവധി വിഷയങ്ങൾ. ഇവ പരസ്പരബന്ധമില്ലാതെ പഠി

ച്ചാൽ എന്തു പ്രയോജനമാണു് സിദ്ധിക്കുന്നതു്? ഇവയ്ക്കു് ജീവിതവുമായി എന്തെങ്കിലും ബന്ധമുള്ളതായി വിദ്യാർത്ഥികൾ മനസ്സിലാക്കുന്നില്ല. ജീവിതവുമായി ബന്ധപ്പെടുത്താത്ത ഇത്തരം വിജ്ഞാനഭാണ്ഡങ്ങൾ നിഷ്പ്രയോജനങ്ങളാണു്. ഇവയും ജീവിതവുമായുള്ള ബന്ധം വിശദപ്പെടുത്തുന്നതിനു് ഇന്നുള്ള വിദ്യാഭ്യാസപദ്ധതിയിൽ വ്യവസ്ഥ ഒന്നും ഇല്ല. ചില ജഡജ്ഞാനശകലങ്ങൾ പഠിച്ചു പരീക്ഷയിൽ ജയിക്കുക എന്നതേ മിക്ക കുട്ടികൾക്കും ഉദ്ദേശമുള്ളു. പരീക്ഷാവിജയത്തിൽ സഹായിക്കുക എന്നതിൽ കവിഞ്ഞു് അദ്ധ്യാപകനും ലക്ഷ്യമൊന്നുമില്ല.

വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന ഓരോ വിഷയവും ജീവിതവുമായി ബന്ധപ്പെടുത്തി പഠിപ്പിക്കാം. പണ്ഡിതനായ അദ്ധ്യാപകനു് അതു സാധിക്കും. ഉദാഹരണമായി ആൽജിബ്രാ എടുക്കാം. ഒരു സമതം (equation) തെളിയിക്കുന്നതുകൊണ്ടു് വിദ്യാർത്ഥികൾക്കു എന്തു പ്രയോജനം സിദ്ധിക്കുന്നു എന്നു നോക്കാം. ആൽജിബ്രാ എന്നു പറയുന്നതു് ഒരു തരം സംഖ്യാശാസ്ത്രമാണു് സംഖ്യാപരിഗണന ജീവിതത്തിൽ ഒഴിച്ചുകൂടാൻ വയ്യാത്തതാണു്. അതില്ലാതെ ഒരു സംഗതിയുടേയും യാഥാർത്ഥ്യം നമുക്കു മനസ്സിലാക്കാൻ നിവൃത്തിയില്ല. ഒരു രാജ്യത്തു് ജനപ്പെരുപ്പം ഉണ്ടെന്നു പറഞ്ഞാൽ ജനസംഖ്യയെപ്പററി ശരിയായ ഒരു അറിവു നമുക്കു കിട്ടുന്നില്ല. ഒരാൾ വൃദ്ധനാണെന്നു പറഞ്ഞാൽ എത്ര വയസ്സെന്നു ചോദ്യം ഉണ്ടാകുന്നു. കവിത എഴുതുന്നവക്കാണെങ്കിൽ വൃത്തനിയമങ്ങൾ സംഖ്യാപരിഗണനകൂടാതെ പരിപാലിക്കാൻ സാദ്ധ്യമല്ല. ഇതാണു് ആൽജിബ്രായും ജീവിതവുമായുള്ള ബന്ധം.

ചരിത്രവും ജീവിതവുമായുള്ള ബന്ധം ഇതുപോലെതന്നെ തെളിയിക്കാം. കുറെ രാജാക്കന്മാരുടെ പേരും, യുദ്ധവർണ്ണനകളും, ആണ്ടുകളും ഉരുവിട്ടുപഠിച്ചാൽ ചരിത്രപഠനമാകയില്ല. ഒരു ചരിത്രസംഭവംകൊണ്ടു മാനവസംസ്കാരത്തിനു് ഉയർച്ചയോ താഴ്ചയോ എത്രമാത്രം ഉണ്ടായിട്ടുണ്ടെന്നു പരിഗണിക്കുന്നതാണു ചരിത്ര പഠനത്തിന്റെ ലക്ഷ്യം.

ഇന്നത്തെ വിദ്യാഭ്യാസ പദ്ധതിയിൽ പബ്ളിക്കു പരീക്ഷകൾ സർവ്വപ്രാധാന്യം അർഹിക്കുന്നുണ്ടല്ലോ. വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരല്ലാ ചോദ്യകർത്താക്കൾ. ഉത്തരക്കടലാസുകൾ നോക്കുന്നതും അന്യ അദ്ധ്യാപകന്മാരാണു്. ഉത്തരമെഴുതുന്ന കുട്ടികളെ സംബന്ധിച്ചു യാതൊരുവിധമായ അറിവുമില്ലാത്ത ഈ വിദൂരസ്ഥരായ അദ്ധ്യാപകന്മാരാണു് വിദ്യാർത്ഥികളുടെ യോഗ്യത നിശ്ചയിക്കുന്നതു്. ഇതു ശരിയല്ലെന്നാണു് പ്രൊഫസർ വൈററ്ഹെഡിന്റെ വാദം.

യഥാർത്ഥ വിദ്യാഭ്യാസംകൊണ്ടു സിദ്ധിക്കേണ്ട പ്രയോജനങ്ങളിൽ ചിലതുകൂടി അദ്ദേഹം എടുത്തുപറയുന്നുണ്ടു്. അവയിൽ ഒന്നാണു് രീതി (style). ബുദ്ധിപരമായ സ്വഭാവവിശേഷങ്ങളിൽ ഏററവും ആത്മസംയമനപ്രധാനമാണീ ഗുണം. അല്പമെങ്കിലും കലാവാസനയില്ലാത്തവക്കു ഈ ഗുണം ഉണ്ടാകുന്നതല്ല. സാഹിത്യത്തിലായാലും ശാസ്ത്രത്തിലായാലും രാജ്യഭരണത്തിലായാലും താൻ ഉദ്ദേശിക്കുന്ന കാര്യം അനാർഭാടമായും അനാവശ്യശ്രമം കൂടാതെയും ഹിതംപോലെ സാധിക്കയോ പറകയോ ചെയ്യുന്നതിനുത്തമമായ ഒരു രീതി കൂടാതെ സാധിക്കുകയില്ല. ഒരാളുടെ സ്വഭാവം മുഴുവൻ അയാളുടെ രീതിയിൽ പ്രതിഫലിക്കും. അയാൾ സന്മാർഗ്ഗിയോ, ദുർമാർഗ്ഗിയോ, ആത്മനിയന്ത്രണം ശീലിച്ചവനോ, അവിവേകിയോ എന്നെല്ലാം അയാളുടെ രീതിയിൽനിന്നറിയാം.

രീതിയെക്കാൾ പ്രധാനമാണു പൗരുഷശക്തി. രീതികൊണ്ടു പൗരുഷശക്തിയെ നിയന്ത്രിക്കാം, വഴിയാംവണ്ണം നയിക്കാം, പുഷ്ടിപ്പെടുത്തുകയുംചെയ്യാം. എന്നാൽ ഇപ്രകാരം പുഷ്ടിപ്പെടുത്തുന്നതിനു വളരെക്കാലത്തെ പരിശീലനം ആവശ്യമാണു്.

വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യം ആത്മസംസ്കരണമാണെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടു്. മതത്തിന്റെ ആന്തരമായ ഉദ്ദേശവും ഇതുതന്നെ ആകയാൽ വിദ്യാഭ്യാസം മതപരമായിരിക്കണമെന്നു പറയുന്നതിലും തെററില്ല. വിദ്യാർത്ഥികൾ ഏതെങ്കിലും ഒരു മതത്തിൽ വിശ്വസിക്കണമെന്നോ മതഭക്തരാകണമെന്നോ അല്ല ഇതിന

ഒരു യാത്രാസ്മരണ [തുടർച്ച്]

# ഒരു ഗവർണ്ണറും ഞാനും

ഡാക്ടർ കെ. രാഘവൻപിള്ള എം. ഏ; പി. എച്ച്ഡി. (ലണ്ടൻ)

നാട്ടിൻപുറത്തുള്ള റെഡിംഗ് എന്ന സ്ഥലത്ത് ഒരു അന്താരാഷ്ട്രീയ ബ്രെയിൻസ് ട്രസ്റ്റിൽ ഞാൻ ഒരിക്കൽ പങ്കെടുത്തു. ഒരു ഇംഗ്ലീഷുകാരനും, ഒരു ചെക്കോസ്ലവാക്യാക്കാരനും, ഒരു ഫ്രഞ്ചുകാരനും, ഒരു ചൈനാക്കാരിയും, ഒരു ഇന്ത്യാക്കാരനും ബ്രെയിൻസ്ട്രസ്റ്റിൽ പങ്കെടുക്കുമെന്നായിരുന്നു വിജ്ഞാപനം. കട്ടിയുള്ള ഒരു മഞ്ഞ്, ബ്രെയിൻസ്ട്രസ്റ്റു നടത്തുവാൻ ഉദ്ദേശിച്ചിരുന്ന ഗ്രാമത്തേയും പള്ളിക്കൂടത്തേയും മൂടിക്കിടന്ന ഒരു സന്ധ്യയ്ക്കാണ് ഞാൻ അവിടെ എത്തിച്ചേർന്നതു്. ബോറിസ് കാർലോവോ മറേറാ അഭിനയിക്കുന്ന ചില പ്രേതപ്രധാന ചിത്രങ്ങളിൽ പ്രേതരൂപങ്ങൾ നീങ്ങുന്നതുപോലെ, ആളുകൾ ആ മഞ്ഞിൽപ്പെട്ട് വ്യക്തിത്വം നശിച്ച് അങ്ങോട്ടും ഇങ്ങോട്ടും പോകുന്നുണ്ട്. നാടാകെ അടുത്തടുത്ത് ആയിരമായിരം വലിയ കച്ചിക്കൂനകൾ പുകഞ്ഞുകൊണ്ട് നിൽക്കുന്നതായി സങ്കല്പിച്ചാൽ, ഏതാണ്ട് ഇംഗ്ലണ്ടിലെ ഒരു മഞ്ഞുമൂടിയ സായന്തനത്തിന്റെ പ്രതീതി ആയി. നല്ല മൂടൽമഞ്ഞുള്ളപ്പോൾ ഒരു നാലഞ്ചടിയിൽ കൂടുതൽ അകലത്തിൽ നോട്ടം എത്തുക സാധ്യമല്ല. താന്താങ്ങളുടെ ബോധവും, ഉപബോധവും കൂടാതെ വർഗ്ഗത്തിന് ആകെ സമാനമായ ഒരു അബോധം എല്ലാവരിലും ഉണ്ടെന്ന് മനശ്ശാസ്ത്രജ്ഞന്മാർ പറയുന്നതുപോലെ, ഇംഗ്ലണ്ടിലെ മഞ്ഞണിഞ്ഞ ഒരു വൈകുന്നേരം നടക്കുന്ന ഒരാൾ തന്റെ അകത്തെ കോട്ടും അതിനു പുറത്തുള്ള പുറംകോട്ടും കൂടാതെ, എല്ലാവർക്കും ഒരേപടിയുള്ള ഒരു കട്ടിമഞ്ഞുകരിമ്പടം കൂടി ധരിച്ചിരിക്കും. നല്ല മഞ്ഞുകാലങ്ങളിൽ ഇടവഴികളിൽക്കൂടി നടക്കുന്നവർ കൂട്ടിമുട്ടത്തക്കവണ്ണം ആപൽക്കരമായി അടുത്ത് എത്തുകയും അപൂർവമല്ല.

---

ത്ഥം. ആത്മസംസ്കാരം സിദ്ധിച്ചാൽമതി; മതമേതായാലും മനുഷ്യൻ നന്നാകും. മതം എന്ന വാക്കിന് അഭിപ്രായം എന്നുമാത്രമേ അർത്ഥമുള്ളല്ലോ. ആത്മസംസ്കാരം സിദ്ധിച്ച ഒരാൾക്കു ജീവിതത്തെ സംബന്ധിച്ച് ഉൽകൃഷ്ടമായ ഒരു ധാരണയുണ്ടായിരിക്കും. അതാണ് അയാളുടെ മതം. അങ്ങിനെയുള്ള ഒരാൾക്ക് തന്റെ കടമകൾ എന്താണെന്ന നിശ്ചയമുണ്ടായിരിക്കും; അവ നിർവ്വഹിക്കുന്നതിൽ അതീവ താല്പര്യവും കാണും. കൂടാതെ വിനയം അല്ലെങ്കിൽ ഭക്തി എന്നുള്ള ഗുണവും അയാളിൽ സവിശേഷം കാണാം. യഥാർത്ഥ സംസ്കാരമുള്ളവനു വിനയവും ഭക്തിയും താനേ ഉണ്ടായിക്കൊള്ളും. വർത്തമാനകാലത്തിൽ തന്നെ ഭൂതവും ഭാവിയും ഉൾപ്പെട്ട അനാദ്യന്തമായ ശാശ്വതതത്വം അന്തർഭവിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥം ഗ്രഹിക്കുന്നതുതന്നെയാണ് ഭക്തിയുടെ അടിസ്ഥാനതത്ത്വം. ഈ തത്ത്വം ഗ്രഹിച്ചവൻ ആദരിക്കേണ്ടതിനെ ആദരിക്കും; ആരാധിക്കേണ്ടതിനെ ആരാധിക്കും.

വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യങ്ങൾ ഇവയെല്ലാമാണ്. ഈ തത്ത്വങ്ങളെ അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസപദ്ധതി ഉടച്ചുവാർക്കേണ്ടതു് ഏതൊരു രാഷ്ട്രത്തിന്റെയും അനുപേക്ഷണീയമായ കടമയാണെന്ന് പ്രൊഫസർ വൈററ്ഹെഡ് യുക്തിപൂർവം സ്ഥാപിച്ചിരിക്കുന്നു.

മൂടൽമഞ്ഞു് ഉപദ്രവം ചെയ്യുന്നതു് തണുപ്പിൽ കൂടിയല്ല. കട്ടിമഞ്ഞു് ഉരുകാൻ തുടങ്ങുമ്പോഴും ഉള്ളതിൽ പകുതി തണുപ്പു് മൂടൽമഞ്ഞിനില്ല. ചില കഷ്ടകാലങ്ങളിൽ നമ്മെ അലട്ടാൻ തുടങ്ങുന്ന കടക്കാരെപ്പോലെ നമ്മുടെ കണ്ണിലും മൂക്കിലും ചെവിയിലുംകൂടി അകത്തേയ്ക്കു് കയറും എന്നുള്ളതാണു് മൂടൽമഞ്ഞുകൊണ്ടുള്ള ഒരു വലിയ ഉപദ്രവം; അകത്തു ചെന്നു് അസ്ഥികളെ മരവിപ്പിയ്ക്കുന്ന ഈ വിദ്യയിൽ മൂടൽമഞ്ഞിനു് അപാരമായ വൈദഗ്ധ്യമുണ്ടു്. കൂടാതെ നമ്മുടെ ചിറിയിൽകൂടി പല ചാലുകൾ വെട്ടുക, മൂക്കിനുള്ളിൽകൂടി തോട്ടുകൾ ഒഴുക്കുക എന്നു തുടങ്ങി ഒരു കമ്മ്യൂണിററി പ്രോജക്ററിന്റെ പല അംശങ്ങളും, നിശ്ശബ്ദതയിൽ 'അനമേരിക്കൻ' എങ്കിലും നിഷ്കൃഷ്ടതയിൽ അമേരിക്കൻ ആയ ഈ മൂടൽമഞ്ഞു് നാം അറിയാതെ തന്നെ നിർവഹിച്ചു കഴിയും. അനുസ്യൂതം മൂക്കു ചീററുകയെന്ന അപകൃഷ്ടതയിലേയ്ക്കു് ഈ മൂടൽമഞ്ഞു് പല മാനികളെയും തള്ളിയിട്ടു കളയാറുണ്ടു്. പക്ഷേ 'മൂക്കിൽനിന്നു വരുന്നതു് പോക്കററിൽ' എന്ന സുപ്രസിദ്ധമായ പാശ്ചാത്യ രാജ്യനിയമം മൂടൽമഞ്ഞുകൊണ്ടു തലച്ചോർ മരവിച്ചിരിയ്ക്കുമ്പോൾപോലും അന്നാട്ടുകാർ പാലിയ്ക്കുമെന്നുള്ളതുകൊണ്ടു് റോഡിലോ അട്ടത്തുകൂടി പോരുന്നവരുടെ തലയിലോ മൂക്കിള വന്നു വീഴുകയെന്നതു് ഉണ്ടാകാറില്ല. വഴിയേ നടക്കുമ്പോൾ മററുള്ളവരുടെ നാസികാവിസർജ്ജിതം, ഒരു സ്വർഗ്ഗീയമാലാഖയെപ്പോലെ നിശ്ശബ്ദമായി പറന്നുവന്നു് നമ്മുടെ ശിരസ്സിനെ അനുഗ്രഹിയ്ക്കുന്നതും, നാം അതൊന്നും അറിയാതെ വീട്ടിലോ ഹോട്ടലിലോ എത്തുമ്പോൾ വേണ്ടപ്പെട്ടവർ 'ആഹാ! തലയിൽ വെണ്ണവെയ്ക്കാറായോ?' എന്നു ചോദിച്ചു് നമ്മെ കളിയാക്കുന്നതും നമ്മുടെ നാട്ടിൽ വിരളം അല്ലല്ലോ. അങ്ങനെ ഒരു അനുഭവം ഈ ലേഖകനു് സായിപ്പിന്റെ നാട്ടിൽ ഉണ്ടായിട്ടില്ല. പക്ഷേ മഞ്ഞുകാലത്തു നാം ഉപയോഗിയ്ക്കുന്ന കൈലേസുകളുടെ എണ്ണം വളരെ കൂടും. പ്രത്യേകിച്ചു് നാം മടിയന്മാർ ആണെങ്കിൽ.

ഞങ്ങളുടെ ബ്രെയിൻസ് ട്രസ്റ്റ്കൂടേണ്ടിയിരുന്ന സ്കൂളിന്റെ മുൻപിൽ എത്തിച്ചേർന്നതിനുശേഷം, സ്കൂളിൽനിന്നു് ആരെങ്കിലും വെളിയിൽ വന്നതിനുമേൽ അകത്തേയ്ക്കു പോകുവാൻ വേണ്ടി ഞാൻ അവിടെ നിൽക്കുകയായിരുന്നു. പെട്ടെന്നു് ഒരാൾ വെളിയിൽനിന്നു് എന്നെ സമീപിച്ചു. 'നിങ്ങൾ മി: പിള്ളയാണെന്നു് ഞാൻ വിശ്വസിക്കുന്നു' എന്ന മുഖവുരയോടുകൂടി എനിക്കദ്ദേഹം ഹസ്തദാനം ചെയ്തു. 'ഞാൻ സർ. ഹെൻറി ഫ്രെയ്യു് ആണു്. കുറെക്കാലം മദ്രാസ് ഗവർണ്ണർ ആയിരുന്നു. ഞാനും ഈ ബ്രെയിൻസ്ട്രസ്റ്റിൽ പങ്കെടുക്കുന്നു' എന്നു് സ്വയം പരിചയപ്പെടുത്തുകയും ചെയ്തു. ഒരിയ്ക്കൽ മദ്രാസ് ഗവർണ്ണർ ആയിരുന്ന വ്യക്തിക്കാണു് ഞാൻ ഹസ്തദാനം ചെയ്യുന്നതെന്നുള്ള ഓർമ്മ, മഞ്ഞുകൊണ്ടു് അല്പം ഒന്നു മരവിച്ചിരുന്ന എന്റെ ബുദ്ധിയിൽപോലും ചില മിന്നൽപിണരുകൾ അഴിച്ചുവിടുകതന്നെ ചെയ്തു. അതിനു മുൻപിൽ എനിക്കു് ഒരു മദ്രാസ് ഗവർണ്ണരുമായി സമ്പർക്കം ഉണ്ടായതു് ഒരു പതിനഞ്ചു വർഷങ്ങൾക്കു മുൻപായിരുന്നു—അതായതു് ഞാൻ ഹൈസ്കൂളിൽ പഠിക്കുമ്പോൾ. അന്നു ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്ന സ്ഥലപരമായ ദൂരം ഉദ്ദേശം അൻപതടിഅടി ആയിരുന്നിരിയ്ക്കണം. അദ്ദേഹം തിരുവിതാംകൂർ മഹാരാജാവിന്റെയും സർക്കാരിന്റെയും ബഹുമാനമായ പൂജയ്ക്കു് പാത്രമായി, നാൽപതുകോടി ജനങ്ങളെ അടക്കിഭരിക്കുന്ന അധീശഗവമ്മെന്റിന്റെ ഭരണാധികാരികളിൽ ഒരാളായി, വളരെ കാറുകളുടെയും പോലീസിന്റെയും പട്ടാളത്തിന്റെയും അകമ്പടിയോടുകൂടി ചെങ്ങന്നൂരിലെ റോഡിൽകൂടി അങ്ങനെ പോകുന്നു. ഞാനോ മദ്രാസ് ഗവർണ്ണരെ മാനിയ്ക്കാൻ വേണ്ടി പള്ളിക്കൂടത്തിൽനിന്നു് ഇറക്കിക്കൊണ്ടുവന്നു്, കടലാസുകൊടികളുമായി റോഡരുകിൽ നിർത്തിയിരിയ്ക്കുന്ന അർഭകവിദ്യാർത്ഥികളിൽ ഒരുവൻ! 'ത്രീ ചീയേഴ്സ് ററു ദി ഗവർണ്ണർ' എന്നു് ഞങ്ങളുടെ സാർ വിളിച്ചതിനെ തുടർന്നു് 'ഹിപ്പ് ഹിപ്പ് ഹുറേ' എന്നു് മററു വിദ്യാർത്ഥികളോടൊപ്പം ഞാനും വിളിച്ചു. വിയർത്തൊലിച്ചു നിന്നു് സർക്കാർ നിർദ്ദേശം

അനുസരിച്ചു് തൊണ്ടയിടറുവോളം ഗവർണ്ണർക്കു് സ്വാഗതം വിളിച്ചുകൊണ്ടിരുന്ന ഞങ്ങളെ കണ്ടു് ഇന്ത്യ അധീശഗവൺമെൻറിനോടു് എത്ര മാത്രം ഭക്തിപരവശയെന്നു് ആ പാവം ഗവർണ്ണർക്കു് തോന്നിയിരിയ്ക്കണം. ഏതായാലും അന്നു് ബഹുജനങ്ങളിൽ ഒരുവനായും നാമഹീനനായും ഒരു ഗവർണ്ണരുമായി സമീപിച്ചതിനുശേഷം പതിനഞ്ചോളം വർഷം കഴിഞ്ഞു് ഇംഗ്ലണ്ടിലെ റെഡിംഗ് എന്ന സ്ഥലത്തുവച്ചാണു് വീണ്ടും ഒരു ഗവർണ്ണരെ കണ്ടുമുട്ടാൻ എനിയ്ക്കു സാധിച്ചതു്. അദ്ദേഹമോ മൂടൽമഞ്ഞു് മൂക്കിൽക്കൂടി വലിച്ചുകയററി, കുറച്ചു പഴയതായ ഒരു മഴക്കോട്ടും ധരിച്ചു്, അറുപതോളം പ്രായം വരുന്ന ഒരു നരച്ച ഛത്രപതി. ശാന്തനും, പണ്ഡിതനും, വയോവൃദ്ധനുമായ സർ. ഹെൻറി ഫ്രെഞ്ചു് ഞങ്ങളുടെ പരസ്പരപരിചയത്തിൻെറ ആദ്യനിമിഷങ്ങളിൽതന്നെ എൻെറ സ്നേഹവും ബഹുമാനവും സമാർജ്ജിച്ചുകഴിഞ്ഞു. പക്ഷേ ആ മഞ്ഞിൽനിന്ന വൃദ്ധനെയും അധീശാധികാരത്തിൻെറ പ്രതിപുരുഷനായി ഒരു സംസ്ഥാനത്തിൻെറ ഗവർണ്ണർ ആയിരുന്ന മാന്യനെയും തമ്മിൽ ഘടിപ്പിക്കുവാൻ, എൻെറ മനസ്സിനു അല്പം വൈഷമ്യം നേരിട്ടു. ഒരാൾ സമുന്നതമായ ജീവിതത്തോടു്, അധികാരം, പ്രതാപം ഇവയുടെ കേന്ദ്രീകൃതരൂപം ആയിരുന്നെങ്കിൽ, അപരൻ സമനിലയുടേയും, സമഭാവനയുടേയും ഉറവിടം ആയിരുന്നു. ഇൻഡ്യയിൽ വലിയ നിലകളിൽ ഇരുന്നതിനു ശേഷം ഇംഗ്ലണ്ടിൽ തിരിച്ചെത്തി താമസമാക്കിയ ഇംഗ്ലീഷുകാരിൽ പലർക്കും ഈ നിലകൾ തമ്മിലുള്ള അന്തരം തോന്നിയിട്ടുണ്ടു്. പക്ഷേ സ്വന്തം നാട്ടിൽ ലഭിയ്ക്കാവുന്നതിൽ എത്രയോ മടങ്ങു കൂടുതൽ ഉയർന്ന ഒരു ജീവിതത്തോടു് ഇന്ത്യയിലോ ആഫ്രിക്കയിലോ അനുഭവിയ്ക്കുമ്പോഴും ജീവിതത്തെക്കുറിച്ചും സഹജീവികളെക്കുറിച്ചും സംസ്കാരസുന്ദരമായ ഒരു മനോഭാവം ആ രാജ്യങ്ങളിൽവച്ചുപോലും പുലർത്തിയിരുന്ന ഉയർന്ന വിദേശീയോദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു. പ്രതാപത്തിനും പ്രൗഢിയ്ക്കും ഇടയ്ക്കു് മനസ്സിലെങ്കിലും മനുഷ്യത്വം വിടാതെ സൂക്ഷിച്ചുകൊണ്ടിരുന്ന ഗവർണ്ണർമാരും ഗവർണ്ണർജനറൽമാരും ഇന്ത്യയിൽ ഉണ്ടായിരുന്നിരിക്കണം. എന്നാൽ ഇംഗ്ലണ്ടിൽ ഒരുദ്യോഗസ്ഥനുണ്ടാകുന്നതിൽപരം അഹംഭാവവും സംസ്കാരശൂന്യതയും എന്തുകൊണ്ടു് വെള്ളക്കാരായ ഉദ്യോഗസ്ഥന്മാർ ഇന്ത്യയിൽ പ്രദർശിപ്പിച്ചു എന്നതു് ഇവിടെ സംഗതമായ ഒരു പ്രശ്നമാണു്. രണ്ടു സമുദായങ്ങളുടെയും ഘടനകളുടെ അന്തരത്തെ ആശ്രയിച്ചിരിയ്ക്കുന്നൊരു സാമൂഹികസത്യമാണു് ഇതിൻെറ ഉത്തരം.

ഇംഗ്ലീഷ് സമുദായം വ്യക്തിസമത്വവാദം വളരെ മുൻപുതന്നെ തത്ത്വപരമായി അംഗീകരിച്ചു. വളരെയേറെ പ്രയോഗത്തിൽവരുത്തുകയും ചെയ്തുകഴിഞ്ഞിട്ടുണ്ടു്. സാമ്പത്തികതലത്തിൽപോലും ഈ സമത്വസിദ്ധാന്തം നടപ്പിൽ വരുത്തിയിട്ടുണ്ടല്ലോ. ഒരുദ്യോഗസ്ഥൻ അതുകൊണ്ടു്, നിഗ്രഹാനുഗ്രഹശക്തനായ ഒരീശ്വരനായി അവിടെ പരിഗണിക്കപ്പെടുന്നില്ല. ഫാക്ടറി മാനേജരാകുന്നതിനുപകരം ഒരാൾ മജിസ്ട്രേട്ടു് ആകുന്നു അല്ലെങ്കിൽ പോലീസ്കമ്മീഷണർ ആകുന്നു; അത്രമാത്രമേയുള്ളു ജോലികൾ തമ്മിൽ ഉള്ള വ്യത്യാസം. പലതരം ജോലികൾക്കു് വിലക്കുറവും കൂടുതലും ഇല്ലെന്നല്ല ഇതുകൊണ്ടുദ്ദേശിയ്ക്കുന്നതു്. പക്ഷേ അതിൻെറ ആധാരം, മാനദണ്ഡം വേറെയാണു് എന്നേ വിവക്ഷയുള്ളു. നിശ്ചയമായും ഡോക്ടർ, പോലീസുകാർ തുടങ്ങിയവർ സമുദായത്തിൻെറ സേവകർ എന്ന നിലയിൽ മററു ചിലരെക്കാൾ കൂടുതൽ മാനിയ്ക്കപ്പെടുന്നുണ്ടു്. നമ്മുടെ സമുദായത്തെ നിയന്ത്രിയ്ക്കുന്ന ആശയങ്ങൾ ആകട്ടെ വളരെയേറെ വിഭിന്നങ്ങൾ ആണു്. ആധുനികങ്ങൾ ആയ പലതരം സിദ്ധാന്തങ്ങളും ഈ സമുദായത്തിൽ മുങ്ങിയും പൊങ്ങിയും കിടക്കുന്നുണ്ടെങ്കിലും, ഇതിൻെറ ജീവരക്തമായ ആശയങ്ങൾ വാസ്തവത്തിൽ വളരെ പഴക്കം ഉള്ളതാണു്. മാന്യത അർഹിക്കുന്നവരും മാന്യന്മാരെ മാനിക്കേണ്ടവരും എന്നു് രണ്ടു വലിയ വർഗ്ഗങ്ങൾ നമ്മുടെ സമുദായത്തിൽ അംഗീകരിയ്ക്കപ്പെട്ടിട്ടുണ്ടു്. ആ വർഗ്ഗവിവേചനം ആകട്ടെ സ്ത്രീപുരുഷഭേദത്തോളംതന്നെ പഴക്കമേറിയതുമാണു്. പൗരസ്ത്യവും പ്രാചീനവും ആയ പല സമുദായങ്ങളുടേയും ഘടന, ആചാരങ്ങൾ, ജീവിതം ഇവയെ

ല്ലാം, ഈ മൗലികമായ വർഗ്ഗവിവേചനത്തെ ആശ്രയിച്ചിരിയ്ക്കുന്നു. സ്ത്രീ പുരുഷനെ മാനിയ്ക്കണം; കുട്ടികൾ പ്രായമായവരെ മാനിയ്ക്കണം; പണമില്ലാത്തവർ ഉള്ളവരെ മാനിയ്ക്കണം; അങ്ങനെ പോകുന്ന ആ ഉച്ചനീചത്വങ്ങളുടെ പട്ടിക. അങ്ങനെ പണവും പ്രതാപവും ഒക്കെയുള്ള ഉദ്യോഗസ്ഥനെ അവയൊന്നും ഇല്ലാത്തവർ മാനിയ്ക്കണം എന്ന നിലയിൽ നാം വന്നുകൂടി. പണവും പ്രതാപവും കൊണ്ടു് നാട്ടിൽ പ്രാമാണ്യം നേടിയിരുന്ന കരപ്രധാനികളുടെ സ്ഥാനത്താണു് ആധുനികകാലത്തു് ഉദ്യോഗസ്ഥവൃന്ദം ഇന്ത്യയിൽ ഉണ്ടായതു്. തല്ലാനും കൊല്ലാനും അധികാരശക്തിയുള്ള നാട്ടുപ്രമാണികളുടെ കാലം പണ്ടുണ്ടായിരുന്നല്ലോ. ഏതെങ്കിലും രീതിയിൽ ധാരാളം വസ്തുവഹകൾ സമ്പാദിയ്ക്കുക, അങ്ങനെ പലരുടെമേൽ അധികാരം ലഭിയ്ക്കുക, തന്റെ നാട്ടിൽ ഒരു ചെറിയ ചക്രവർത്തിയായി വാഴുക, കൂടെക്കൂടെ വലിയ തോതിൽ ദേവപ്രീതി നടത്തുക, ചിലപ്പോൾ ഒരു ക്ഷേത്രംതന്നെ പണിയിയ്ക്കുക എന്നു തുടങ്ങി നമ്മുടെ നാട്ടിൽ ചിലർ പ്രാമാണ്യത്തിലേയ്ക്കു് പണ്ടും ഇന്നും ഉയന്നിരുന്ന ആ രീതി പ്രസിദ്ധമാണല്ലോ. പഴയ ആ പഞ്ചായത്തിന്റെയും രാമരാജ്യത്തിന്റെയും പൗരപ്രാമാണ്യത്തിന്റെയും കാലത്തെ ഏതാണ്ടു പിൻതള്ളിക്കൊണ്ടാണു് ആധുനിക രാഷ്ട്രീയ സ്ഥാപനങ്ങളും അവയുടെ അധികാരശക്തി കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥന്മാരും ഇൻഡ്യയിൽ ആവിർഭവിച്ചതു്. പുതിയ നിയമങ്ങളും അധികാരവുംകൊണ്ടു് ഗവമ്മെൻറാധികാരികൾ ഇങ്ങനെ രംഗപ്രവേശം ചെയ്തതിനോടുകൂടി, അതുവരെ അധികാരം കൈകാര്യം ചെയ്തുകൊണ്ടിരുന്ന നാട്ടുപ്രമാണിമാർ, പഞ്ചായത്തുകാർ, രാമരാജ്യക്കാർ, തങ്ങളുടെ നിലയേയും ഭാവി പരിപാടികളെയും കുറിച്ചു് നിശിതമായി ഒന്നു് പുനരാലോചിച്ചു. നാട്ടിൻ പുറങ്ങളിൽ തങ്ങൾക്കുള്ള പ്രാമാണ്യം നില നിർത്തിപ്പോകാൻ കഴിവുള്ളിടത്തോളം ഈ ഉദ്യോഗസ്ഥ വൃന്ദങ്ങളെ ഉപയോഗിയ്ക്കേണ്ടതാണെന്നു് അവരിൽ ബുദ്ധിയുള്ളവർ തീരുമാനിച്ചു. അതിന്റെ ഫലമായി, പുത്തനായി സ്ഥലം മാറിവന്ന മജിസ്ട്രേട്ടു യജമാനന്റെ വീട്ടിലേയ്ക്കു് പൊടിയരിയും, ഏത്തയ്ക്കായും, പൂവൻകോഴിയും മററും പോയിത്തുടങ്ങി. തങ്ങളുടെ മൂത്തമകളുടെ ചോറൂണടിയന്തിരത്തിനു് പോലീസ് ഇൻസ്പെക്ടർ യജമാനൻകൂടി വന്നിരുന്നാൽ അതൊരു വലിയ ഭാഗ്യമായി എന്നു് ചില പ്രമാണികളുടെ കത്തുകൾ ഇൻസ്പെക്ടരന്മാക്കു് കിട്ടുകയും ചെയ്തു. 'എന്താ നീലകണ്ഠപ്പിള്ളേ സുഖംതന്നെയല്ലേ'? എന്നു് ഘനഗംഭീരമായ സ്വരത്തിൽ അധികാരമുള്ള ഒരുദ്യോഗസ്ഥൻ കൃപയോടുകൂടി കുശലപ്രശ്നം ചെയ്യുമ്പോൾ നാട്ടുപ്രമാണികളുടെ കുടവയറുകൾക്കുള്ളിൽ ആനന്ദത്തിന്റെ, ധന്യതയുടെ, കൊച്ചു കല്ലോലങ്ങൾ ഒരു മന്ദധ്വനിയോടുകൂടി ഓളം അടിയ്ക്കുകയായി. 'നമ്മുടെ കടലക്കൊറിയനേത്തു് നീലാണ്ടപ്പിള്ളച്ചേട്ടനേ, മജിസ്ട്രേട്ടദ്ദേഹത്തിനും മററും വല്യകാര്യമാ' എന്നു് നാട്ടിൽ ഒരു വാക്കുകൂടി പരക്കുമ്പോഴേക്കു് പ്രമാണിയുടെ പ്രാമാണ്യപ്പട്ടം സ്ട്രാറോസ്ഫീയറിലേയ്ക്കു് ഉയരുകയായി. ഫലമോ? കൂടുതൽ വസ്തുക്കൾ കുറഞ്ഞവിലയ്ക്കു് ഒററിയ്ക്കു വാങ്ങിയ്ക്കുക, കൂടുതൽ ചാട്ടമ്പിമാരെ അധീനതയിൽ വച്ചുകൊണ്ടിരിയ്ക്കുക—എന്നിങ്ങനെ തുടങ്ങി ആ പ്രാമാണ്യ സാമ്രാജ്യത്തിന്റെ പരിധി വളരുക തന്നെ. എന്നാൽ ചിലസമയം ഒരു ഉദ്യോഗസ്ഥനും ഒരു നാട്ടുപ്രമാണിയും തമ്മിൽ ഒരു കിരാതാർജ്ജുനയുദ്ധം തന്നെ ഉണ്ടാകാം. അതിൽ ജയിയ്ക്കുകയെന്നതു് പ്രമാണിയ്ക്കു് സർവ്വപ്രധാനമാണു്. നാട്ടുകർ പറയണം 'കൊറിയനേത്തെ ചേട്ടനോടു്—കളിച്ചാലങ്ങിനെയാ. ആണ്ടെ രണ്ടാം ക്ലാസ്സു് മജിസ്ട്രേട്ടിനെ സ്ഥലം മാറിയല്ലോ! അങ്ങേരോടു് ചോദിയ്ക്കാതെ ഈ നാട്ടിൽ ഒരു കാര്യം ആരും ചെയ്യുകയില്ല.' നമ്മുടെ സമുദായത്തിന്റെ ഒരു സുപ്രധാനഘടകമായ ഈ പ്രമാണിവർഗ്ഗം പല കാരണങ്ങൾകൊണ്ടു് ഇന്നു ക്ഷയിച്ചു വരികയാണു്. എന്നാലും ഇപ്പോഴും കേരളത്തിന്റെ ഏതുഭാഗത്തു ചെന്നാലും കുറെയൊക്കെ ഇവരെ കാണാം-എല്ലാ രാഷ്ട്രീയകക്ഷിയിലും. ഇങ്ങനെ പ്രാമാണ്യാപ്രാമാണ്യഭേദത്തിന്റെ അടിസ്ഥാനത്തിൽ പണ്ടേയ്ക്കുപണ്ടേ പ്രവത്തിച്ചുവന്ന ഒരു സമുദായത്തിൽ ഭരണം നടത്താൻ

# ഗ്രന്ഥനിരൂപണം

## ശംഖനാദം

കെ. എം. ഡാനിയൽ എം. എ. പ്രസാധകർ— അസോസിയേറ്റഡ് പബ്ലിഷേഴ്സ് കോട്ടയം

വില — ഒന്നേകാൽ രൂപ.

മി. കെ. എം. ഡാനിയൽ പലപ്പോഴായി എഴുതിയ അഞ്ചു ലേഖനങ്ങളുടെ സമാഹാരമാണ്, ഞങ്ങളുടെ മുമ്പിലിരിക്കുന്ന ശംഖനാദം. കലാലോകം, സാഹിത്യപ്രയോജനം, കവിഭാവന, ഗീതകം, പ്രേമഭക്തി എന്നീ വിഷയങ്ങളെ അധികരിച്ചെഴുതിയിട്ടുള്ള ഈ ലേഖനങ്ങൾ, പ്രൗഢങ്ങളായ പഠനങ്ങൾ തന്നെയാണെന്നു പറയുന്നതിൽ വലിയ പിശകില്ല. ഗ്രന്ഥകാരന്റെ വിശാലമായ ഗ്രന്ഥപരിചയത്തിന്റെയും അവിഹതമായ വ്യവസായശീലത്തിന്റെയും നിദർശനങ്ങളാണ് ഈ ലേഖനങ്ങൾ. സംസ്കൃതപക്ഷപാതിയെങ്കിലും ഓജസ്വിയായ ഒരു ഭാഷാശൈലിയും അദ്ദേഹത്തിനു വശമുണ്ട്. തന്റെ സമീപനത്തിൽ ഒരു നവീനത കാണിക്കുന്നതിലും അദ്ദേഹം വെമ്പുന്നുണ്ട്. ഗ്രന്ഥത്തെപ്പറ്റി സാമാന്യമായി ഇത്രയൊക്കെയാണു പറയാനുള്ളത്. പലപ്പോഴായി എഴുതിയ ലേഖനങ്ങൾ ഒന്നിച്ചുചേർത്തു് പുസ്തകരൂപം നല്കുമ്പോൾ, ആവർത്തനങ്ങൾ ഉണ്ടായിപ്പോകുക സാധാരണമാണ്. ആ കുറവിനെ അഥവാ കൂട്ടലിനെപ്പറ്റി ഗ്രന്ഥകാരൻ തന്നെ തന്റെ ആമുഖത്തിൽ സൂചിപ്പിക്കുന്നുണ്ട്.

'പൗരസ്ത്യവും പാശ്ചാത്യവുമായ മതങ്ങളിൽ തനിക്കഭിമതമായ ചിലതിനെ വ്യാഖ്യാനിക്കുകയാണ്' ഗ്രന്ഥകാരൻ ഈ ലേഖനങ്ങളിൽക്കൂടി ചെയ്യുന്നത്.

---

വന്ന വെള്ളക്കാരായ ഉദ്യോഗസ്ഥന്മാർ, ആ സമുദായനീതിയ്ക്കു് അനുസരണം അവരുടെ നടപടികളെ നിയന്ത്രിച്ചതിൽ അതിശയിയ്ക്കേണ്ടല്ലോ. ഇവിടെ ഉദ്യോഗസ്ഥൻ അധികാരിയായിരിയ്ക്കണം; അല്ലെങ്കിൽ അയാൾ ഉദ്യോഗസ്ഥൻ അല്ല--എന്ന പ്രധാനമായ തത്വം അയാൾ പഠിച്ചു; അതിനനുസരണം പ്രവർത്തിച്ചു. സമത്വവും സാഹോദര്യവും, സേവനാദർശവും എല്ലാം, പെൻഷൻആയി സ്വന്തം നാട്ടിൽ തിരിച്ചുചെന്നതിനു ശേഷം മാത്രം.

കിഴക്കൻരാജ്യങ്ങളിൽ ഉദ്യോഗം ഭരിച്ചതിനു ശേഷം നാട്ടിൽ തിരിച്ചെത്തുന്ന വെള്ളക്കാർക്കു് രണ്ടു സ്ഥലങ്ങളിലെയും ജീവിതങ്ങൾ തമ്മിലുള്ള അന്തരത്തിന്റെ ശരിയായ ബോധവും ഉണ്ടു്— ഒരു അസുഖകരമായ ബോധം എന്നുതന്നെ പറയണം. ഭീമമായ ശമ്പളവും, വേലക്കാരുടെ ബഹളവും, അധികാരശക്തിയുടെ പ്രാബല്യവും കൊണ്ടു് ബ്രിട്ടീഷുദ്യോഗസ്ഥന്മാർക്കു് ഇന്ത്യയും മറ്റും സ്വർഗ്ഗം ആയിരുന്നു. തിരിച്ചു നാട്ടിൽ എത്തുമ്പോൾ അവരിൽ ഭൂരിപക്ഷത്തിനുമുള്ള അനുഭവം ആകട്ടെ, അനന്തമായ ക്യൂകളിൽനിൽക്കുക, മിക്കവാറും ഒരൊറ്റ വേലക്കാരനോ വേലക്കാരിയോ പോലും കൂടാതെ കഴിയുക, അധികാരശക്തിയോ പ്രാബല്യഭ്രമമോ ഉണ്ടെങ്കിൽ മനസ്സിൽ മാത്രം വച്ചുകൊണ്ടിരിയ്ക്കുക—എന്നിങ്ങനെ പോകുന്നു അവിടത്തെ ജീവിതഗതി.

എന്നാൽ ഔദ്യോഗികജീവിതത്തിനുശേഷം ഇംഗ്ലണ്ടിൽ തിരിച്ചുപോയി അവിടെയും പൊതുജീവിതത്തിലോ മറ്റോ ഉയർന്ന മണ്ഡലങ്ങളിൽ പ്രവർത്തിയ്ക്കുന്ന വെള്ളക്കാരും ഇല്ലാതെയില്ല. മൗണ്ടുബാറ്റൻ പ്രഭുവിന്റെ കാര്യം പ്രത്യേകം പറയേണ്ടല്ലോ. അദ്ദേഹം ഇന്നും സർവീസിൽ ഇരിയ്ക്കുന്നു എന്നതും, അദ്ദേഹത്തിനു് രാജകുടുംബവും ആയുള്ള ബന്ധവും എല്ലാം പ്രഭുവിന്റെ കാര്യം ഒരു പ്രത്യേകവകുപ്പിൽ പെടുത്തുന്നു. രണ്ടാംലോകമഹായുദ്ധത്തിൽ തെക്കുകിഴക്കൻ ഏഷ്യയിലെ സർവോത്തര സൈന്യാധിപൻ എന്ന നിലയ്ക്കും മൗണ്ടുബാറ്റൻപ്രഭു സമാർജ്ജിച്ചിട്ടുള്ള പ്രസിദ്ധി അദ്ദേഹത്തിനു് ഇംഗ്ലണ്ടിൽ ഉള്ള സ്ഥാനത്തിന്റെ മാറ്റു കൂട്ടിയിട്ടുണ്ടു്.

(തുടരും)

കലാലോകം എന്ന ലേഖനത്തിൽ, കലാസൃഷ്ടിയുടെ പ്രക്രിയ പറയുവാനാണ് ഗ്രന്ഥകാരന്റെ ശ്രമം. ഉചിതകാരണങ്ങൾകൊണ്ട്, മനുഷ്യഹൃദയത്തിൽ ഭാവങ്ങൾ ഉന്മിഷിതങ്ങളാകുന്നു. അവയെ പ്രായോഗികോദ്ദേശത്തിൽനിന്നു വിദൂരീകരിക്കുമ്പോൾ, അവ നിർബാധം പ്രവഹിക്കുന്നു. ഈ വികാരത്തിന്റെ ആവിഷ്കരണത്തിനുള്ള ഒരു അസ്വാസ്ഥ്യത്തിൽനിന്നും ഒരു സർഗ്ഗശക്തി ഉടലെടുക്കുന്നു. സൂക്ഷ്മങ്ങളായ ഈ ഭാവങ്ങളെ ആവിഷ്കരണോപാധികളുടെ സഹായത്തോടുകൂടി കരുപ്പിടിക്കുകയാണ് കലാകാരൻ ചെയ്യുന്നത്. അയാളുടെ അബോധത്തിൽ ഉറങ്ങിക്കിടക്കുന്ന സ്മരണകൾ ബോധമണ്ഡലത്തിലേക്ക് ദ്രുതഗമനം ചെയ്യുന്നു. അവയിൽനിന്നും തള്ളുകയും കൊള്ളുകയും ചെയ്യുകയാണ് അടുത്ത ഘട്ടം. ഇവിടം മുതൽ പാണ്ഡിത്യവും ബുദ്ധിശക്തിയുംകൂടി രംഗപ്രവേശം ചെയ്യാനുണ്ട്. അടുത്തപടി വെറും രചനമാത്രമാണ്. ഇങ്ങനെ കലാകാരന്റെ പ്രതിഭ, കലാശില്പമായി പരിണമിക്കുന്നതുവരെയുള്ള വിവിധഘട്ടങ്ങളെയും മി. ഡാനിയൽ ഒരു മനഃശാസ്ത്രപണ്ഡിതന്റെ നിഷ്കർഷത്തോടുകൂടി ചിത്രീകരിക്കുന്നുണ്ട്. കലാസൃഷ്ടിയിൽ കർത്തൃനിഷ്ഠവും വസ്തുനിഷ്ഠവുമായ അംശങ്ങളുടെ ആപേക്ഷികഭാവത്തെപ്പററി ചർച്ചചെയ്തുകൊണ്ട് വർണ്ണ്യവസ്തുവോട് കലാകാരൻ ഐക്യം പ്രാപിക്കണമെന്ന് സമർത്ഥിക്കുന്ന സന്ദർഭത്തിൽ ഉമാകേരളത്തിലെ ചില ഭാഗങ്ങളെ ഉദ്ധരിച്ചു വിമർശിക്കുന്നത്, ഒരു അവരോഹം ആയി മാത്രമാണ് വായനക്കാരന് അനുഭവപ്പെടുക.

സാഹിത്യത്തിൽ വികാരത്തിന് വിചാരത്തിന്റെ കരാവലംബം അനപേക്ഷണീയമാണെന്നും അതാണു സാഹിത്യത്തിന് മററു കലകളെ അപേക്ഷിച്ചുള്ള ഉൽകർഷത്തിനു നിദാനമെന്നും സ്ഥാപിച്ചുകൊണ്ടാണ് മി. ഡാനിയൽ തന്റെ ലേഖനത്തെ ഉപസംഹരിക്കുന്നത്. പക്ഷേ സുന്ദരകലകളിൽ സംഗീതത്തിന്റെ സ്ഥാനം ഏററവും താഴ്ന്നപടിയാണെന്നുള്ള അദ്ദേഹത്തിന്റെ നിഗമനം എത്രമാത്രം സ്വീകാര്യമാണെന്നു സഹൃദയന്മാർ തീരുമാനിക്കട്ടെ!

“സാഹിത്യനിഷേവണംകൊണ്ട് സഹൃദയനുണ്ടാകുന്ന പരമപ്രയോജനമെന്ത്?” ഇതിന് ഉത്തരം പറയുകയാണ് അടുത്തലേഖനത്തിന്റെ ഉള്ളടക്കം. ആനന്ദവാദത്തേയും സന്ദേശവാദത്തേയും ഒരുപോലെ ആക്രമിക്കുന്നതിനുള്ള ഒരു അസാധാരണ ധാർഷ്ട്യം (ഇതും ഗ്രന്ഥകാരന്റെ വാക്കുതന്നെയാണ്) മി. ഡാനിയൽ ഈ ഉപന്യാസത്തിൽ കാണിക്കുന്നുണ്ട്. ഭൈരവങ്ങളും വേദനാജനകങ്ങളുമായ ചിത്തവൃത്തികളിൽ നമുക്ക് ഒരു സഹജപ്രണയമുണ്ടെന്ന് സിദ്ധാന്തിച്ചുകൊണ്ട് ആനന്ദവാദത്തിന്റെ അസ്തിവാരത്തെ തകർത്തതായി അദ്ദേഹം അഭിമാനിക്കുന്നു. ഭാവസാത്മ്യമാണ് സാഹിത്യത്തിന്റെ പരമപ്രയോജനം. അദ്ദേഹത്തിന്റെ നവീനമതത്തിൽ ആനന്ദം, ആഹ്ലാദം മുതലായ പദങ്ങൾകൊണ്ട്, ആലങ്കാരികന്മാർ ഉദ്ദേശിക്കുന്നത് വെറും ലൗകികസുഖമല്ലെന്നും സുഖദുഃഖവിലക്ഷണമായ ഒരലൗകികാനുഭൂതിയാണെന്നും പറയുന്ന ഒരു ഗ്രന്ഥഭാഗവും മി. ഡാനിയൽ കണ്ടിട്ടില്ലെന്നോ, അഥവാ കണ്ടിട്ടും മനസ്സിലാക്കിയിട്ടില്ലെന്നോ, ഇതിലേതാണ് നാം വിശ്വസിക്കേണ്ടത്?

അടുത്ത ലേഖനം ‘കവിഭാവന’യാണ്. സ്വപ്നസദൃശമായ ഒരു വിലക്ഷണലോകത്തിന്റെ സൃഷ്ടിയ്ക്കു് പ്രയോജകമായ സങ്കല്പശക്തിയാണ് ഭാവനയുടെ ഒരംഗം. അതിൽനിന്ന് രൂപങ്ങളും പ്രതിരൂപകല്പനകളും രൂപമെടുക്കുന്നു. സാദൃശ്യത്തിൽ ഉടലെടുക്കുന്ന ഈ പ്രതിരൂപങ്ങളിൽ ഭാവത്തിനും രൂപത്തിനും സാമ്യമുണ്ടായിരിക്കണം. അവയില്ലെങ്കിൽ അവിടെ കലാരൂപമില്ല. ആറു വിഭിന്നാർത്ഥങ്ങളിൽ ഭാവനാശബ്ദം നിരൂപണസാഹിത്യത്തിൽ പ്രയുക്തമായിട്ടുണ്ട് എന്നു തുടങ്ങുന്ന രണ്ടാംഖണ്ഡത്തിൽ ഗ്രന്ഥകാരൻ കുറച്ചു കാടുകേറുകയാണ് ചെയ്തിരിക്കുന്നത്. വ്യത്യസ്തഭാവങ്ങളെ യഥായോഗ്യം കൂട്ടിയിണക്കി ഒരു വികാരമഹാസൗധം കെട്ടിപ്പടുക്കുന്നതിന് കവിക്ക് കഴിവുകൊടുക്കുന്ന മാനസികശക്തിയാണ് ഭാവന എന്ന് നിഗമനം ചെയ്തിട്ട് അതിനെ, “കാമവികാരം

തദാലംബന കാരണത്തോടുതോന്നുന്ന ആദരവുമായി സമ്മേളിച്ചാൽ കാളിദാസന്റെ ശൃംഗാരമായി. കാമത്തേയും ആത്മോപകർഷഭാവത്തേയും മേളിപ്പിച്ചു് വിസ്മയംകൊണ്ടു് അതിനൊരുനിറം കൊടുത്താൽ സഭ്യമായ ശൃംഗാരമായി" എന്നും മററും പറഞ്ഞു് സിദ്ധാന്തിക്കുന്നതിനാണു് ഗ്രന്ഥകാരന്റെ ശ്രമം. ഇവിടം മുതലങ്ങോട്ടു് ഒരു ദഹനക്ഷയത്തിന്റെ ലക്ഷണം കാണുന്നുണ്ടു്. ഗ്രന്ഥകാരനോ വായനക്കാരനോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. രണ്ടായാലും ഫലം ഒന്നുതന്നെ.

'ഗീതകം' ഒരു ലഘുലേഖനമാണു്. ഭാരതീയക്കു് ഗീതകം ഒരു പുതുമയാണെന്നു പറയുന്നിടത്തു് സമ്മതം മൂളുക സാദ്ധ്യമല്ല. വാക്കു് പുതിയതുതന്നെ. പക്ഷേ നമ്മുടെ മുക്തകങ്ങൾ യഥാർത്ഥത്തിൽ ഗീതകങ്ങൾ തന്നെയല്ലേ? 'യഃ കൗമാരഹരഃ സ ഏവഹിവരഃ' എന്ന പദ്യം പാശ്ചാത്യസാഹിത്യത്തിലെ ഏതു ഗീതകങ്ങളോടും കിടനില്ക്കുകയില്ലേ?

'പ്രേമഭക്തി' എന്ന അവസാനത്തെ ലേഖനം യോഗാത്മകകവിതകളെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതാണു്. ആദ്ധ്യാത്മികാനുഭൂതിയാണു് യോഗാത്മകകവിതകളുടെ അന്തസ്സത്ത. അതുകൊണ്ടു് പ്രേമകവിതകൾ എല്ലാം യോഗാത്മകകവിതകളിൽ ഉൾപ്പെടുത്താൻ സാദ്ധ്യമല്ല. വേണ്ട. ഇവിടെ മിസ്റ്റിസിസവും സിംബോളിസവും തമ്മിൽ വേണ്ടപോലെ വിവേചിക്കാതെ നമ്മുടെ സാഹിത്യലോകത്തു് സംജാതമായിട്ടുള്ള ചിന്താകുഴപ്പത്തെ ലാക്കാക്കിക്കൊണ്ടു് മി. ഡാനിയൽ ഒരു നിഴൽയുദ്ധം നടത്തുന്നുണ്ടു്. ജി. യുടെ കവിതകൾ പലതും മിസ്റ്റിക്കു് കവിതകളല്ലെന്നു്. ആണെന്നു് ആരു പറഞ്ഞു? അഥവാ ആരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതിനു് ജി. ഉത്തരവാദിയാകണോ? "പ്രേമഭക്തിയുടെ പേരിൽ പ്രചരിക്കുന്ന കള്ളനാണയങ്ങൾ" നല്ല നാണയങ്ങളാണെന്നു് സാരവേദികളായ നിരൂപകന്മാർ—മി. ഡാനിയലിനെപ്പോലെതന്നെ എന്നർത്ഥമാക്കട്ടെയോ?—പ്രഖ്യാപിച്ചിട്ടുണ്ടുപോലും. അവക്കു് തിരിച്ചറിയാൻ കഴിവില്ലെന്നാണു് അടുത്ത വാചകം. ഈ നിരൂപകലോകത്തിന്റെ കഴിവിനും കഴിവുകേടിനും കവി ഉത്തരം പറയണോ? ആടു് കുതിരയെപ്പോലെയിരിക്കുന്നില്ലെങ്കിൽ അതു്, അതിനെ കുതിരയായിക്കാണാൻ ശ്രമിക്കുന്ന ആളിന്റെ തകരാറായിരിക്കണം. അതിനു് പാവം ആടെന്തുവേണം? ജി. യും ചങ്ങമ്പുഴയും അവരുടെ ദിവ്യാനുഭൂതിയുടെ പേരിൽ ഒരു പുതിയ ധർമ്മം സ്ഥാപിക്കാനിറങ്ങാത്തിടത്തോളം അവരെ ദൈവദൂഷണത്തിനു കൂട്ടിൽ കേറേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല.

മി. ഡാനിയലിന്റെ ഭാഷയെപ്പററിക്കൂടി ഒരുവാക്കു്. സംസ്കൃതപദങ്ങൾ അവിരളമായി കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹം വ്യഗ്രനാണു്. പുതിയ ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനു് പുതിയ വാക്കുകൾ ഉപയോഗിക്കാതെ നിവൃത്തിയില്ല. പക്ഷേ അവ അർത്ഥഗ്രാഹകങ്ങളുമല്ലാതെ പോയാലോ? വ്യഷ്ട്യബോധം, സമഷ്ട്യബോധം (P 17) ആത്മാപകർഷകഭാവം മുതലായവ ഇതിനുദാഹരണങ്ങളാണു്. സംസ്കൃതപക്ഷപാതിത്വത്തിനും ധാരാളം ഉദാഹരണങ്ങളുണ്ടു്. ഒരു വാചകംമാത്രം ഉദാഹരിക്കാം. "കോപവിഷയത്തേ പ്രപീഡനംചെയ്ക എന്നുള്ളതാണല്ലോ നിയന്ത്രണാതീതമായി വളർന്നുവരുന്ന കോപത്തിന്റെ പ്രായോഗികലക്ഷ്യം" (P. 9.)

അക്ലിഷ്ടമായ മലയാളശൈലിയിൽ എഴുതുന്നതിനു് ശ്രദ്ധിച്ചാൽ മി. ഡാനിയലിന്റെ വിപുലമായ ഗ്രന്ഥപരിചയവും, വ്യവസായബുദ്ധിയും നമ്മുടെ ഭാഷയ്ക്കു് വളരെ അധികം പ്രയോജനപ്പെടാൻ ഇടയുണ്ടെന്നുള്ളതിനു സംശയമില്ല. അദ്ദേഹത്തിന്റെ സാഹിത്യസേവനവ്യഗ്രതയ്ക്കു് വിജയമാശംസിച്ചുകൊള്ളുന്നു.

സി. കെ. നാരായണക്കുറുപ്പു് എം. എ.

---

## ഐതിഹ്യമുക്താവലി

ടി. എസ്. അനന്തസുബ്രഹ്മണ്യം സാഹിത്യനിലയം പ്രസ്സ്, എറണാകുളം, വില —8ണ.

ക്ഷേത്രങ്ങൾ, കാവുകൾ, സമാധിപീഠങ്ങൾ എന്നിവ കേരളക്കരയുടെ പ്രത്യേക സമ്പത്തുക

ളാണ്. പ്രാധാന്യം കുറഞ്ഞവയും കൂടിയവയും ഇക്കൂട്ടത്തിലുണ്ട്. ഓരോ മഹാന്മാർ ഓരോ കാലത്ത് അവരുടെ തപശ്ചര്യയ്ക്കുവേണ്ടി വിശുദ്ധമായ സ്ഥലങ്ങൾ തിരഞ്ഞെടുത്ത് ആലയങ്ങൾ സ്ഥാപിക്കാറുണ്ട്. അവരുടെ കാലശേഷം പ്രസ്തുത സ്ഥാനങ്ങൾ മാഹാത്മ്യമേറിയവയെന്ന് പൊതുജനങ്ങൾക്കു ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ അവയെ പുതുക്കിപ്പണിയുന്ന പതിവുമുണ്ട്. അവ ശക്തിപ്പെട്ടുവരികയും, ജനങ്ങൾക്ക് അവയോട് വിശ്വാസം വർദ്ധിച്ചുവരികയും ചെയ്യാറുണ്ട്. കാലാന്തരങ്ങളിൽ ചില പരിതഃസ്ഥിതികൾ മൂലം ഇത്തരം സ്ഥാപനങ്ങൾ ത്യാജ്യകോടിയിൽ തള്ളപ്പെടുകയും അവയുടെ ഐതിഹ്യം മാത്രം അവശേഷിക്കുകയും ചെയ്യും. ഇങ്ങനെയാണ് കേരളക്കരയിൽ പല ഐതിഹ്യങ്ങളും ഇന്നും നിലനിന്നുപോരുന്നതു്.

ഐതിഹ്യമുക്താവലിയുടെ കർത്താവായ ശ്രീ. അനന്തസുബ്രഹ്മണ്യം ഒരു ഈശ്വരവിശ്വാസിയാണെന്ന് മുഖചിത്രംതന്നെ വെളിപ്പെടുത്തുന്നുണ്ട്. അദ്ദേഹത്തിനു നേരിട്ടു പരിചയം പുലർത്താൻ കഴിഞ്ഞിട്ടുള്ള മലബാറിലെ ഭാരതപ്പുഴയ്ക്കു സമീപമുള്ള ചില പുണ്യസ്ഥലങ്ങളെപ്പററിയുള്ള ഐതിഹ്യങ്ങളാണ് പ്രസ്തുത ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. അതിലെ 'ഭ്രാന്തൻകല്ല്' നാറാണത്തു ഭ്രാന്തനുമായി ബന്ധം പുലർത്തുന്നതായിട്ടാണ് ഐതിഹ്യം. ആ സ്ഥലത്തെ മാഹാത്മ്യം ഇപ്പോഴും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതായിട്ടാണ് ഇവിടെ പ്രസ്താവിച്ചിരിക്കുന്നതു്. സപ്തകന്യകകളിൽ ഒരുവളുടെ പ്രതിഷ്ഠയെന്നതാണ് 'രായനല്ലൂർ' ക്ഷേത്രത്തിന്റെ വിശേഷം. സപ്തകന്യകമാരുടെ കേരളസന്ദർശനമാണ് ഇതിലെ ഐതിഹ്യവിഷയം. 'ചോലക്കാവു്' ആദ്യം ചോരക്കാവായിരുന്നു എന്നും ഒരു ചെറുമി അരിവാൾ മിനുക്കാനായി ഒരു കല്ലിൽ ഉരസി എന്നും അപ്പോൾ അതിൽനിന്നും ഒലിച്ച ചോരയാണ് അവിടെ ഈശ്വരചൈതന്യം വെളിപ്പെടുത്തിയതെന്നും, തന്നിമിത്തം ആ കല്ലിനും അതിന്റെ പരിസരമുള്ള സ്ഥലത്തിനും ചോരക്കാവ് എന്നു പേർസിദ്ധിച്ചുവെന്നും മററുമുള്ള ഐതിഹ്യമാണ് ഇതിലെ പ്രതിപാദ്യം. ഇതുപോലെ ഒരു ഐതിഹ്യം നമ്മുടെ (തിരുവനന്തപുരത്തെ) അനന്തൻകാടിനെപ്പററിയും പറഞ്ഞുപോരുന്നുണ്ട്. പൊന്നാനിക്കു സമീപം ഭാരതപ്പുഴയുടെ അരികിൽ 'ചമ്രവട്ടത്തെ അയ്യപ്പൻ'. ആണ് മറെറാരു ഐതിഹ്യത്തിനു നിദാനം ഇങ്ങനെ 'പുത്തൂർക്കാവു്', ചമ്പ്രാകുളങ്ങര അയ്യപ്പൻ, വെള്ളിയാൻകല്ല്, മുതലായി വേറെയും പല പുണ്യസ്ഥലങ്ങളെപ്പററി ഇതിൽ പ്രതിപാദിച്ചുകാണുന്നു. പൊന്നാനി താലൂക്കിലെ പന്നിയൂർ ക്ഷേത്രത്തിൽ—വരാഹമൂർത്തിയാണു പ്രതിഷ്ഠയെന്നും, കേരളത്തിൽ മറെറാരിടത്തും വരാഹമൂർത്തിയെ പ്രതിഷ്ഠിച്ചിട്ടുള്ളതായി തനിക്ക് അറിവില്ലെന്നും ഗ്രന്ഥകർത്താവു പറയുന്നു. തിരുവനന്തപുരത്തുള്ള 'ശ്രീവരാഹം' ക്ഷേത്രം അതിപുരാതനമായ ഒന്നാണ്. അതു്, ശ്രീ. അനന്തസുബ്രഹ്മണ്യം ദർശിച്ചിട്ടില്ലെന്നു തോന്നുന്നു. അദ്ദേഹം മലബാർവിട്ട് തെക്കോട്ട് അല്പം സഞ്ചരിക്കട്ടെ. അദ്ദേഹത്തിന് ആയിരക്കണക്കിനുള്ള ഐതിഹ്യങ്ങൾ കേൾക്കാം.

ഏതായാലും ഈ 'ഐതിഹ്യമുക്താവലി' സാഹിത്യദൃഷ്ട്യാ വലിയമേന്മയൊന്നും അർഹിക്കുന്നില്ലെങ്കിലും മതവിശ്വാസികളെ പ്രീണിപ്പിക്കാൻ പററിയതാണ്. നിരുപദ്രവകരമായ ഈ പ്രസ്ഥാനം വളരുന്നതിൽ അപകടമൊന്നുമില്ലെന്നു നിഷ്പ്രയാസം പറയാൻ സാധിക്കും.

ബി. പത്മനാഭപിള്ള എം. എ.

---

## കുമാരി സഫിയാ

എം. അഹമ്മദുകണ്ണ്, തിരുവിതാംകോട്

വില രൂ. 1 അണ. 4

ശ്രീ അഹമ്മദുകണ്ണ് ഒരുൽപ്പതിഷ്ണുവും സമുദായസ്നേഹിയുമാണ്. മുസ്ലിംസമുദായത്തിൽ സർവ്വസാധാരണമായി കാണപ്പെടുന്ന അനവധി ദൂഷ്യങ്ങളെ ദൂരീകരിക്കുന്നതിനു വെമ്പൽകൊള്ളുന്ന അദ്ദേഹം അതിലേക്കായി ഒരു നീണ്ട പ്രഭാഷണം തയാറാക്കിയിരുന്നെങ്കിൽ അതു് ഒരു വെറും മുഷിപ്പൻ പ്രബന്ധമായി കലാശിച്ചേനെ.

എന്നാൽ അദ്ദേഹം അതു മുൻകൂട്ടിക്കണ്ടു. അതാണ് പരിഷ്കൃത മനസ്കയായ ഒരു മുസ്ലീം വനിതയുടെ ആത്മകഥാ കഥനരീതിയിൽ അദ്ദേഹം സ്വാഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരിക്കുന്നതു്. സ്വസമുദായോദ്ധാരണവും കവിഞ്ഞു് സർവ്വസമുദായസാഹോദര്യം വരെ എത്തുന്ന അദ്ദേഹത്തിന്റെ വിശാലവീക്ഷണം പ്രശംസനീയം തന്നെ. എന്നാൽ കലാപരമായി നോക്കുന്ന പക്ഷം ഈ ആത്മകഥയ്ക്കു അല്പം കോട്ടമില്ലാതില്ല. കഥാപാത്രങ്ങൾ പലരുമുണ്ടു്; അവരുടെ സ്വഭാവചിത്രീകരണത്തിൽ ഏറക്കുറെ വൈവിധ്യവും കാണുന്നുണ്ടു്. എന്നാൽ ഗ്രന്ഥത്തിൽ ഉടനീളം വ്യാപിച്ചുകിടക്കുന്നതു് ഗ്രന്ഥകാരന്റെ വിപ്ലവാത്മകങ്ങളായ ആദശ്ങ്ങളാണു്. സഫിയാ, അബ്ദുള്ളാമാസ്റ്റർ, ഖലീദ്, അല്ലാമാ സാഹിബ് എന്നിവർ സംസാരിക്കുന്നതു് ഒരേ സ്വരത്തിലും ഒരേ ഭാഷയിലുമാണു്. ആ സ്വരവും ഭാഷയും ശ്രീ അഹമ്മദുക്കുഞ്ഞിന്റേതല്ലാതെ മററാരുടേതുമല്ലെന്നുള്ളതു പകൽപോലെ തെളിഞ്ഞു കാണാം. സാങ്കല്പികമായ ആത്മകഥാകഥനത്തിൽ പ്രഭാഷണത്തിനും സംഭാഷണത്തിനും ആത്മഗതത്തിനും ധാരാളം സന്ദർഭങ്ങൾ ഉണ്ടാകും; ഇല്ലെങ്കിൽ ഉണ്ടാക്കുകയും ചെയ്യാം. ഈ സംഗതിയിൽ ആത്മകഥയുടെ ചട്ടക്കൂട്ടു് ശ്രീ അഹമ്മദുക്കുഞ്ഞിനു ഏററവും പ്രയോജനപ്പെട്ടിട്ടുണ്ടെന്നുള്ളതു നിസ്തർക്കമാണു്.

ഗ്രന്ഥകാരന്റെ ആശയങ്ങൾ കഥാരൂപത്തിൽ പ്രകടിപ്പിക്കുന്നതിനു ഒരു പശ്ചാത്തലം കൂടാതെ കഴികയില്ലല്ലോ. പറയത്തക്ക പ്ലാട്ടു് ഒന്നുമില്ലെങ്കിലും ഒരു കഥയ്ക്കുവേണ്ട കരുക്കൾ 'കുമാരി സഫിയാ'യിൽ ഉണ്ടു്. കഥാഗതി ചുരുക്കത്തിൽ ഇതാണു്: ഒരുത്തമസമുദായ സ്നേഹിയും ഉൽപതിഷ്ണുവുമായ അബ്ദുള്ളാമാസ്റ്ററുടെയും അലീമാബീവിയുടെയും പ്രഥമസന്താനമാണു കുമാരി സഫിയാ. അബ്ദുള്ളാമാസ്ററരുടെ വിവാഹംതന്നെ അദ്ദേഹത്തിന്റെ ഉൽപതിഷ്ണുത്വത്തിനുത്തമദൃഷ്ടാന്തമാണു്. സ്വസമുദായത്തിന്റെ ശക്തിയായ എതിർപ്പു തൃണവൽ ഗണിച്ചാണു് വിമതസ്ഥയായ വിമലാദേവിയെ അദ്ദേഹം കുപ്പായമിടുവിച്ചു സ്വപത്നിയാക്കിയതു്. സഫിയായുടെ നാമകരണം നടത്തിയതു് "പള്ളീലെ മോല്യാര"ല്ലായിരുന്നു; അദ്ദേഹംതന്നെയാണു് അതു നിർവ്വഹിച്ചതു്. സാമൂഹ്യപരിഷ്കാരം ലക്ഷ്യമാക്കിക്കൊണ്ടു് സ്വന്തമായി ഒരു വിദ്യാലയം നടത്തുന്ന ഒരു ആദർശാദ്ധ്യാപകനാണു് അബ്ദുള്ളാമാസ്ററർ. ആദർശജീവിതം നയിക്കുന്ന മാതാപിതാക്കളെ അനുകരിച്ചു് സഫിയായും സാമുദായികദുരാചാരങ്ങളെ വെറുത്തു് സമത്വസുന്ദരമായ ഒരു ഭാവിയെ വിഭാവനം ചെയ്യുന്നു. വിദ്യാലയജീവിതത്തിൽ അവൾക്കു ചില സഖികളെ ലഭിക്കുന്നു. ഇവരുടെ സ്വഭാവവൈവിധ്യം അവളെ പല പാഠങ്ങൾ പഠിപ്പിക്കുന്നു. ഇവരിൽ പ്രധാനി ശൌര്യം തുളുമ്പുന്ന ഖലീദുകാക്കായാണു്. മററു രണ്ടുപേർ പ്രഭുപുത്രിയും അഹംഭാവിയുമായ നൂർജഹാനും, ദരിദ്രയെങ്കിലും സുന്ദരിയായ മീരായുമാണു്. സഫിയായുടെ പിതൃഷ്വസാവിന്റെ പുത്രനായ ഫക്കീർമച്ചാ ബാല്യംമുതൽ അവളുടെ ഭാവിവരനായി സങ്കല്പിക്കപ്പെട്ടിരുന്നെങ്കിലും ഖലീദിനെ അപേക്ഷിച്ചു് അയാൾ ഹൃദയവിശാലത കുറഞ്ഞവനും അജ്ഞനുമാണെന്ന പരമാർത്ഥം അവളെ വേദനിപ്പിക്കുന്നു. സമുദായോദ്ധാരണാർത്ഥം ഖലീദു നിസ്വാർത്ഥസേവനം അനുഷ്ഠിക്കുമ്പോൾ ഫക്കീർ ഇടുങ്ങിയ പരിധികൾക്കുള്ളിൽ ജീവിച്ചു ബി. എ. ഡിഗ്രി നേടി എഫ്. എൽ. നു പഠിക്കുന്നു. എന്നിരുന്നാലും ഫക്കീർ സഫിയായുടെ പ്രേമഭാജനമാണു്. പക്ഷേ ഫക്കീറിന്റെ പ്രേമം അടിയുറച്ചതല്ല. അയാൾ സഫിയായെക്കാൾ പണത്തിനെയാണു കൂടുതൽ സ്നേഹിക്കുന്നതു്. മാതാപിതാക്കന്മാരുടെ ധനതൃഷ്ണയ്ക്കു് അയാൾ വഴങ്ങിക്കൊടുക്കുന്നു. പ്രഭുപുത്രിയായ നൂർജഹാനുമായുള്ള ബന്ധം കൊതിച്ചു അവർ അതിനു കഠിനയത്നം നടത്തുന്നു. പക്ഷേ ഫലം വിപരീതം. അഹംഭാവികളായ പ്രഭുകുടുംബക്കാർ ഫക്കീറിനെ തിരസ്കരിക്കുന്നു. അയാൾ എഫ്. എൽ. നു തോററു് മമ്മതു മുതലാളിയുടെ എസ്റ്റേററുമാനേജരുദ്യോഗം സ്വീകരിക്കുകയും അതിനുശേഷം വല്ലാത്ത ഒരു ഏടാകൂടത്തിൽപ്പെട്ടു് വിധവയായ മീരായെ പരിണയിക്കാൻ നിർബ്ബന്ധിതനാകയും ചെയ്യുന്നു. സഫിയാ

യുടെ പ്രേമം ഇങ്ങനെ അവസാനിക്കുന്നതോടു കൂടി നിത്യകന്യകയായിരുന്നു സമുദായസേവനം ചെയ്യാൻ അവൾ തീർച്ചപ്പെടുത്തുന്നു.

കഥാഘടനയ്ക്കു വലിയ അടുക്കും ചിട്ടയും ഒന്നുമില്ല. സംഭവങ്ങൾ ആവശ്യംപോലെ വന്നു ചേരുന്നുണ്ടെന്നു മാത്രം. മിക്കപ്പോഴും അവ കാഥികന്റെ പ്രഭാഷണങ്ങൾക്കു കളമൊരുക്കാൻമാത്രം സൃഷ്ടിച്ചതുപോലെ തോന്നും. മീരയുടെ പൊരുത്തമില്ലാത്ത പ്രഥമവിവാഹം, ഖലീദ്ദുകാക്കായുടെ സമരപരിപാടികൾ, ഗവർണ്ണറുടെ നേർക്കുള്ള ബാംബാക്രമണം, കാട്ടുമാന്തോപ്പു എസ്റ്റേറ്റിലെ ഭയങ്കര ലഹള, അടിമ മുതലാളിയുടെ അണ്ടിഫാക്ടറിക്കു ചുറവും പടന്നു പിടിച്ച മസൂരിബാധ എന്നിങ്ങനെ അനേകം സംഭവങ്ങൾ ഒന്നിനു പുറകേ ഒന്നായി അണിനിരക്കുന്നുണ്ടു്. സ്വഭാവ ചിത്രീകരണത്തിൽ ഗ്രന്ഥകർത്താവു വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെങ്കിലും സഫിയാ, അബ്ദുള്ളമാസ്റ്റർ, അലീമാബീവി, ഖലീദു എന്നീ കഥാപാത്രങ്ങൾക്കു ഏറക്കുറെ സജീവത്വവും വ്യക്തിത്വവും ഉണ്ടെന്നു പറയാം. മററുപാത്രങ്ങൾ വെറും നിഴലുകൾ മാത്രമായി ശേഷിക്കുന്നു. നൂർജഹാന്റെ സംഭാഷണവും എഴുത്തും വായനക്കാരെ അല്പം രസിപ്പിക്കുന്നുണ്ടു്. ഇംഗ്ലീഷും മലയാളവും കലർന്നിയുള്ള അവളുടെ വൈകല ഭാഷയാണു് ഇതിനുകാരണം. ഒരു പ്രധാന കഥാപാത്രമായ ഫക്കീറിനു വേണ്ടത്ര വ്യക്തിത്വംകൊടുക്കാൻ ഗ്രന്ഥകർത്താവിനു സാധിച്ചിട്ടില്ല. സഫിയായും ഖലീദും തമ്മിലുള്ള ഹൃദയൈക്യം പ്രണയമായിക്കലാശിക്കാമായിരുന്നില്ലേ എന്നൊരു ചോദ്യവും അപ്രസക്തമല്ല.

ശ്രീ അഹമ്മദുകുണ്ണിനു നിരർഗ്ഗളമായൊരു ഗദ്യശൈലി വശമുണ്ടു്. അതു് ആത്മകഥാകഥനത്തിനു വളരെ പററിയതുമാണു്. മുസ്ലീം സമുദായത്തിന്റെ അധഃപതനത്തിനു മൂലകാരണങ്ങളായ അന്ധവിശ്വാസങ്ങൾ, അസമത്വങ്ങൾ, ദുരാചാരങ്ങൾ ഇവ നിർമ്മൂലനം ചെയ്യുന്നതിൽ ബദ്ധശ്രദ്ധനായ അഭ്യുദയം ഒരുസുവിശേഷകന്റെ ആത്മാർത്ഥതയോടും ഉദ്ദേശത്തോടുംകൂടിയാണു് തന്റെ തൂലിക ചലിപ്പിക്കുന്നതു്, ആ ഉദ്ദേശം കൊണ്ടായിരിക്കാം ചില ഭാഗങ്ങളിൽ അല്പം ചില വിലക്ഷണ പ്രയോഗങ്ങൾ സ്ഥലം പിടിച്ചു കാണുന്നതു്.

അവസാനമായി ഒരു കാര്യം തീർത്തുപറയാം. സഫിയായുടെ ജീവിതകഥയ്ക്കു അവൾ ആശിക്കുന്നതുപോലെ തന്നെ "പറിപ്പുള്ളവരെയും പണമുള്ളവരെയും (എന്നല്ല ഹൃദയമുള്ളവരെയും) പിടിച്ചിരുത്തി ചിന്തിപ്പിക്കാനുള്ള കഴിവു" തീർച്ചയായും ഉണ്ടു്. ശ്രീ അഹമ്മദുകുണ്ണിൽനിന്നും മുസ്ലീംസമുദായത്തിനും കൈരളിക്കും ഇനിയും പലതും പ്രതീക്ഷിക്കാം.

---

## 2 ക്രമുകൾ

**പി. ടി. ഓച്ചന്തുരുത്തു്, എറണാകുളം**

വില 1 രൂപാ

'അച്ഛനിപ്പവരും', 'തറവാടിന്റെ മാനം', 'എതിരാളി', 'രണ്ടു കത്തുകൾ' 'നീലിമ പുരണ്ട നീണ്ട കണ്ണുകൾ' 'ഞങ്ങളുടെ കെളത്തി' ഇങ്ങനെ അഞ്ചു കഥകളുടെ സമാഹാരമാണു് 'ക്രമുകൾ'. അവതാരികാകാരൻ ശ്രീ. ശ്രീധരമേനോൻ പറയുമ്പോലെ ഈ യുഗം ചെറുകഥകളുടെ യുഗമാവാം. ഏതായാലും ഒന്നു തീർച്ചയാണു്. പുരോഗമനാത്മകമായ ഇന്നത്തെ സാഹിത്യത്തിൽ ചെറുകഥകൾക്കു മാന്യമായ ഒരു സ്ഥാനമുണ്ടു്. നമ്മുടെ ചുററും കാണുന്ന ജീവിതത്തിൽ നമ്മെ ആഹ്ലാദിപ്പിക്കയോ, കരയിക്കുകയോ, ചിന്തിപ്പിക്കയോ വിലയേറിയ പാഠങ്ങൾ പഠിപ്പിക്കയോ ചെയ്യാൻ പ്രാപ്തിയുള്ള ചിത്രങ്ങൾ അനവധി ഉണ്ടു്. കണ്ണുള്ളവൻ അവ കാണും; കലാവാസനയുള്ളവർ അവ കലയിൽ പകർത്തും. ചെറുകഥകളാകുന്ന കലാശില്പങ്ങൾ ജീവിതത്തിന്റെ ലഘുചിത്രീകരണങ്ങളാണു്. ഇന്നത്തെ ചെറുകഥകൾ അധികവും സങ്കല്പലോകത്തിലെ ചിത്രങ്ങളല്ല, യഥാർത്ഥ ജീവിതത്തിന്റെ ചിത്രങ്ങളാണു്. 'ക്രമുക'ളിലെ കഥകൾ ഈ കൂട്ടത്തിൽ പെടുന്നു.

'അച്ഛനിപ്പം വരും' എന്ന ആദ്യകഥയിൽ വലിയ കഥയൊന്നുമില്ല. അഗതിയായ ഒരു വേശ്യ

യുടെ അനുകമ്പാർഹമായ ജീവിതകഥയാണതു്. കാളിയേ ഏവക്കും പുഛമാണു്. അവൾ ദാരിദ്ര്യം കൊണ്ടു കക്കാൻ തുടങ്ങുമ്പോൾ ആണ്ടി അവളെ കഠിനമായി ശിക്ഷിക്കുന്നു. ശിക്ഷയുടെ കാഠിന്യം അവന്റെ പശ്ചാത്താപത്തിലും, അനുകമ്പയിലും, കാലക്രമേണ അകമഴിഞ്ഞ പ്രണയത്തിലും കലാശിക്കുന്നു. പക്ഷെ കഥ അവിടെയും അവസാനിക്കുന്നില്ല. ആണ്ടി കടൽക്കോളിൽ അപമൃത്യുവിനിരയാകുന്നതും കാളിയും കുഞ്ഞും നിസ്സഹായരായി അയാളെ കാത്തു് കടൽപുറത്തു് അലഞ്ഞുതിരിയുന്നതും ആണു് അവസാനരംഗം. 'തറവാട്ടിന്റെ മാനം' ഒരു ദയനീയരംഗവണ്ണന മാത്രമാണു്. അനവധി സ്വത്തുണ്ടായിരുന്നു് ദരിദ്രനായിത്തീൎന്ന മീങ്കുവല്ല്യപ്പന്റെ ഭായ്യ മരിച്ചുകിടക്കുന്നു. തറവാടു ക്ഷയിച്ചു് മാനം മാത്രം ശേഷിച്ചിട്ടുണ്ടു്. ശവശരീരത്തിനു സമീപം ഇരുന്നു കണ്ണീരൊഴുക്കുന്ന വൃദ്ധൻ തന്റെ ദാമ്പത്യജീവിതത്തിന്റെ സൗവണ്ണകാലം ഹൃദയവേദനയോടെ സ്മരിക്കുന്നു. അഷ്ടിക്കുപോലും വകയില്ലാത്ത ഈ ഘട്ടത്തിലും തന്റെ ഭായ്യയുടെ ശവസംസ്കാരം ഏ. ക്ലാസുമുറയ്ക്കു് മോടിയോടെ നടത്തണമെന്നാണു വൃദ്ധന്റെ ശാഠ്യം. പക്ഷേ അതു് എങ്ങിനെ നടക്കാനാണു്? ഈ പരിതഃസ്ഥിതിയിൽ 'വ്യസനം തലയ്ക്കുപിടിച്ചു' ബോധംകെട്ടു വീഴുന്ന മീങ്കുവല്ല്യപ്പൻ തികച്ചും അനുകമ്പാർഹൻ തന്നെ. 'എതിരാളിയിൽ' കുറച്ചുകൂടി കലാശില്പം കാണാം. ബോട്ടുകളിലും തീവണ്ടികളിലും നാം സർവസാധാരണമായി കാണാറുള്ള പാട്ടുകാർ പിള്ളേരുടെ തെണ്ടിത്തിരിഞ്ഞ ജീവിതത്തിന്റെ ഒരു യഥാർത്ഥ ചിത്രം അതിലുണ്ടു്. മമ്മതിന്റെ എതിരാളിയായി വരുന്ന രവിയെ 'ശരിപ്പെടുത്താൻ' തന്നെ അവൻ തീർച്ചയാക്കുന്നു. പക്ഷേ രവിയുടെ യഥാർത്ഥ സ്ഥിതി അറിയുമ്പോൾ മമ്മതിന്റെ പക സഹതാപമായി മാറുന്നു. മാതൃസ്നേഹത്തിന്റെ പേരിൽ അവൻ മാനസാന്തരപ്പെട്ടു തന്റെ സമ്പാദ്യം മുഴുവൻ കൊടുത്തു രവിയെ മരണശയ്യയിൽ കിടക്കുന്ന സ്വമാതാവിനെ കാണാൻ പറഞ്ഞയയ്ക്കുന്നു. 'രണ്ടു കത്തുകളി'ൽ കഥ തീരെയില്ലതന്നെ. ചിത്രകാരനായ രവി പട്ടാളത്തിൽ ചേരാനിടയായ പരിതഃസ്ഥിതികളാണു ചിന്താവിഷയം. ദാരിദ്ര്യദുഃഖംകൊണ്ടു് ചിത്രമെഴുത്തുപേക്ഷിച്ചു പട്ടാളത്തിൽ ചേൎന്ന രവിയോടു് ആക്കും അനുകമ്പ തോന്നും. 'നീലിമ പുരണ്ട നീണ്ട കണ്ണുകൾ' സിനിമാപ്പരസ്യം കട്ടവണ്ടിയിൽ തെരുവുനീളെ വലിച്ചുനടക്കുന്ന ആലിയുടെ കഥയാണു്. അവന്റെ ചൂളംവിളിയുടെ "ട്യൂണി" നൊപ്പിച്ചു വീണവായിക്കുന്ന ഒരു കൊച്ചു സുന്ദരിയുടെ നീലക്കണ്ണുകൾ അവനെ ആകഷിക്കുന്നു. അവന്റെ അഭിലാഷം അസ്ഥാനത്താണെങ്കിലും അതവന്റെ അപമൃത്യുവരെയും നീണ്ടുനിൽക്കുന്നു. ഈ കഥയുടെ സംഭാവ്യതയെപററി ശങ്കയുണ്ടായേക്കാം. എങ്കിലും ഒരു മേന്മ കഥയ്ക്കുണ്ടു്. ആ കൃഷിവേലക്കാരന്റെ ദൈനന്ദിനജീവിതം കാഥികൻ സമത്ഥമായി ചിത്രീകരിച്ചിരിക്കുന്നു. അവസാനകഥ അന്നമ്മയെന്ന വൃദ്ധ (കെളത്തി)യുടെ ദയനീയ ചരിത്രമാണു്. അവളുടെ അപ്പൻവറീതു് മാഗ്ഗം കൂടിയ അന്തോണിയുടെ പുത്രനാണു്. വറീതിന്റെ യജമാനൻ തോമ്മാച്ചേട്ടനു മാഗ്ഗംകൂടിയവരെ പുഛമാണു്. എന്നിട്ടും വറീതിന്റെ സ്വാമിഭക്തിയ്ക്കു അതിരില്ല. യജമാനനുവേണ്ടി സ്വഭായ്യയെയും തന്നെത്തന്നെയും ബലികഴിക്കുവാൻ ആ ഭൃത്യൻ മടിക്കുന്നില്ല. അങ്ങിനെ നിരാധാരയായിത്തീൎന്ന അന്നമ്മയാണു കണ്ണീരും കൈയ്യുമായി കഥപറയുന്നതു്.

ഈ കഥകൾ വെറും കൃമ്പുകളായിട്ടേ വിദ്യാത്ഥിയായ കാഥികൻ അവകാശപ്പെടുന്നുള്ളു. എങ്കിലും കലാവാസന അവയിൽ വിരളമല്ല. 'എതിരാളി'യിലും 'ഞങ്ങളുടെ കെളത്തി,'യിലും ഇതു തെളിഞ്ഞുകാണാം. മററു കൃമ്പുകൾ ഇനിയും വിരിയുവാനുണ്ടു്. അവതാരികാകാരൻ പറയുന്നതുപോലെ കഥാപാത്രങ്ങൾക്കു വേണ്ടത്ര വ്യക്തിത്വം വന്നിട്ടുണ്ടെന്നു പറയാനില്ല. തന്റെ ചുററുപാടുമുള്ള ജീവിതചിത്രങ്ങൾ അകൃത്രിമലാഘവത്തോടെ കടലാസിലേക്കു പകത്താനുള്ള കഴിവു കാഥികനുണ്ടെന്നുള്ളതു് നിഷ്പ്രവാദമാണു്.

എൻ. കൃഷ്ണക്കൈമ്മൾ എം. ഏ.

# മഹാകവി വള്ളത്തോളും അഭിജ്ഞാനശാകുന്തളവും

ചങ്ങരംകുമരത്ത് ശങ്കരൻ
സിദ്ധാർത്ഥബുക്ക്ഹൗസ് തൃശ്ശൂർ. വില ഒരുരൂപ്പിക.

"കവിതാ കാളിദാസസ്യ
തത്ര ശാകുന്തളം മതം"; എന്നതു് സാഹിത്യലോകത്തിൽ പ്രതിഷ്ഠ സമ്പാദിച്ചിട്ടുള്ള ഒരു ചൊല്ലാണു്. ഇതിൽനിന്നും കവികുലകൂടസ്ഥനായ കാളിദാസന്റെയും അദ്ദേഹത്തിന്റെ കവനങ്ങളിൽ പ്രഥമസ്ഥാനമർഹിക്കുന്ന "ശാകുന്തള"ത്തിന്റെയും മാഹാത്മ്യം ഊഹിക്കാൻ പ്രയാസമില്ല. 'ശാകുന്തളം' നാടകത്തിനു പല പരിഭാഷകളും ഉണ്ടായിട്ടുണ്ടു്. കേരളകാളിദാസൻ, കേരളപാണിനി, ആററൂർ, വള്ളത്തോൾ ഇവരാണു് ഈ പരിഭാഷകന്മാരിൽ പ്രസിദ്ധന്മാർ. ഈ തർജ്ജമകളൊന്നുംതന്നെ നിർദ്ദോഷങ്ങളല്ലെങ്കിലും അവ കൈരളിക്കുള്ള നേട്ടങ്ങളാണെന്നു സമ്മതിയ്ക്കാം. വമ്പന്റെ പിമ്പേ പോകുന്നതും പ്രയാസമാണല്ലൊ.

ശ്രീ ചങ്ങരംകുമരത്തു ശങ്കരന്റെ "മഹാകവി വള്ളത്തോളും അഭിജ്ഞാനശാകുന്തളവും" ഒരു ലഘുനിരൂപണ ഗ്രന്ഥമാണു്. നിരൂപണം ഖണ്ഡനമെന്നും മണ്ഡനമെന്നും പ്രധാനമായി രണ്ടുവിധത്തിലുണ്ടു്. പ്രസ്തുതകൃതി ആപാദചൂഡം ഖണ്ഡനപരമായിപ്പോയി എന്നു പറയാതെ തരമില്ല. ഒരു വിമർശകൻ എപ്പോഴും നിഷ്പക്ഷമായ നിലയാണു സ്വീകരിക്കേണ്ടതു്. സ്വതന്ത്രമായ മററു കൃതികളെ അപേക്ഷിച്ച് വള്ളത്തോളിന്റെ "ശാകുന്തളം" തർജ്ജമയ്ക്കു്മെച്ചം കുറഞ്ഞിട്ടുണ്ടെന്നുള്ള വസ്തുത ആരും വിസ്മരിക്കുന്നതല്ല. ധാരാളം വിവർത്തനങ്ങളുണ്ടായിരിക്കുമ്പോൾ മഹാകവി ഇത്തരം ഉദ്യമത്തിൽ ഏർപ്പെടേണ്ട ആവശ്യവും അത്ര വ്യക്തമല്ല. മൂലകൃതിയിലെ ആശയങ്ങൾക്കു കോട്ടം തട്ടാതെ പരിഭാഷാരൂപത്തിൽ ആവിഷ്കരിക്കാനുള്ള അദ്ദേഹത്തിന്റെ ഉദ്യമം സഫലമായിട്ടില്ലെന്നും പറയേണ്ടിവന്നതിൽ ഖേദമുണ്ടു്.

എന്നുവരികിലും ശ്രീ ചങ്ങരംകുമരത്തു ശങ്കരൻ ചില ഘട്ടങ്ങളിൽ തീരെ പുരോഭാഗിയായിപ്പോയിട്ടില്ലേ എന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. വള്ളത്തോൾ തർജ്ജമയ്ക്കുള്ള ദൂഷ്യവശങ്ങളെ പ്രകടമാക്കിയപോലേതന്നെ ഗുണഭാഗങ്ങളേയും അദ്ദേഹത്തിനു എടുത്തുകാട്ടാമായിരുന്നു. ഈ നിരൂപണം വായിക്കുന്ന ഒരാൾക്കു് വള്ളത്തോളിന്റെ "ശാകുന്തളം" തർജ്ജമ, നാന്ദിമുതൽ ഭരതവാക്യംവരെ അബദ്ധജടിലമാണെന്നുള്ള ഒരു പ്രതീതിയാണുണ്ടാകുന്നതു്. അതിലെ ചില ഭാഗങ്ങളെ കേരളകാളിദാസന്റെയും കേരളപാണിനിയുടേയും തർജ്ജമകളുമായി തുലനംചെയ്തു് അവയ്ക്കുള്ള വൈകല്യങ്ങളെ പവിത്രീകരിച്ചു പ്രസ്താവിച്ചിരിക്കുന്നു. ഈ അഭിപ്രായത്തിന്റെ ആത്മാർത്ഥത ചിന്തനീയമാണു്.

ഏതായാലും ഇത്തരം വിമർശനങ്ങൾ മലയാളസാഹിത്യത്തിനു് അവശ്യം വേണ്ടതാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല. നമ്മുടെ നിരൂപണശാഖ ഇനിയും അഭിവൃദ്ധിപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. ശ്രീ ചങ്ങരംകുമരത്തു ശങ്കരന്റെ ചങ്കുറപ്പത്തെയും അഭിപ്രായദാർഢ്യത്തേയും മറവുംപററി എത്രതന്നെ പ്രസംഗിച്ചാലും മതിയാകുന്നതല്ല. നിരൂപണവിഷയത്തിൽ കൂടുതൽ നിഷ്പക്ഷത പാലിക്കുമെങ്കിൽ അദ്ദേഹത്തിന്റെ ഇത്തരം സാഹിത്യവ്യവസായത്തിനു് ആദരണീയമായ ഒരു ഭാവിയാണുള്ളതു്.

എൻ. കുഞ്ഞുകൃഷ്ണപിള്ള എം. എ.

# തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതിയോഗം

ഭരണസമിതിയോഗം 14-5-1953 വൈകിട്ട് 5 മണിക്ക് സ്ഥിരം പ്രസിഡൻറ് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻെറ അദ്ധ്യക്ഷതയിൽക്കൂടി.

മുൻ ഭരണസമിതിയോഗം പാസാക്കിയ ബഡ്ജററിൽ ഗവർമ്മെൻറിൽനിന്നും പ്രതീക്ഷിച്ച പല വരവിനങ്ങളിൽ ഗ്രാൻറുകൾ ലഭിക്കുന്നതിൻെറ സാദ്ധ്യതയെപ്പററി നിശ്ചയമില്ലാത്തതിനാൽ ഇന്ന നിലവിലുള്ള ഗവമ്മെൻറ് ആർഡർ അനുസരിച്ച് 20000 രൂപയെ പ്രധാനമായി ലക്ഷ്യമാക്കിക്കൊണ്ട് ബഡ്ജററ് പുതുക്കണമെന്നുള്ള പ്രസിഡൻറിൻെറ നിർദ്ദേശപ്രകാരം തയ്യാറാക്കിയ പുതുക്കിയ ബഡ്ജററ് പര്യാലോചനയ്ക്കു സമപ്പിച്ചു.

വരവു ചെലവിനങ്ങളിലുള്ള ഓരോ സംഗതിയും പ്രത്യേകം പര്യാലോചിക്കപ്പെടുകയുണ്ടായി.

റവന്യൂ വദ്ധിപ്പിക്കയാണു ഒരു പ്രസ്ഥാനത്തിൻെറ വിജയത്തിനാവശ്യമെന്നും അതിലേക്കു സംഘത്തിൻെറ പ്രവത്തനഫലമായി ലൈബ്രറികൾക്കു ഗ്രേഡ് അനുസരിച്ച് ഓരോ കൊല്ലവും കിട്ടിവരുന്ന ഗ്രാൻറിനെ ആധാരമാക്കി വാർഷികവരി പിരിക്കേണ്ടതാണെന്നും നിശ്ചയിച്ചു.

സംഘംവക സ്റ്റേഷൻവാഗൺ വിൽക്കേണ്ടതാണെന്നു നിശ്ചയിച്ചു. വൈസ് പ്രസിഡൻറ് ശ്രീ. കെ. എം. അഗസ്റ്റിൻ കൺവീനറായി ട്രഷറർ, ജനറൽസെക്രട്ടറി, എന്നിവരുൾപ്പെട്ട ഒരു കമ്മററിയെ അതിനു ചുമതലപ്പെടുത്തി.

ഒരു ക്ലാസിക്കു പുസ്തകം തെരഞ്ഞെടുത്ത് പ്രസാധനം ചെയ്യുന്നതിനു ഡാ: പി. കെ. നാരായണപിള്ളയെ ചുമതലപ്പെടുത്തി, സംഘത്തിൻെറ മേൽനോട്ടത്തിൽ അച്ചടിപ്പിച്ച് വിൽപ്പന നടത്തേണ്ടതാണെന്നും തീരുമാനിച്ചു. പുസ്തകം തെരഞ്ഞെടുത്തു പ്രസാധനം ചെയ്യുന്നതു സംബന്ധിച്ച് ഡാ: പി. കെ. നാരായണപിള്ള അടുത്ത കമ്മററിയിൽ ഒരു റിപ്പോർട്ടു നൽകേണ്ടതാണെന്നും തീർച്ചയാക്കി.

1953-54 ലെ പുതുക്കിയ ബഡ്ജററ് അംഗീകരിച്ചു.

ഗ്രന്ഥാലോകത്തിൻെറ നടത്തിപ്പിനു ഒരു ഫുൾടൈം മാനേജിംഗ് എഡിററെ നിയമിക്കുന്നതിനു തീരുമാനിച്ചു. മാനേജിംഗ് എഡിററായി ശ്രീ. പി. ശ്രീധരൻപിള്ളയെ നിയമിക്കുന്നതിനും ടിയാനു പ്രതിമാസം 100 രൂ. ശമ്പളം നൽകുവാനും നിശ്ചയിച്ചു.

മാസികയുടെ നടത്തിപ്പിനു വേണ്ട സഹകരണങ്ങൾ നൽകുന്നതിനായി ഓണററി എഡിററായിരിക്കുന്നതിനു സമ്മതമാണോ എന്ന് ശ്രീ. എസ്. ഗുപ്തൻനായരോട് അന്വേഷിക്കുന്നതിനു തീരുമാനിച്ചു.

ഗ്രന്ഥാലോകം മാസികയുടെ കുടിശിക പിരിക്കുന്നതിനും, ഗ്രന്ഥശാലകൾ ഒഴിച്ചുള്ള വരിക്കാരുടെ വരിസംഖ്യ പിരിക്കുന്നതിനും പിരിവുതുകയുടെ 25 ശതമാനം കമ്മിഷൻ നൽകേണ്ടതാണ് എന്നു തീർച്ചചെയ്തു.

വ്യക്തിമെംബറന്മാരെ മാസികാ വരിക്കാരായി ചേർക്കേണ്ട കാര്യത്തിൽ ഓർഗനൈസിംഗ് ഇൻസ്പെക്ടരന്മാർ ശ്രദ്ധിക്കേണ്ടതാണെന്നു നിർദ്ദേശിച്ചു.

ബഡ്ജററ് അവതരിപ്പിക്കുന്ന ജനറൽ ബോഡി യോഗം, പ്രസിഡൻറ് ജനീവായിൽനിന്നും മടങ്ങിവന്നതിനുശേഷം നടത്തിയാൽ മതിയാകുന്നതാണെന്നു തീരുമാനിച്ചു.

ഗ്രന്ഥാലോകത്തിൻെറ പരസ്യനിരക്ക പുതുക്കി നിശ്ചയിക്കുന്നതിനു ജനറൽസെക്രട്ടറി, ട്രഷറർ, ശ്രീ. കെ. എം. അഗസ്റ്റിൻ എന്നിവരടങ്ങിയ ഒരു കമ്മിററിയെ ചുമതലപ്പെടുത്തി.

ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാരുടേയും, ആഫീസ് സിൽബന്തികളുടേയും അവധി അനുവദിക്കുന്നതിനു ജനറൽ സെക്രട്ടറിയെ അധികാരപ്പെടുത്തി.

ഹൈദരാബാദിൽവച്ചു നടക്കുന്ന 10-ാമതു ആൾഇൻഡ്യാ ലൈബ്രറി കാൺഫറൻസിനു ജനറൽ സെക്രട്ടറിയും ജായിൻറ സെക്രട്ടറിയും പോകുന്നതിന് അനുവദിച്ചു.

17 ഗ്രന്ഥശാലകളെ പുതുതായി അംഗമാക്കി—(ലിസ്റ്റ് അന്യത്ര).

---


# മംഗളോദയം പ്രസിദ്ധീകരണങ്ങൾ

**ഹാസസാഹിത്യം** 2 0 0

ഹാസസാഹിത്യമെന്ന പേരിൽ കൊള്ളാവുന്നതും തള്ളാവുന്നതുമായി പല പ്രസിദ്ധീകരണങ്ങളുമുണ്ട് നമ്മുടെ സാഹിത്യത്തിൽ. എന്നാൽ ഹാസസാഹിത്യത്തെപ്പററിയും അതിൻെറ ശാസ്ത്രീയവശങ്ങളെപ്പററിയും പഠിക്കാനുതകുന്ന പുസ്തകങ്ങൾ ഇല്ലെന്നുതന്നെ പറയാം. ഈയൊരു ന്യൂനതയെ പരിഹരിക്കാൻ തികച്ചും പര്യാപ്തമായ ഒന്നാണ് ഫലിതമർമ്മജ്ഞനായ ശ്രീ. പുത്തേഴൻെറ ഈ പുസ്തകം.

**രമണൻ (25-ാംപതിപ്പ്)** 1 8 0

ഇത്രയധികം പതിപ്പുകളും ഇത്രയധികം കോപ്പികളും പുറത്തിറങ്ങിയിട്ടുള്ള മറെറാരു പുസ്തകം മലയാളത്തിലില്ല. ഈ പതിപ്പോടുകൂടി രമണൻെറ 58,000 കോപ്പി പുറത്തിറങ്ങിക്കഴിഞ്ഞിരിക്കുന്നു.

**കാപ്പിരികളുടെ നാട്ടിൽ** 2 8 0

രണ്ടാംപതിപ്പും പുറത്തിറങ്ങി. ശ്രീ. എസ്സ്. കെ. പൊറ്റക്കാട്ടിൻ്റെ ആഫ്റിക്കൻ പര്യടനത്തിലെ ആശ്ചര്യകരമായ അനുഭവങ്ങൾ. ആകർഷകങ്ങളായ അനേകം സജീവചിത്രങ്ങൾ.

**കലയും സാമാന്യജനങ്ങളും** 1 4 0

ഒരു ചിന്തകനും നിരൂപകനുമായ കെ. സുരേന്ദ്രൻ എഴുതിയതു്. കല, ജനത, പുരോഗതി ഇവയെ അനുരഞ്ജിപ്പിച്ചുകൊണ്ടുള്ള ഒരുത്തമ നിരൂപണഗ്രന്ഥം.

**ജ്യോതിഷബാലബോധിനി**
**(ASTRONOMY FOR THE LAYMAN)** 3 0 0

പ്രാചീനാധുനിക ജ്യോതിഷസിദ്ധാന്തങ്ങളെ ലളിതഭാഷയിൽ വിശദമാക്കുന്നതും മദിരാശി സർവകലാശാലാസമ്മാനം ലഭിച്ചതുമായ ഒരു ഉത്തമഗ്രന്ഥം. (ഗ്രന്ഥകർത്താവ് ശ്രീ. പി. കെ. കോരു.)

മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.

# ഗ്രന്ഥശാലാവാർത്തകൾ

## 1. വാർഷികയോഗങ്ങൾ

### പബ്ലിക്ക ലൈബ്രറി & റീഡിംഗ്റൂം, നീറമ്പൂർ.

പ്രസ്തുത ഗ്രന്ഥശാലയുടെ വാർഷിക സമ്മേളനം ഏപ്രിൽ 26-ാം തീയതി ശ്രീ. എം. എൻ. ഗോവിന്ദൻനായർ ബി. ഏ. ബി. എൽ -ൻെറ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. എം. എൻ. എൻ. നമ്പൂതിരി സ്വാഗതപ്രസംഗം നടത്തി. മെ. വറുഗീസ് കളത്തിൽ എം. എ., കാരൂർ നീലകണ്ഠപ്പിള്ള എന്നിവർ വിജ്ഞാനപ്രദമായ പ്രസംഗം നടത്തി. കൂടുതൽ പുസ്തകം വായിച്ച കെ. ജി. ആർ. സി. നായർക്കും, എം. എൻ. എൻ. നമ്പൂതിരിയ്ക്കും ഓരോ സമ്മാനം നല്കി. പ്രമേയം, ഉപസംഹാരം, ഈ കെ. ശ്രീധരമേനോൻെറ കൃതജ്ഞത, ദേശീയഗാനാലാപം എന്നിവയ്ക്കു ശേഷം യോഗംപിരിഞ്ഞു. രാവിലെ 11 പേരടങ്ങിയ കമ്മററിയെ തിരഞ്ഞെടുത്തു.

### വാഴക്കുളം വായനശാല, ആലുവാ.

വാഴക്കുളം വായനശാലയുടെ നാലാമതു വാർഷികസമ്മേളനം ഏപ്രിൽ 26-ാനു- ഞായറാഴ്ച 4 മണിക്ക് വടക്കെ വാഴക്കുളം പ്രൈമറി സ്കൂളിൽവച്ചു് ശ്രീമതി ആനിജോസഫിൻെറ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. ചെറിയാൻ കട്ടക്കയം ബി. എ. സ്വാഗതപ്രസംഗം ചെയ്തു. മഹാകവി ജി. ശങ്കരക്കുറുപ്പ് ഉൽഘാടനപ്രസംഗം ചെയ്തു. ഉപക്രമം റിപ്പോർട്ട വായന എന്നിവയ്ക്കുശേഷം ശ്രീ. പി. വി. കൃഷ്ണൻനായർ എം. എ., അസിസ്റ്റൻറ കമ്യൂണിററിപ്രോജക്റ്റ് ഓഫീസർ ശ്രീ. കെ. ആർ. വാര്യർ എന്നിവർ പ്രസംഗിച്ചു. അദ്ധ്യക്ഷയുടെ ഉപസംഹാരപ്രസംഗാനന്തരം ശ്രീ. സീ. ഈ. സൈമൺ ബി. എ. കൃതജ്ഞതാപ്രസംഗം നടത്തി. രാത്രി 8 മണിക്കു ശേഷം വിദ്യാർത്ഥികൾ കൂട്ടുകൃഷിഎന്ന നാടകവും വായനശാലാ കലാസമിതി ലേഡീഡോക്ടർ എന്ന നാടകവും അഭിനയിച്ചു.

### രാജരാജേശ്വരി റീഡിംഗ്ക്ലബ്ബ്, വയലാ.

രാജരാജേശ്വരി റീഡിംഗ് ക്ലബ്ബിൻെറ 6-ാമതുവാർഷികസമ്മേളനം 26-4-53-ൽ വായനശാലാഹാളിൽവച്ചു് ഫാദർ ജോർജ്ജ് വട്ടക്കുളം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ മെസ്സേഴ്സ് എൻ.എസ്സ്. പരമേശ്വരൻനായർ ബി. ഏ., സി. ററി. തോമ്മസ് ബി. ഏ. ബി. ററി., കെ. എസ്സ്. നാരായണൻ ഇളയതു് എന്നിവർ പ്രസംഗിച്ചു.

### സുബാഷ് ലൈബ്രറി & റീഡിംഗ്റൂം, മുത്തോലി.

ഈ മാസം (ഏപ്രിൽ)26-ാംതീയതി ഞായറാഴ്ച പകൽ നാലു മണിക്ക് മേവട സുഭാഷ് ഗ്രന്ഥശാലയുടെ വാർഷികപൊതുയോഗം കൂടി, താഴെപ്പറയുന്ന പ്രവർത്തകസമിതിയെ തെരഞ്ഞെടുത്തിരിക്കുന്നു.

1. വി. എൻ. നമ്പൂതിരി (പ്രസിഡൻറ്)
2. N. S. കുമാരൻ (വൈസ്പ്രസിഡൻറ്)
3. ജി. സുകുമാരൻനായർ (സെക്രട്ടറി)
4. ജി. രാഘവൻനായർ (ജോയിൻറ് സെക്രട്ടറി)

### റീഡിംഗ് റൂം & ലൈബ്രറി, വക്കല.

മുൻകൂട്ടി പരസ്യപ്പെടുത്തിയിരുന്ന നോട്ടീസനുസരിച്ചു 1952-53-ലെ വാർഷികപൊതുയോഗം ഇന്നു കൃത്യം 4 മണിക്ക് വായനശാലാഹാളിൽവച്ചു് സ്ഥിരം പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽകൂടി. ഹാജർ ആകെ 24 പേർ.

പൊതുസമിതി

1. ശ്രീ. കെ. നാണുപിള്ള (പ്രസിഡൻറ്) 2. എൻ. ശിവരാമപിള്ള (സെക്രട്ടറി) 3. എൻ. ശിവദാസൻനായർ (ജാ. സെക്രട്ടറി) 4. വി. ഗോപാലൻ (ഖജാൻജി) 5. പി. വാസുദേവൻനായർ (ലൈബ്രേറിയൻ) 6. ആർ. ജെ. പിള്ള. 7. കെ. രാമകൃഷ്ണയ്യർ 8. ആർ. കേശവപിള്ള. 9. വി. ആർ. ശിവശങ്കരൻനായർ. 10. കെ.

ജനാർദ്ദനൻനായർ. 11. പി. ശ്രീധരൻനായർ. കൂടാതെ ശ്രീ. ആർ. അയ്യപ്പൻപിള്ളയെ ജാ: ലൈബ്രേറിയനായിട്ടു കൂടി തിരഞ്ഞെടുത്തു.

## വിജ്ഞാനദായിനി ഗ്രന്ഥശാല, കുളത്തൂർ.

പ്രസ്തുത ഗ്രന്ഥശാലയുടെ നാലാമതു വാർഷികം 29-4-53-ൽ വിവിധപരിപാടികളോടു കൂടി ആഘോഷിച്ചിരിക്കുന്നു. തൽസംബന്ധമായിക്കൂടിയ പൊതുയോഗത്തിൽ നെയ്യാററിൻകരതാലൂക്കു് ഗ്രന്ഥശാലായൂണിയൻ പ്രസിഡൻറു് ശ്രീ. കൈപ്പള്ളിൽ കൃഷ്ണപിള്ള, ബി. ഏ. ബി. എൽ. അദ്ധ്യക്ഷത വഹിച്ചു. ശ്രീ. പള്ളിച്ചൽ കെ. വേലായുധൻ ബി. ഏ. വിരുത്തിവിള സുകുമാരൻനായർ പി. വി. രാമയ്യർ എം. ഏ. എൽ. ററി. എന്നിവർ യോഗത്തിൽ പ്രസംഗിച്ചു. യോഗാനന്തരം കലാപ്രകടനങ്ങളുമുണ്ടായിരുന്നു.

## ഗ്രാമീണവായനശാല, നായത്തോട്ടു്, അങ്കമാലി.

നായത്തോട്ടു് ഗ്രാമീണവായനശാലയുടെ തൃതീയ വാർഷികസമ്മേളനം 1953 ഏപ്രിൽ 30-ാംനു- വ്യാഴാഴ്ച പകൽ 2 മണിക്കു് സ്ഥലം മിഡിൽസ്കൂൾ ഹാളിൽവച്ചു് ശ്രീമാൻ വൈലോപ്പിള്ളി ശ്രീധരമേനോൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. മഹാകവി ജി. ശങ്കരക്കുറുപ്പു് സദസ്സിനു സ്വാഗതമരുളി. മെ. കെ. ദാമോദരൻ, എം. ആർ. ഭട്ടതിരി എന്നിവർ പ്രസംഗിച്ചു. യോഗമദ്ധ്യേ വിവിധകലാപ്രകടങ്ങൾ ഉണ്ടായിരുന്നു. ശ്രീ. തച്ചിൻ ടി. കളപ്പുരയിൽ കൃതജ്ഞത പറഞ്ഞു. രാത്രി "നിലയ്ക്കാത്ത നിമിഷങ്ങൾ" എന്ന പ്രഹസനം അഭിനയിക്കുകയുണ്ടായി.

## വാകത്താനം യൂണിയൻ ലൈബ്രറി.

വാകത്താനം യൂണിയൻ ലൈബ്രറിയുടെ പ്രഥമവാർഷികസമ്മേളനം കോട്ടയം മുനിസിപ്പൽ ചെയർമാൻ ശ്രീ. കെ. എൽ. ശ്രീനിവാസയ്യരുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. പ്രസ്തുത യോഗത്തിൽ മെ. പി. വെങ്കിടാചലമയ്യർ ബി. ഏ. എൽ. ററി. പി. ഒ. ഏബ്രഹാം (മനോരമ) ലൈബ്രറി ഓർഗനൈസിംഗ് ഇൻസ്പെക്ടർ എൽ. കെ. പുരുഷോത്തമൻ എന്നിവർ പ്രസംഗിച്ചു.

## ദേശീയവായനശാല, കറുകുററി.

ഈ വായനശാലയുടെ വാർഷികയോഗം ശ്രീമാൻ. എ. ഓ. ജോൺ ബി. എസ്സ്സി. അവർകളുടെ അദ്ധ്യക്ഷതയിൽ 1953 മേയ് 3-ാംതീയതി ഞായറാഴ്ച പകൽ 11 മണിക്കുകൂടി; കഴിഞ്ഞയാണ്ടത്തെ വാർഷികറിപ്പോർട്ടു വായിച്ചു പാസ്സാക്കി. വായനശാലയുടെ ആഭിമുഖ്യത്തിൽ ഒരു കൈയെഴുത്തുമാസികനടത്താൻ ഐകകണ്ഠ്യേന നിശ്ചയിച്ചു അതിൻെറ പ്രവത്തനത്തിനായി ഒരു പ്രത്യേക കമ്മററിയെ തിരിഞ്ഞെടുത്തു. തുടന്നു ശ്രീമാന്മാർ. പി. സി. ഔസേഫ്. ഈ. സി. ചെറിയാൻ. പി. പി. പൈലി. എം. പി. കുഞ്ഞൻനായർ. പി. വി. ജോസഫ്, എം. ജെ. കുഞ്ഞുവറിയ്ക്കു. കെ. എസ്സ്. രാമൻകത്താ എന്നി വരടങ്ങിയ ഒരു കമ്മററിയെ തിരിഞ്ഞെടുത്തു.

തുടന്നുനടന്ന കമ്മററിയോഗത്തിൽവച്ചു ശ്രീമാൻ പി. വി. ജോസഫ് അവർകളെ പ്രസിഡൻറായും. പി. പി. പൈലിയെ സിക്രട്ടറിയായും എം. പി. കുഞ്ഞൻനായരെ ലൈബ്രേറിയനായും തിരിഞ്ഞെടുത്തു.

## ആസാദ്‌യൂത്ത് അസ്സോസിയേഷൻ ലൈബ്രറി & റീഡിംഗ്റൂം, കോഴഞ്ചേരി.

ടി. വായനശാലയുടെ വാർഷികപൊതുയോഗം 3-5-53-ൽ കൂടി. ശ്രീമാന്മാർ ററി. ഡാനിയേൽ-(പ്രസിഡൻറ്) ററി. കോശി (സെക്രട്ടറി) പി. ററി. ജോജ്ജ് (ഖജാൻജി) പി. ററി. തോമസ്സ്, കെ. മത്തായി, ററി. എസ്സ്. കോശി. എ. ററി. ശമുവേൽ എന്നിവരെ

പുതിയ വർഷത്തെ ഭരണസമിതി അംഗങ്ങളായി തിരഞ്ഞെടുത്തു.

### 704. ജവഹർ വായനശാല, നീലേശ്വരം.

പ്രസ്തുത വായനശാലയുടെ നാലാമതു വാർഷികയോഗം മെയ് 3-ാംതീയതി 3 മണിക്ക് ശേഷം ശ്രീ. നാരായണയ്യർ ബി. ഏ. എൽ. ററി. അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലം പ്രൈമറിസ്കൂളിൽവച്ച് കൂടി. യോഗത്തിൽ മെ. ജി. കാക്കനാടൻ, ശങ്കരൻ (വിദ്വാൻ) എന്നിവർ പ്രസംഗിച്ചു. അനന്തരം ശ്രീ. വി. നാരായണപിള്ള പ്രസിഡൻറായും ശ്രീ. കെ. മാത്യു സെക്രട്ടറിയായും പതിനൊന്നു പേരടങ്ങിയ ഒരു ഭരണസമിതിയെ തിരഞ്ഞെടുത്തു.

### കൊച്ചി സക്കാർ ഗ്രാമീണവായനശാല, പനങ്ങാട്ടുകര.

ഗ്രാമീണവായനശാലയുടെ വാർഷികോത്സവം ജസ്റ്റീസ് പി. കെ. സുബ്രഹ്മണ്യയ്യരുടെ മഹനീയ അദ്ധ്യക്ഷതയിൽ മെയ് 3-ാംനു- കൊണ്ടാടി കെ. കെ. നമ്പീശൻ വിജ്ഞാനപരമായ ഒരു പ്രസംഗം ചെയ്തു. രാത്രി 10 മണിക്ക് ഹോട്ടൽകാരി നാടകം അഭിനയിച്ചു. ജസ്റ്റീസ് ഒരു തുക വായനശാലക്ക് സംഭാവന ചെയ്തു.

### സഹോദരസമാജം ഗ്രന്ഥശാല, വെൺപകൽ.

വെൺപകൽ സഹോദരസമാജം ഗ്രന്ഥശാലയുടെ ദ്വിതീയ വാർഷികം 10-5-53-ൽ കൊണ്ടാടിയിരിക്കുന്നു. വാർഷികോത്സവത്തോടനുബന്ധിച്ച് നടത്തിയ പൊതുസമ്മേളനത്തിൽ ശ്രീ. എൻ. ഗോപാലപിള്ള എം. ഏ. അദ്ധ്യക്ഷത വഹിച്ചു. മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, പി. എൻ. പണിക്കർ, കരുങ്കുളം വാസുദേവൻ ബി. എസ്സ്.സി., ബി. എൽ. എന്നിവർ ഓരോ പ്രസംഗം ചെയ്തു. നെയ്യാററിൻകര താലൂക്ക് ഗ്രന്ഥശാലാ യൂണിയൻ പ്രസിഡൻറ് ശ്രീ. കൈപ്പള്ളിൽ കൃഷ്ണപിള്ള ബി. ഏ., ബി. എൽ, ആണ് പ്രസ്തുത ഗ്രന്ഥശാലയുടെയും അദ്ധ്യക്ഷൻ. ശ്രീ. കൈപ്പള്ളിലിൻെറ സ്വാഗതപ്രസംഗവും ശ്രീ. എൻ. ശേഖരൻനായരുടെ കൃതജ്ഞതാപ്രകടനവുമായിരുന്നു യോഗത്തിലെ പ്രാധാന്യമർഹിക്കുന്ന ഇതരചടങ്ങുകൾ. പ്രസ്തുത ഗ്രന്ഥശാലയിലെ ഒരംഗവും ഇന്നാട്ടുകാരനുമായ വഞ്ചിയൂർ കണ്ണോറി വീട്ടിൽ ശ്രീ. ആർ. വേലായുധൻ പിള്ള അവർകൾ ആയിരത്തിഒന്നു രൂപയുടെ പുസ്തകങ്ങൾ സംഭാവന ചെയ്യാമെന്ന് പ്രസ്തുത സമ്മേളനത്തിൽ വാഗ്ദാനം ചെയ്തു. ഈ മാന്യ

---

(4-ാം പേജിൻെറ തുടർച്ച)

വദിച്ചു മെമ്മോ കിട്ടിയിട്ടുള്ളതും 53 മാർച്ച് 21-ാംതീയതി ഞങ്ങൾ ബില്ലിൻെറ രണ്ടു കോപ്പി എഴുതി ഒപ്പിട്ടു അയച്ചിട്ടുള്ളതുമാകുന്നു. എന്നാൽ നാളിതുവരെ ബില്ലു കിട്ടിയിട്ടില്ല എന്നുള്ളതു് വാസ്തവമാണ്. മേൽപ്രകാരം റിപ്പോർട്ടുതിരുത്തി അടുത്തലക്കത്തിൽ ചേർക്കണമെന്നു അപേക്ഷിക്കുന്നു. സെക്രട്ടറി

30-4-53.

### എഡിററർ, ദീപിക, കോട്ടയം


സർ,

1953 ഏപ്രിൽ 18-ാംതീയതിയിലെ 'ദീപിക'യിൽ തിരുവല്ലാ വാർത്തയിൽ തിരുമൂലപുരം മഹാത്മാഗാന്ധി സ്മാരകവായനശാലയെ പ്പററി പ്രസിദ്ധപ്പെടുത്തിയ കുറിപ്പ് തികച്ചും തെററായ പ്രസ്താവനയാണെന്നു കാണിച്ച് ടി ലൈബ്രറിക്കാർ വിവരം അറിയിച്ചിട്ടും അതു് ഇതേവരെ തിരുത്താതിരുന്നതിൽ ഞങ്ങൾ ഖേദിക്കുന്നു.

ദയവുചെയ്തു് ആ വാർത്തയുടെ യഥാർത്ഥസംഭവം ദീപികയിൽ പ്രസിദ്ധപ്പെടുത്തി പൊതുജനങ്ങളുടെ തെററിദ്ധാരണ നീക്കുമെന്നു വിശ്വസിക്കുന്നു.

വിധേയൻ,

ജനറൽസെക്രട്ടറി



ശ്രീ. ആർ. വേലായുധൻപിള്ള

ദേഹംതന്നെ ഇതിനകം പ്രാമാണികങ്ങളായ നൂററിഅൻപതോളം പുസ്തകങ്ങൾ പ്രസ്തുതഗ്രന്ഥശാലയ്ക്കു് സംഭാവന ചെയ്തിട്ടുള്ള ആളാണെന്ന കാര്യവും പ്രത്യേകം പ്രസ്താവ്യമാണു്.

## കലാപോഷിണിഗ്രന്ഥശാല, മടവൂർ.

ഈഗ്രന്ഥശാലയുടെ പ്രഥമവാർഷികം മേയ് 10–ാംനം- മടവൂർ ഗവ: പ്രൈമറി സ്കൂളിൽവച്ചു കൊണ്ടാടി. സമ്മേളനത്തിൽ തിരു–കൊച്ചീ നിയമസഭാ സ്പീക്കർ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ആദ്ധ്യക്ഷ്യം വഹിച്ചു. ശ്രീ. വി. ഗോപാലപിള്ള ബി. എ. എൽ. ററി. ശ്രീ. വി. കുഞ്ഞുശങ്കരപ്പിള്ള എം. എ. എന്നിവർ പ്രസംഗിച്ചു. രാത്രി 8 മണി മുതൽ 9 വരെ പള്ളിക്കൽ ജി. സാവിത്രി അമ്മയുടെ പാട്ടുകച്ചേരിയും ശ്രീ. പൊൻകുന്നം വർക്കിയുടെ പൂജ എന്ന ഗദ്യനാടകവും നടത്തപ്പെട്ടു.

## S. D. V. S. ലൈബ്രറി & റീഡിംഗ് റൂം തലവടി.

തലവടി സനാതനധർമ്മവിദ്യാസംഘം വായനശാലയുടെ 25–ാമതു് വാർഷികയോഗം മേയ് 12–ാംതീയതി ചൊവ്വാഴ്ച പകൽ രണ്ടു മണിക്ക് ബ്രഹ്മശ്രീ. പി. എൻ. നമ്പൂതിരി ബി. എ. ബി. കോം. അവർകളുടെ അദ്ധ്യക്ഷതയിൽ വിവിധ പരിപാടികളോടുകൂടി സംഘാംഗങ്ങൾ കൊണ്ടാടിയിരിക്കുന്നു. ധനശേഖരണാർത്ഥം രാത്രി ശ്രീ. എൻ. പി. യുടെ 'ശശികല' എന്ന ഗദ്യനാടകം തന്മയത്വമായി അഭിനയിക്കുകയുണ്ടായി.

## റിപ്പബ്ളിക്കൻ മെമ്മോറിയൽ ഗ്രന്ഥശാലാ, മാന്തൂർ.

പ്രസ്തുത ഗ്രന്ഥശാലയുടെ പ്രഥമവാർഷികം 14–5–53–ൽ സ്ഥലം എൽ. എം. എസ്സ്. പ്രൈമറിസ്കൂളിൽവെച്ചു് സാഘോഷം കൊണ്ടാടിയിരിക്കുന്നു. അന്നു രാവിലെ കായികമത്സരങ്ങൾനടന്നു. വൈകുന്നേരംകൂടിയ പൊതുസമ്മേളനത്തിൽ നെയ്യാററിൻകര താലൂക്ക് ഗ്രന്ഥശാലാ യൂണിയൻ പ്രസിഡൻറു് ശ്രീ. കൈപ്പള്ളിൽകൃഷ്ണപിള്ള ബി. എ. ബി. എൽ. അദ്ധ്യക്ഷത വഹിച്ചു. ഗ്രന്ഥശാലാ ഓർഗനൈസിംഗ് ഇൻസ്പെക്ടർ ശ്രീ. ജോൺറോസ് ബി. എസ്‌സി. കോവാപ്പറേററീവ് സൂപ്പർവൈസർ ശ്രീ. വി. ഗോപിനാഥൻനായർ എന്നിവർ ഓരോ പ്രസംഗംചെയ്തു. ഗ്രന്ഥശാലാമന്ദിരത്തിലേയ്ക്കായി ശ്രീ. യാക്കോബു് അവർകൾ 2 സെൻറുസ്ഥലം തീറു നല്കിയിട്ടുള്ള വിവരം ഹർഷാരവങ്ങളോടുകൂടിയാണു് സദസ്സു് സ്വീകരിച്ചതു്. അദ്ദേഹംതന്നെ കെട്ടിടംപണിയ്ക്കായി 50 രൂപയും സംഭാവന ചെയ്യുകയുണ്ടായി. സമ്മാനദാനം സംഗീതം ഇവയ്ക്കുശേഷം യോഗംസമംഗളം പര്യവസാനിച്ചു.

## ആനന്ദോദയം വായനശാല, മനക്കലാദിച്ചമംഗലം നേമം.

ടി വായനശാലയുടെ 2–ാമതു വാർഷികയോഗം ഈ മാസം 17–ാനം- ഞായറാഴ്ചവൈകുന്നേരം സ്ഥലം എം. പി. സ്കൂളിൽവെച്ചു് ശ്രീമാൻ ഇ. മാധവൻപിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീമാൻ ജോൺറോസ് അവർകൾ വായനശാലയുടെ പ്രവ

ത്തനം, ഉപയോഗം, ഇവകരം വിവരിച്ചു് ഒരു ഗംഭീരപ്രസംഗം നടത്തി. ശ്രീമാൻ കെ. എസ്സ്. കുമാർ (ഹിന്ദി സാഹിത്യരത്നം) വായനശാല കൊണ്ടു നാട്ടിനു് ഉണ്ടാകുന്ന നന്മയെകുറിച്ചു് ഒരു ചെറുപ്രസംഗം നടത്തി. അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗത്തിനുശേഷം ശ്രീമതി കനകമ്മയുടെ ദേശീയഗാനത്തോടുകൂടി സമംഗളം യോഗം പിരിഞ്ഞു.

### ശ്രീ നാരായണ ക്ലബ്ബ് & ലൈബ്രറി, കൊട്ടുവഴങ്ങ

വായനശാലയുടെ 4-ാമതു വാർഷിക പൊതുയോഗം 21-5-'53-ൽ സ്ഥിരം പ്രസിഡന്റ് ശ്രീ. കെ. യു. കണ്ണന്റെ അദ്ധ്യക്ഷതയിൽ വായനശാലാഹാളിൽകൂടി. ശ്രീ. കെ. നാരായണശാസ്ത്രിയുടെ സ്വാഗതത്തിനും, അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിനും ശേഷം റിപ്പോർട്ടും കണക്കും ഐകകണ്ഠ്യേന പാസാക്കി.

അടുത്തതായി ശ്രീ. ഏ. നാരായണൻ പ്രസിഡന്റ്, ശ്രീ. പി. ആർ. ശ്രീധരൻ സെക്രട്ടറി, ഖജാൻജി ശ്രീ. പി. ഏ. രവീന്ദ്രൻ, കമ്മററി അംഗങ്ങളായി ശ്രീമാന്മാർ ററി. ആർ. രാമചന്ദ്രൻ വി. കെ. പങ്കജാക്ഷൻപിള്ള കെ. വി. സുബ്രഹ്മണ്യൻ ഓ. കെ. ഭാസ്കരൻ എന്നിവർ ഉൾപ്പെട്ട ഒരു പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു.

### വിദ്യാവിനോദിനി ലൈബ്രറി & റീഡിംഗ്റൂം, എരുമത്തല, ആലുവ.

എരുമത്തല വിദ്യവിനോദിനി ഗ്രന്ഥശാലയുടെ മൂന്നാമതു വാർഷികം മേയ് 24-ാംതീയതി സാഘോഷം കൊണ്ടാടുകയുണ്ടായി.

പ്രൊഫസർ പി. എസു്. വേലായുധൻ എം. ഏ. യുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ശ്രീ. കെ. എ. മുഹമ്മദു് എം. ഏ. എൽ. എൽ. ബി. ശ്രീ. പി. കെ. ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

## 2. തെരഞ്ഞെടുപ്പു യോഗങ്ങൾ

### മഹാത്മാഗാന്ധി മെമ്മോറിയൽ ലൈബ്രറി, തലയൽ ബാലരാമപുരം

ഞങ്ങളുടെ ഗ്രന്ഥശാലയ്ക്കു് ഒരു പുതിയ ഭരണസമിതിയെ 26-4-53-ൽ തെരഞ്ഞെടുത്ത വിവരം അറിയിച്ചുകൊള്ളുന്നു.

ശ്രീമാൻ എൻ. നാഗപ്പൻനായർ ബി. ഏ. (എഫ്. എൽ. വിദ്യാർത്ഥി) പ്രസിഡന്റ്. ശ്രീമാൻ പി. ശങ്കരൻനായർ വൈസ്പ്രസിഡന്റ്, ശ്രീമാൻ ആർ. കൃഷ്ണൻനായർ ജനറൽ സെക്രട്ടറി. ശ്രീമാൻ കെ. ജി. സുകുമാരൻ നായർ ജായിൻറ്സെക്രട്ടറി.

### ആശാൻ സ്മാരകവായനശാല, പുല്ലൂററ്

ടി വായനശാലയുടെ ഒരു പൊതുയോഗം 29-4-53-നു് ശ്രീ. കെ. ഏ. മുഹമ്മദ് അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്നു. താഴെ പറയുന്നവരെ പുതിയ നിർവാഹക സമിതി അംഗങ്ങളായി തെരഞ്ഞെടുത്തിരിക്കുന്നു.

1. കെ. ഏ. മുഹമ്മദ് പ്രസിഡന്റ്. 2. എം. വി. രാഘവൻ സെക്രട്ടറി, 3. കെ. കെ. കരുണാകരൻ, 4. വി. പി. കുമാരൻ, 5. വി. പി. ശങ്കരൻ, 6. ഇ. വി. രാമകൃഷ്ണൻ, 7. കെ. എൽ. ധർമ്മൻ.

### പെരുവന്താനം ദേശീയവായനശാല

ടി വായനശാലയുടെ ഒരു പൊതുയോഗം 29-4-53-ൽ പ്രസിഡന്റ് ശ്രീ. വി. കെ. സുലൈമാൻ ബി. ഏ. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. മി. ററി. എം. മഹമ്മദുകുട്ടി റാവുത്തർ പ്രസിഡന്റായും, മി. പി. എസ്. എസ്. കനിറാവുത്തർ വൈസ്പ്രസിഡന്റായും, മി. എം. ഈ. സഖറിയാ സെക്രട്ടറിയായും, മി. എം. ജെ. ജോസഫ് ജോയിൻറ്സെക്രട്ടറിയായും, മി. പി. വി. ദേവസ്യാ ഖജാൻജിയായും, മെ. കൃഷ്ണൻ നായർ, പി. നാരായണൻനായർ, കെ. കെ. വൈദ്യൻ, ററി. എം. മുഹമ്മദുഷരീഫ്, ഏ.

എൻ. കുമാരൻആചാരി, പി. എം. കാസിം എന്നിവർ കമ്മററിഅംഗങ്ങളായും ഉള്ള പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു.

## വി & എം. ലൈബ്രറി & റീഡിംഗ് റൂം, പുല്ലാങ്ങാടി, ചമ്പക്കുളം

3-5-53-ൽ ടി വായനശാലയുടെ വിശേഷാൽ പൊതുയോഗംകൂടി ചില ഭേദഗതികളോടുകൂടി ബഡ്ജററ് പാസാക്കുകയും ചെയ്തു. അടുത്തതായി 24-4-53-ലെ വാർഷികയോഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട 9 ഭരണസമിതി അംഗങ്ങളിൽനിന്ന് ഉദ്യോഗസ്ഥമെമ്പറന്മാരായി കെ. പി. നാണുപിള്ള (പ്രസിഡൻറ്) ഡി. കരുണാകരൻപിള്ള (സെക്രട്ടറി ലൈബ്രേറിയൻ), സി. കെ. കുഞ്ഞൻ (ഖജാൻജി) എന്നിവരെ തിരഞ്ഞെടുത്തു. അനന്തരം യോഗസാധാരണമായ ഇതരചടങ്ങുകൾക്കുശേഷം രാത്രി 7 മണിക്ക് യോഗം മംഗളമായി പര്യവസാനിച്ചു.

## ജനതാ ലൈബ്രറി & റീഡിംഗ് റൂം ആയംകര

ഈ വായനശാലയുടെ ഒരു യോഗം മേയ് നാലാം തീയതി വൈസ്പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ കൂടി. ഡാ. പി. കെ. മാത്യു പ്രസിഡൻറായും, കെ. ജെ. മാത്യു ഐയ്പ് എം. എന്നിവർ സിക്രട്ടറിമാരായും വക്കി എൻ. ഏ; കാഷ്യറായും, അബ്രഹാം എം. സി; ഓർഗനൈസറായും 7 പേരുൾപ്പെട്ട ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തു.

## ദേശാഭിമാനി ലൈബ്രറി, കൊല്ലാട്

ടി ലൈബ്രറിയുടെ ഒരു വിശേഷാൽസമ്മേളനം ലൈബ്രറി ഓർഗനൈസിംഗ് ഇൻസ്പെക്ടർ ശ്രീ. എൻ. കെ. പുരുഷോത്തമൻെറ അദ്ധ്യക്ഷതയിൽ മേയ് 3-ാംതീയതി നടത്തുകയും ശ്രീ. കെ. സി. മാധവൻ പ്രസിഡൻറായും എം. തോമസ് സെക്രട്ടറിയായും പതിനൊന്നു പേരുൾപ്പെട്ട ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തു.

## കോഴഞ്ചേരി, എം. ജി. എം ലൈബ്രറി

പ്രസ്തുത വായനശാലയുടെ ഒരു പൊതുയോഗം 1953 മെയ്മാസം 7-ാംതീയതി പകൽ 4 മണിയോടുകൂടി കെ. ഏ. മാത്യു ബി. ഏ. യുടെ അദ്ധ്യക്ഷതയിൽ കൂടി ശ്രീ. കെ. തോമസ്സ് പ്രസിഡൻറായും, ശ്രീ. കെ. എം. തോമസ്സ് സെക്രട്ടറിയായും, ശ്രീ. ററി. കെ. രാമചന്ദ്രപ്പിള്ള ലൈബ്രേറിയനായും, ശ്രീ. ററി. എം. വറഗീസ് ഖജാൻജിയായും ഇങ്ങനെ 9 പേരടങ്ങിയ ഒരു കമ്മററിയെ തെരഞ്ഞെടുത്തു. അതിനുശേഷം വായനശാലയുടെ പുരോഗമന മാറ്റങ്ങളെപ്പററി ആലോചിച്ചശേഷം സമ്മേളനം ആറുമണിയോടുകൂടി പര്യവസാനിച്ചു.

## പൊന്മന, ഗ്രാമീണ ഗ്രന്ഥശാല, കലശേഖരം

ഈ ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം മേയ് 8-ാംതീയതി എൻ. കേശവൻതമ്പിയുടെ അദ്ധ്യക്ഷതയിൽ കൂടി. ആർ. വേലായുധൻപിള്ള പ്രസിഡൻറായും, കെ. താണുവൻതമ്പി സെക്രട്ടറിയായും, സി. കൃഷ്ണൻനായർ ജായിൻറു സെക്രട്ടറിയായും ഒൻപതുപേരു് ഉൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

## "ദേശസേവിനി" ഗ്രന്ഥശാല & വായനശാല, മണക്കാട്—തൊടുപുഴ

ഈ വായനശാലയുടെ തന്നാണ്ടത്തെ ബഡ്ജററ് സമ്മേളം 1953 മെയ് 1-ാംനു- ഈ വായനശാലയിൽവച്ചു കൂടുകയുണ്ടായി. 500 രൂപയോളം മിച്ചംവരുന്ന ഒരു ബഡ്ജററ് പാസ്സാക്കുകയുണ്ടായി. ശ്രീ. വികെ. നാരായണൻനായർ പ്രസിഡൻറും, എൻ. ജനാർദ്ദനൻനായർ സെക്രട്ടറിയുമായി ഏഴുപേരടങ്ങിയ ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തു.

## പൂണിത്തുറ വിവേകാനന്ദ വായനശാല

ടി വായനശാലയുടെ ഒരു ജനറൽബോഡിയോഗം 1953 മേയ് 10-ാംനു- ഞായറാഴ്ച

ഉച്ചയ്ക്ക് രണ്ടരമണിക്ക് മി. കെ. സോമസുന്ദരൻ ബി. എസ്. സി. യുടെ അദ്ധ്യക്ഷതയിൽ കൂടി അടുത്ത കൊല്ലത്തെ ഭാരവാഹികളായി മെ. പി. ആർ. മേനോൻ ബി. ഏ. ബി. കോം, ഏ. കെ. മേനോൻ, വി. മാധവൻകുട്ടി, കെ. പി. എ. മേനോൻ എന്നിവരെ യഥാക്രമം പ്രസിഡൻറ, വൈസ്. പ്രസിഡൻറ, സെക്രട്ടറി, ലൈബ്രേറിയൻ എന്നീ സ്ഥാനങ്ങളിലേക്കു തിരഞ്ഞെടുത്തിരിക്കുന്നു.

കൂടാതെ ഏഴുപേരടങ്ങുന്ന ഒരു കമ്മററിയേയും തിരഞ്ഞെടുത്തിട്ടുണ്ട്.

### ഗ്രാമദീപം വായനശാല, ചിറക്കടവ്.

ഈ വായനശാലാ അംഗങ്ങളുടെ ഒരു പൊതുയോഗം 53 മെയ് 24-ാംനു- വൈസ് പ്രസിഡൻറ് ശ്രീ. പി. എസ്. ഗോപാലൻ നായരുടെ അദ്ധ്യക്ഷതയിൽകൂടി അടുത്തവർഷത്തേയ്ക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തിരിക്കുന്നു.

## 3. മന്ദിരം ശിലസ്ഥാപനം-ഉദ്ഘാടനം.

### ഗ്രാമദീപംവായനശാല: ചിറക്കടവ്

ഗ്രാമദീപംവായനശാലയ്ക്ക് പുതിയതായി പണികഴിപ്പിച്ച കെട്ടിടത്തിൻെറ ഉൽഘാടനം 1953 ഏപ്രിൽ 26-ാം തീയതി ഞായറാഴ്ച പകൽ 2 മണിക്ക് ശ്രീ. വയലാർ രാമവമ്മ നിവ്വഹിച്ചു. തദനന്തരം സ്ഥലം വെള്ളാളസമാജം സ്കൂൾഹാളിൽവച്ച്, ഉൽഘാടന സമ്മേളനവും ദ്വിതീയ വാഷികവും ഏകോപിച്ചു നടത്തപ്പെട്ടു. കെ. പി. പ്രഭാകരൻ B. Sc സദസ്സിന് സ്വാഗതം പറഞ്ഞു. വായനശാലാ സെക്രട്ടറി വി. എൻ. മാധവൻപിള്ള വാഷികറിപ്പോട്ടും കണക്കും അവതരിപ്പിച്ചു. തുടന്ന് വെട്ടൂർ രാമൻനായർ, വി. വി. വക്കി എം. എൽ. ഏ. സി. പി. ശ്രീധരൻ പിള്ള ബി. ഏ. എന്നിവർ പ്രസംഗിച്ചു. എൻ. ബാലകൃഷ്ണൻനായർ കൃതജ്ഞതപറഞ്ഞു.

### പി. വൈ. എം. ഏ. വായനശാല ചേനപ്പാടി

ചേനപ്പാടി 1215ാം നംബർ പി വൈഎം എ. വായനശാലക്കു കെട്ടിടം പണിയുന്ന ആവശ്യത്തിലേക്കായി ശ്രീ. മററത്തിൽ എം. കെ. രാമൻനായർ അവർകൾ സംഭാവനയായി തന്ന സ്ഥലത്തു പണിയാരംഭിക്കുവാൻ പോകുന്ന കെട്ടിടത്തിൻെറ ശിലാസ്ഥാപനകമ്മം 4-5-1953 തിങ്കളാഴ്ച രാവിലെ പത്തുമണിക്ക് ശ്രീ. കെ. വി മാത്യു കൊല്ലങ്കുളം അവർകൾ (കാഞ്ഞിരപ്പള്ളി വില്ലേജുപഞ്ചായത്തു പ്രസിഡൻറ്) നിർവഹിച്ചു. തുടന്നു നടന്ന യോഗത്തിൽ മെ: സി. ജെ. ആൻറണി B. A. B. L. P M ഹസ്സൻറാവുത്തർ B. Sc, കെ. നാരായണൻനായർ എന്നിവർ പ്രസംഗിച്ചു.

### കോട്ടുവള്ളി പീപ്പിംസ് ലൈബ്രറി & റീഡിംഗ് റൂം

കോട്ടുവള്ളി പീപ്പിംസു ലൈബ്രറി & റീഡിംഗ്റൂമിനുവേണ്ടി ഉദ്ദേശം 2500 രൂപയോളം ചിലവുചെയ്തു പണികഴിപ്പിച്ച പുതിയ മന്ദിരത്തിൻെറ ഉൽഘാടനം 1953 മേയ് മാസം 12-ാംനു- സമംഗളം നടന്നു.

ഡ: ഈ. കെ. മാധവൻെറ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. പ്രാർത്ഥനയ്ക്കുശേഷം ലൈബ്രേറിസെക്രട്ടറി ശാസ്ത്രി എ. എൻ. സോമസുന്ദരൻപിള്ള (രാഷ്ട്രഭാഷാവിശാരദ്) സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ പുതിയ കെട്ടിടത്തിൻെറ ഉൽഘാടനം നിർവഹിച്ചുകൊണ്ടു ഒരു പ്രസംഗം ചെയ്തു. പിന്നീട് ശ്രീമാൻ എ. എ. ഹൈദ്രോസ് ബി. എ. ശ്രീമതി പി. തങ്കമ്മ ബി. എ. ബി. ടി എന്നിവർ പ്രസംഗിച്ചു. പിന്നീടു നടന്നതു് ശ്രീ എം. പി. മന്മഥൻ എം. എ യുടെ സമുജ്ജ്വലമായ പ്രസംഗമായിരുന്നു. അദ്ധ്യക്ഷൻെറ ഉപസംഹാരപ്രസംഗത്തിനുശേഷം ലൈബ്രേറിപ്രസിഡൻറ് എം. എൻ. കുമാരപിള്ള കൃതജ്ഞത പ്രകടിപ്പിച്ചു. യോഗം വൈകിട്ട് 7 മണിക്ക് സംഗളം പര്യവസാനിച്ചു.

രാത്രി ചങ്ങനാശ്ശേരി തങ്കം സിസ്റ്റേഴ്സിൻെറ കഥാപ്രസംഗവും ഉണ്ടായിരുന്നു.

**മഹാത്മാഗ്രന്ഥശാല, മെതുകമ്മൽ**

ഈ ഗ്രന്ഥശാലയ്ക്കു് ഒരു കെട്ടിടം പണി ചെയ്യുന്നതിലേക്കായി, കുളപ്പുറത്തു് പുത്തൻ വീട്ടിൽ ശ്രീ. എം. കൃഷ്ണപിള്ള മതൽപേർ, അഞ്ചു സെൻറുസ്ഥലം സദയം സംഭാവന ചെയ്തിരിക്കുന്നു.

പ്രസ്തുത സ്ഥലത്തു്, 18-5 53 തിങ്കളാഴ്ച പുതിയ കെട്ടിടത്തിനം ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കപ്പെട്ടു.

**ജയദായിനി ഗ്രന്ഥശാല: കോട്ടൂർകോണം**

കോർട്ടുക്കോണം സൺഡേസ്കൂൾമെമ്മോറിയൽ ജയദായിനീഗ്രന്ഥശാലയുടെ പുതിയ മന്ദിരോൽഘാടനം സംബന്ധിച്ചു 27-5-53 ബുധനാഴ്ച വൈകുന്നേരം 6-30-നു് കോട്ടക്കോണം L. M. S,. M. P. S.,-ൽ വച്ചുകൂടിയ പൊതുയോഗറിപ്പോർട്ടു്:—

സ്വാഗതപ്രസംഗം: B. ഗാബ്രിയേൽ (B. A. Student) ഉപക്രമപ്രസംഗം: ശ്രീ. P. N. പണിക്കർ (ജനറൽസെക്രട്ടറി).

അനന്തരം ശ്രീ. കൈപ്പള്ളിൽ കൃഷ്ണപിള്ള (താ-യൂ:പ്ര:) ഗ്രന്ഥശാലകൾകൊണ്ടു് നമ്മുടെ മാനസികാടിമത്വം എങ്ങനെ ദൂരീകരിക്കാമെന്നും, സാംസ്കാരികമായും, വിദ്യാഭ്യാസപരമായുമുള്ള വളച്ചയ്ക്കു് ഗ്രന്ഥശാലകൾ എത്രമാത്രം സഹായിക്കുമെന്നും സോദാഹരണം വ്യക്തമാക്കി.

ഒടുവിലായി ശ്രീ. പി. ജോൺറോസ്. ഒരു ചെറു പ്രസംഗം ചെയ്തു.

---

## അംഗഗ്രന്ഥശാലകൾ—(തുടച്ച്)

1427—ഗ്രാമോദ്ധാരണ ഗ്രന്ഥശാല, വടക്കുംതല പന്മന.
1428—ആനന്ദോദയം വായനശാല, മൺകുലാദിച്ചമംഗലം, നേമം.
1429—S D N N. മെമ്മോറിയൽ Y. F. A. ലൈബ്രറി, ചെറുതന, കരുവാററ.
1430—യങ്ങ്മെൻസ് ലൈബ്രറി & സ്പോർട്സ്ക്ലബ്ബ്, കൊററംകുളങ്ങര, ആലപ്പുഴ
1431—ഗ്രാമീണ വായനശാല, ചൊവ്വന്നൂർ (തലപ്പിള്ളി).
1432—ഗ്രാമീണ വായനശാല, മുണ്ടത്തിക്കോട്ടു് (തലപ്പിള്ളി).
1433—ഗ്രാമീണവായനശാല, പഴഞ്ഞി
1434—പേഴുംമൂട്ടു് യുവജനസമാജം ലൈബ്രറി & റീഡിംഗ്റൂം, പേഴുംമൂട്ടു്, കാട്ടാക്കട
1435—ദേശായി ലൈബ്രറി & റീഡിംഗ്റൂം, പെരുഞ്ചവിള ആളൂർ.
1436—സർവ്വോദയ പബ്ളിക്ക്ലൈബ്രറി & റീഡിംഗ്റൂം മണവാളക്കുറിച്ചി.
1437—കെഴവംകുളം പബ്ളിക്ക്ലൈബ്രറി, മുത്തോലി
1438—വില്ലേജ്ലൈബ്രറി & റീഡിംഗ്റൂം, പുതുരുത്തി.
1439—ഗ്രാമീണവായനശാല, ആനന്ദപുരം.
1440—ഗ്രാമീണവായനശാല, കാഞ്ഞിരക്കോട്ടു്.
1441—ഉദാരശിരോമണി പത്മനാഭറാവു മെമ്മോറിയൽലൈബ്രറി, നെടുങ്ങോലം.
1442—ഗ്രാമീണവായനശാല, പരിയാരം.
1443—നീണ്ടൂർ പബ്ളിക്ക്ലൈബ്രറി, നീണ്ടൂർ.

(തുടരും)

# ★ ഗ്രന്ഥശാലകൾക്ക് ★

## അവശ്യംവേണ്ട ഗ്രന്ഥങ്ങൾ

[E· M2-3234-ാം നമ്പരായി ഗ്രന്ഥശാലകൾക്ക് ഗവമ്മെൻറംഗീകാരം സിദ്ധിച്ചിട്ടുള്ള പുസ്തകങ്ങൾ]

| | രൂ. | ണ. | സ. |
|---|---|---|---|
| രാധാമണി I, II | 5 | 0 | 0 |
| കുഞ്ചൻനമ്പ്യാർ | 2 | 0 | 0 |
| അമൃതവല്ലി | 2 | 0 | 0 |
| അംബാദേവി | 2 | 0 | 0 |
| വിലാസലീല | 2 | 0 | 0 |
| നേതാജി | 1 | 4 | 0 |
| മഹാത്മാഗാന്ധി | 1 | 8 | 0 |
| സ്റ്റേററകാൺഗ്രസ്സ് വിജയം | 3 | 0 | 0 |
| പ്രാചീനകേരളം | 1 | 0 | 0 |
| രാധാറാണി | 1 | 0 | 0 |
| കണ്ണശ്ശന്മാരും എഴുത്തച്ഛനും | 1 | 8 | 0 |
| രാമാനുജൻ എഴുത്തച്ഛൻ | 1 | 8 | 0 |
| ആശാങ്കുരം | 1 | 8 | 0 |
| ഇൻഡ്യയിലെ വീരാത്മാക്കൾ | 2 | 0 | 0 |
| രാക്കിളികൾ | 1 | 0 | 0 |
| ഇരുട്ടടികൾ | 1 | 4 | 0 |
| രത്നസാമ്രാജ്യം | 0 | 10 | 0 |
| സുകേശിനി | 1 | 6 | 0 |
| ചന്ദ്രലേഖ | 1 | 2 | 0 |

| | രൂ. | ണ. | സ. |
|---|---|---|---|
| പുരാണകഥകൾ | 0 | 8 | 0 |
| ദൈവവിലാസം | 1 | 2 | 0 |
| രാജശേഖരൻ | 1 | 4 | 0 |
| സത്യകീത്തിചരിതം | 1 | 8 | 0 |
| സിദ്ധാർത്ഥൻ | 1 | 0 | 0 |
| സൌരഭൻ | 0 | 12 | 0 |
| ഔവ്വയാർ | 0 | 9 | 0 |
| കേരളഭാഷാസാഹിത്യചരിത്രം | | | |
| 1-ാംഭാഗം | 3 | 0 | 0 |
| do 2-ാംഭാഗം | 3 | 12 | 0 |
| ,, 3-ാംഭാഗം | 3 | 12 | 0 |
| ,, 4-ാംഭാഗം | 5 | 0 | 0 |
| ,, 5-ാംഭാഗം | 5 | 0 | 0 |
| ,, 6-ാംഭാഗം | 5 | 0 | 0 |
| ,, 7-ാംഭാഗം | 7 | 8 | 0 |
| ദൈവജ്ഞചൂഡാമണി എൻ. കെ. | | | |
| കൃഷ്ണപിള്ളയുടെ ജ്യോതിശ്ശാസ്ത്രാദർശം | | | |
| 1-ം 2-ം 3-ം ഭാഗം സെററ് 1 | 6 | 0 | 0 |

ശ്രീ. ആർ. നാരായണപ്പണിക്കരുടെ "കേരളഭാഷാസാഹിത്യ ചരിത്രം" ഒന്നുമുതൽ ഏഴുവരെയുള്ള ഭാഗം സെററൊന്നിന് 33 രൂപാ വിലവെച്ച് വിററുവരുന്നതിനെ കമ്മീഷൻ 3 രൂപാ കുറച്ച് 30 രൂപാ വിലയ്ക്ക് ഇവിടെ കിട്ടുന്നതാണ്. മുൻലക്കം ഗ്രന്ഥാലോകത്തിൽ പറഞ്ഞിരുന്ന സൗജന്യം ആ ഒരു മാസത്തേയ്ക്കു മാത്രമേ ഉണ്ടായിരുന്നുള്ളു.

കൂടാതെ എല്ലാവിധ മലയാളപുസ്തകങ്ങളും ഞങ്ങളുടെ ബുക്കഡിപ്പോയിൽ വില്പനയ്ക്കുണ്ട്.

ഉടനെ ആർഡർ അയയ്ക്കുക:-

**വി. ഗോവിന്ദപ്പിള്ള, വി. വി. ബുക്കഡിപ്പോ,**

ചാല, തിരുവനന്തപുരം.

L. No. 692 20-7-48, Reg. No. T. 189 M. 5854


THE GRANDHALOKAM

**Monthly Journal of**
**Trav-Cochin Library Association**

*Managing Editor:*
P. SREEDHARAN PILLAI B. A.



## പരസ്യനിരക്ക്

| | രൂ. |
|---|---|
| പുറം കവർ മുഴുവൻപേജ് ഒരുതവണക്ക് | 70 |
| രണ്ടാം കവർ പേജ് | 60 |
| മൂന്നാം കവർ പേജ് | 50 |
| വേറെ ഏതെങ്കിലും പേജ് | 40 |
| പകുതിപേജ് | 25 |
| കാൽപേജ് | 15 |
| കാൽപേജിൽ കുറവായാൽ | 10 |

മൂന്നുമാസമോ കൂടുതലോ കാലത്തേയ്ക്കുള്ള പരസ്യങ്ങൾക്കു കുറഞ്ഞ പ്രത്യേകനിരക്ക്. അതിന്റെ വിവരം എഴുതിച്ചോദിക്കുക.


## ലേഖനങ്ങൾ

കടലാസ്സിന്റെ ഒരു വശത്തുമാത്രം മഷി കൊണ്ടു് എഴുതിയതായിരിക്കണം. നിരൂപണത്തിനുള്ള പുസ്തകങ്ങൾ രണ്ടു പ്രതി വീതം അയച്ചിരിക്കണം. മാസികയ്ക്കുള്ള അപേക്ഷകൾ, മണിയാർഡറുകൾ, കത്തുകൾ, മാററപ്പത്രങ്ങൾ തുടങ്ങിയവ എല്ലാം ചുവടേ ചേർക്കുന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.


മാനേജിംഗ് എഡിററർ
ഗ്രന്ഥാലോകം
തിരുവനന്തപുരം 4.


Vol. 5, No. 5, Pp. 48, May 1953.

Printed and published by P. N. Panicker for the Travancore-Cochin Grandhasala Samgham at the Prakash Printing & Publishing House, Trivandrum.